# ഗിരിദീപം

ജൂൺ 2025



ജൂൺ 27 തിരുഹൃദയത്തിരുനാൾ


IN ILLO UNO UNUM
POPE LEO XIV
CARD. ROBERT FRANCIS PREVOST
വലിയ ഇടയന്ന്
പ്രാർത്ഥനാശംസകൾ
അതിരൂപതയായി ഉയർത്തപ്പെട്ട
മലബാറിലെ മാതൃരൂപതയായ
കോഴിക്കോട് അതിരൂപതയ്ക്കും
പ്രഥമ മെത്രാപ്പോലീത്ത
മാർ വർഗീസ് ചക്കാലക്കൽ
പിതാവിനും
പ്രാർത്ഥനാശംസകൾ

ജൂൺ 2025

വാല്യം 08
ലക്കം 06

# ഗിരിദീപം

## തലശ്ശേരി അതിരൂപതയുടെ മുഖപത്രം

Archbishops House, Holloway Road, Thalassery, Kerala, India - 670101
Ph: 0091-490 2341058; Email: curiaadtly@gmail.com; Web: www.archdioceseoftellicherry.org

# ഗിരിദീപം

തലശ്ശേരി അതിരൂപതയുടെ മുഖപത്രം


1. Prot. No. 295/2025, Circular No. 09/2025 ........ 05
2. Prot. No. 291/2025, Circular No. 08/2025 ........ 09
3. ഡിക്രി - വിളക്കന്നൂർ ദിവ്യകാരുണ്യ അടയാളം ........ 13
4. കച്ചേരിക്കാര്യം ........ 22
5. കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് ........ 33
6. ബൈബിൾ അപ്പൊസ്റ്റൊലേറ്റ് ........ 42
7. ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് ........ 44
   തിരുബാലസഖ്യം ........ 49
8. യൂത്ത് അപ്പൊസ്റ്റൊലേറ്റ് ........ 51
9. ഫാമിലി അപ്പൊസ്റ്റൊലേറ്റ് ........ 53
10. എജ്യൂക്കേഷണൽ അപ്പൊസ്റ്റൊലേറ്റ് ........ 61
    വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ് ........ 64
    നിർമ്മലഗിരി കോളേജ് ........ 65
    TRACE ........ 66
11. ലെയ്റ്റി അപ്പൊസ്റ്റൊലേറ്റ്
    എകെസിസി ........ 67
    കുടുംബക്കൂട്ടായ്മ ........ 71
    കരിസ്മാറ്റിക് ........ 73
    ADAM ........ 75
    കെ.സി.ബി.സി. മദ്യവിരുദ്ധസമിതി ........ 77
12. സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റൊലേറ്റ് ........ 79
    ബയോമൗണ്ടൻ ........ 85
    ഇൻഫാം ........ 88
13. ധ്യാനകേന്ദ്രങ്ങളിലൂടെ ........ 90
14. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (പാംപ്ലാനി പിതാവ്) ........ 91
15. Engagements - June (Archbishop Mar Joseph Pamplany) ........ 94
16. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (ഞറളക്കാട്ട് പിതാവ്) ........ 95
17. Engagements - June ((Archbishop Mar George Njaralakatt) ........ 97
18. വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന് (വലിയമറ്റം പിതാവ്) ........ 98

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 295 /2025, Circular No. 09/2025

## പുതിയ അധ്യയന വർഷം

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

വേനൽ അവധി കഴിഞ്ഞ് വിദ്യാലയങ്ങൾ ഉണരുന്ന പുതിയ അധ്യയന വർഷത്തിലേക്ക് നാം പ്രവേശിക്കുകയാണല്ലോ. കലാലയങ്ങൾക്കൊപ്പം വീടുകളും സജീവമാകുന്ന അവസരമാണിത്. കാലവർഷം ആരംഭിക്കുന്നതിന്റെ ആകുലതകൾക്കൊപ്പം കുട്ടികളുടെ വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ക്രമീകരിക്കുന്നതിന്റെ പ്രാരാബ്ധങ്ങളും മാതാപിതാക്കൾ അനുഭവിക്കുന്ന സമയവുമാണിത്. കാലഘട്ടത്തിന്റെ മാറ്റങ്ങളും വെല്ലുവിളികളും കുട്ടികളെ സ്വാധീനിക്കുന്നതിനെപ്പറ്റി നാം അവബോധമുള്ളവരാകണം. സമപ്രായക്കാരായ കൂട്ടുകാരിലൂടെ കുട്ടികളിലേക്ക് എത്താനിടയുള്ള പ്രതിസന്ധികളെക്കുറിച്ച് മാതാപിതാക്കൾ ശ്രദ്ധാലുക്കളാകേണ്ടതുണ്ട്. അറിവില്ലായ്മയാണ് എല്ലാ തിന്മകളുടെയും ഉറവിടമെന്ന് മഹാനായ സോക്രട്ടീസിന്റെ വാക്കുകൾ പ്രസക്തമായി നില്ക്കുമ്പോഴും കുട്ടികളിൽ അറിവ് ദൈവിക ജ്ഞാനമായി രൂപപ്പെടുമ്പോഴാണ് അവർ നല്ല പൗരന്മാരും വ്യക്തികളുമായി തീരുന്നതെന്ന സത്യം നമുക്ക് മറക്കാതിരിക്കാം. പുതിയ അധ്യയന വർഷത്തിന്റെ തുടക്കത്തിൽ ചില കാര്യങ്ങൾ നിങ്ങളെ ഓർമ്മിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

ഒന്നാമതായി വിദ്യാർത്ഥികളായ കുഞ്ഞുമക്കളോടാണ്. നിങ്ങളാണ് കുടുംബങ്ങളുടെയും സമൂഹത്തിന്റെയും പ്രതീക്ഷയും വെളിച്ചവും. കുട്ടികളുടെ ജീവിത വിജയമാണ് മാതാപിതാക്കളുടെ ജീവിത ലക്ഷ്യം. മാതാപിതാക്കൾ അദ്ധ്വാനിക്കു

ന്നതും കഷ്ടപ്പെടുന്നതുമെല്ലാം നിങ്ങൾക്കുവേണ്ടിയാണ്. ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നുവന്നു (ലൂക്കാ 2:52). അധ്യയനവർഷാരംഭത്തിൽ നിങ്ങളെ ഈ വചനം അനുസ്മരിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾ കുടുംബത്തിനും സമൂഹത്തിനും അഭിമാനമായി മാറുമ്പോഴാണ് മാതാപിതാക്കളുടെ സ്വപ്നം പൂവണിയുന്നത്. നമ്മുടെ രാജ്യത്ത് ഇതിനോടകം ദേശീയ വിദ്യാഭ്യാസ നയം നടപ്പിലാക്കിതുടങ്ങി. വിദ്യാർത്ഥികൾക്ക് അവരുടെ അഭിരുചിക്കിണങ്ങിയ പാഠ്യപദ്ധതിയിലൂടെ വിദ്യാഭ്യാസ രംഗത്ത് വിപ്ലവകരമായ മാറ്റങ്ങളാണ് പുതിയ വിദ്യാഭ്യാസ നയം ലക്ഷ്യം വയ്ക്കുന്നത്. കഴിവും അഭിരുചിയും മാത്രം ഉപരിപഠനത്തിന് മാനദണ്ഡമാക്കുന്നതിനാൽ കഠിനാദ്ധ്വാനത്തിന് തയ്യാറാകുന്ന കുട്ടികൾക്കു മാത്രമേ ഉപരിപഠനത്തിനുള്ള അവസരം ലഭിക്കുകയുള്ളൂ. അധ്യയന വർഷത്തിന്റെ ആരംഭത്തിൽതന്നെ അലസതയും ഉദാസീനതയും ഒഴിവാക്കി പഠനത്തിൽ നിങ്ങൾ ശ്രദ്ധ കേന്ദ്രീകരിക്കണം. കഠിനാദ്ധ്വാനം നിങ്ങൾ ശീലമാക്കിയാൽ സമൂഹത്തിൽ ശ്രേഷ്ഠമായ നിലകളിൽ എത്തിച്ചേരാൻ നിങ്ങൾക്കു കഴിയും. സർക്കാർ സംവിധാനങ്ങളിൽ ജോലി സ്വന്തമാക്കണമെന്ന ലക്ഷ്യത്തോടെ ചെറിയ ക്ലാസ്സുകൾ മുതൽ നിങ്ങൾ പഠിച്ചു തുടങ്ങണം. സ്കൂൾ പഠനകാലത്ത് ലക്ഷ്യബോധമില്ലാതെ ചീത്ത കൂട്ടുകെട്ടുകളിലും ലഹരി പദാർത്ഥങ്ങൾപോലുള്ള തിന്മകളിലും ചെന്നുപെട്ടാൽ പിന്നീട് പരിഹരിക്കാനാവാത്തവിധം നിങ്ങളുടെ ജീവിതം നാശത്തിലേക്കുപോകും എന്ന യാഥാർത്ഥ്യം നിങ്ങൾ ഓർമ്മിക്കണം. നമ്മുടെ അതിരൂപതയിലെ ബഹുഭൂരിപക്ഷം മാതാപിതാക്കളും കാർഷിക മേഖലയെ ആശ്രയിച്ച് ജീവിക്കുന്നവരാണ്. കാർഷിക മേഖലയിലെ പ്രതിസന്ധികളെക്കുറിച്ചു കുട്ടികളും ബോധവാന്മാരാകണം. കുട്ടികളിലൂടെ മാത്രമേ കുടുംബങ്ങൾ മെച്ചപ്പെട്ട സാഹചര്യങ്ങളിലേക്ക് വളരുകയുള്ളൂ. സ്കൂളിലെ പഠനത്തോടൊപ്പം സൺഡേസ്കൂളിലെ പഠനവും ഗൗരവത്തോടെ നിങ്ങൾ കാണണം. ഈശോയുമായി ഗാഢമായ ബന്ധമുള്ള കുട്ടികളായി നിങ്ങൾ വളർന്നുവരുമ്പോൾ തിന്മയുടെ കെണികളിൽ കുടുങ്ങുവാൻ നിങ്ങൾക്കിടയാകില്ല. ജീവിതവിജയം ലക്ഷ്യം വച്ചുകൊണ്ട് പുതിയ അധ്യയനവർഷം ആരംഭിക്കാൻ നിങ്ങൾക്കിടയാകട്ടെ.

രണ്ടാമതായി, പ്രിയപ്പെട്ട മാതാപിതാക്കളെ ദൈവം നിങ്ങൾക്കു നല്കിയ സമ്മാനങ്ങളാണ് നിങ്ങളുടെ കുഞ്ഞുങ്ങൾ. മക്കളുടെ

വിദ്യാഭ്യാസകാര്യങ്ങളിൽ നിങ്ങൾ പുലർത്തുന്ന ശ്രദ്ധയ്ക്കും കരുതലിനും ഞാൻ നിങ്ങളെ അഭിനന്ദിക്കുന്നു. പരമ്പരാഗതമായ *പേരന്റിംഗ്* ശൈലികൾക്ക് മാറ്റം വന്നിരിക്കുന്നത് നിങ്ങൾ ശ്രദ്ധിക്കുമല്ലോ. കാർക്കശ്യത്തിന്റെയും ഭയപ്പെടുത്തലിന്റെയും ശൈലികൾക്ക് ഈ കാലഘട്ടത്തിൽ വലിയ ഫലം കാണുന്നില്ലെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. കുട്ടികളുടെ ഏറ്റവും നല്ല സുഹൃത്തുക്കളായി മാതാപിതാക്കൾ മാറണം. തങ്ങളുടെ ജീവിതത്തെ സംബന്ധിക്കുന്ന ഏതു കാര്യവും ഭയമില്ലാതെ തുറന്നു പറയുവാൻ കുഞ്ഞുങ്ങൾക്ക് പറ്റുംവിധത്തിൽ അവരുമായി ചെറിയ പ്രായം മുതൽ ബന്ധം വളർത്തിയെടുക്കുവാൻ മാതാപിതാക്കൾ ബോധപൂർവ്വം പരിശ്രമിക്കണം. ലഹരിയും പ്രണയചതിയുമൊക്കെ സ്വാധീനിക്കുവാൽ ഇടയുള്ള സ്കൂൾ പരിസരങ്ങളാണ് ഇന്ന് നമുക്കുള്ളത്. മാതാപിതാക്കളുടെ സ്നേഹവും കരുതലും മറ്റേതൊരു ലഹരിയെക്കാളും കുട്ടികളെ ആകർഷിക്കണം. കൃത്യമായി സ്കൂൾ പി.ടി.എ. മീറ്റിംഗുകളിൽ പങ്കെടുക്കുകയും അദ്ധ്യാപകരുമായി നിരന്തരം ബന്ധത്തിലായിരിക്കുകയും ചെയ്യണം. നിങ്ങളുടെ മക്കളുടെ കൂട്ടുകാർ ആരൊക്കെയാണെന്ന് നിങ്ങൾ മനസ്സിലാക്കണം. നിങ്ങൾ കൊടുക്കാത്ത ഒരു മാതൃക കുട്ടികളെ ഭയപ്പെടുത്തി ചെയ്യിക്കാനാവില്ല. പരസ്പര ധാരണയും സന്തോഷത്തിന്റെ അന്തരീക്ഷവുമുള്ള കുടുംബ പശ്ചാത്തലം കുട്ടികൾക്ക് മാതാപിതാക്കൾ ഒരുക്കി കൊടുക്കണം. വീടുകളിൽ ഒരു സമയനിഷ്ഠ ഉണ്ടാകുവാൻ മാതാപിതാക്കൾ മുൻകൈ എടുക്കണം. ഒരുമിച്ചുള്ള പ്രാർത്ഥനയും ഭക്ഷണവും പഠിക്കുവാൻ കുട്ടികൾക്കു നിശ്ചിതമായ സമയവും മൊബൈൽ ഫോണിന്റെ ഉപയോഗത്തിന് കൃത്യമായ സമയനിഷ്ഠയുമൊക്കെ മാതാപിതാക്കൾ മുൻകൈ എടുത്ത് നടപ്പിലാക്കണം. പ്രതിദിനം മൂന്നു മണിക്കൂറെങ്കിലും പഠനത്തിനായി കുട്ടികൾ മാറ്റിവയ്ക്കുന്നതാണ് ഏറ്റവും അഭിലഷണീയമെന്നാണ് വിദ്യാഭ്യാസ വിചക്ഷകർ വിലയിരുത്തുന്നത്. മാതാപിതാക്കൾ കുട്ടികളുടെ ഒപ്പം ജാഗ്രതയോടെ സഞ്ചരിക്കേണ്ട സമയമാണ് അവരുടെ വിദ്യാഭ്യാസ കാലമെന്ന് സ്നേഹത്തോടെ ഓർമ്മിപ്പിക്കുന്നു.

മൂന്നാമതായി, പ്രിയപ്പെട്ട അധ്യാപകരെ, അദ്ധ്യാപനം ദൈവികമായ ശുശ്രൂഷയാണ്. കുട്ടികളുടെ സ്വഭാവ രൂപീകരണത്തിൽ മാതാപിതാക്കൾക്കൊപ്പം നില്ക്കുന്ന സ്ഥാനമാണ് നിങ്ങൾക്കുള്ളത്. ഈ കാലഘട്ടത്തിന്റെ സങ്കീർണ്ണതകൾ കുട്ടികളുടെ ജീവിതത്തെ പ്രതിസ

ന്ധിയിലാക്കുമ്പോൾ വെളിച്ചത്തിന്റെ വഴിയിലൂടെ അവരെ നയിക്കുന്ന ദൈവദൂതന്മാരാണ് നിങ്ങൾ. സ്വന്തം കുഞ്ഞുങ്ങളെ വളർത്തുന്നതു പോലുള്ള ജാഗ്രത നിങ്ങളുടെ വിദ്യാർത്ഥികളുടെ സ്വഭാവരൂപീകരണത്തിൽ കാണിക്കണം. ദൈവഭയമാണ് എല്ലാ വിജ്ഞാനത്തിന്റെയും ആരംഭമെന്ന തിരുവചനം ഓരോ ദിവസവും വിദ്യാർത്ഥികളുടെ മുമ്പിലെത്തുമ്പോൾ  നിങ്ങളുടെ മനസ്സിലുണ്ടാവണം. നിങ്ങളുടെ ജീവിത മാതൃക കുട്ടികളെ പ്രചോദിപ്പിക്കട്ടെ. ശക്തമായ ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിത്തറ നിങ്ങളുടെ അദ്ധ്യാപനത്തിന് കരുത്തുപകരും. കുട്ടികൾക്കുവേണ്ടി തീക്ഷ്ണതയോടെ ശുശ്രൂഷ ചെയ്യുന്ന അനേകം അദ്ധ്യാപകരാൽ സമ്പന്നമാണ് നമ്മുടെ സ്കൂളുകൾ. കഴിഞ്ഞ അധ്യയന വർഷവും തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്കു കീഴിലുള്ള സ്കൂളുകൾക്ക് മികച്ച വിജയശതമാനമാണുണ്ടായിരുന്നത്. പഠനത്തിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും മുൻപന്തിയിലാണ് നമ്മുടെ സ്കൂളുകൾ. നമ്മുടെ സ്കൂളുകളിലേക്ക് കുട്ടികളെ പറഞ്ഞയയ്ക്കുന്നതിൽ നിങ്ങൾ പ്രത്യേകം ശ്രദ്ധ കാണിക്കുമല്ലോ. കുട്ടികളുടെ എണ്ണത്തിലുള്ള കുറവ് നമ്മുടെ സ്കൂളുകളുടെ പ്രവർത്തനത്തെ ബാധിക്കുന്നുണ്ടെന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്.

ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കപ്പെട്ട മാസമാണ്. പുതിയ അധ്യയന വർഷത്തിൽ വിദ്യാർത്ഥികളായ കുഞ്ഞുങ്ങളെയും മാതാപിതാക്കളെയും അദ്ധ്യാപകരെയും ഈശോയുടെ തിരുഹൃദയത്തിനു സമർപ്പിക്കുന്നു. ഈ അധ്യയന വർഷം മുഴുവൻ ദൈവാനുഗ്രഹങ്ങൾ നേർന്നുകൊണ്ട് പിതാവിന്റെയും ✝ പുത്രന്റെയും ✝ പരിശുദ്ധാത്മാവിന്റെയും ✝ നാമത്തിൽ നിങ്ങളെ ഞാൻ ആശീർവ്വദിക്കുന്നു.

സ്നേഹപൂർവ്വം നിങ്ങളുടെ പിതാവ്,

**✝ മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 മെയ് 29 ന് നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണതിരുനാൾ ദിനം അതിരൂപതാ കാര്യാലയത്തിൽ നിന്നും നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 ജൂൺ 01-ാം തീയതി ഞായറാഴ്ച എല്ലാ ഇടവകപ്പള്ളികളിലും വി. കുർബാന നടക്കുന്ന മറ്റ് സ്ഥലങ്ങളിലും വായിക്കേണ്ടതാണ്.

# സർക്കുലർ

**മാർ ജോസഫ് പാംപ്ലാനി**

Prot. No. 291 /2025, Circular No.08/2025

## വിളക്കന്നൂരിലെ ദിവ്യകാരുണ്യ അടയാളത്തിന് വത്തിക്കാന്റെ അംഗീകാരം

ഈശോയിൽ പ്രിയമുള്ള സഹോദരീസഹോദരന്മാരേ,

തലശ്ശേരി അതിരൂപതയിലെ വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിൽ 2013 നവംബർ 13 ന് വികാരിയായിരുന്ന ബഹു. ഫാ. തോമസ് പതിക്കൽ അച്ചൻ പ്രഭാതത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ തിരുവോസ്തിയിൽ ഈശോയുടെ തിരുമുഖം തെളിഞ്ഞുവന്ന അസാധാരണമായ സംഭവമുണ്ടായി. വി. കുർബ്ബാനയിൽ റൂഹാക്ഷണ പ്രാർത്ഥനയുടെ സമയത്ത് തിരുവോസ്തിയുടെ നടുവിൽ ഒരു അടയാളം പ്രത്യക്ഷപ്പെടുകയും വളരെ പെട്ടെന്നുതന്നെ അതിൽ ഈശോയുടെ തിരുമുഖത്തിന്റെ ഛായ തെളിയുകയും ചെയ്തു. വി. കുർബ്ബാനക്കുശേഷം ഈ തിരുവോസ്തി വികാരിയച്ചൻ ദിവ്യബലിയിൽ പങ്കെടുത്ത ദൈവജനത്തെ കാണിക്കുകയും തിരുവോസ്തി ആരാധയ്ക്കായി അരുളിക്കയിൽ വയ്ക്കുകയും ചെയ്തു. ആയിരക്കണക്കിനാളുകൾ ദൈവാലയത്തിലേക്ക് തിരുവോസ്തി ദർശിക്കാനായി എത്തിയിരുന്നു.

അതിരൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ നിർദ്ദേശപ്രകാരം 2013 നവംബർ 17 ന് തിരുവോസ്തി തലശ്ശേരി ആർച്ചുബിഷപ്പ്സ് ഹൗസിലേക്ക് കൊണ്ടുവരികയും രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു. ഈ പ്രതിഭാസത്തെക്കുറിച്ച് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായിരുന്ന കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനെ അറിയിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ

ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് അരുമച്ചാടത്ത് എന്നീ പിതാക്കന്മാർ അടങ്ങിയ സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷനെ ഈ പ്രതിഭാസത്തെക്കുറിച്ച് പഠിക്കുവാൻ മേജർ ആർച്ചുബിഷപ്പ് ചുമതല പ്പെടുത്തി. മോൺ. മാത്യു വെള്ളാനിക്കൽ, റവ. ഡോ. ജോസ് പാലക്കീൽ എം.എസ്.ടി., റവ. ഡോ. സിബി പുളിക്കൽ, റവ. ഡോ. ജോസഫ് പാംപ്ലാ നി, റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജോർജ് കുടിലിൽ എന്നീ വിദഗ്ദ്ധർ അടങ്ങിയ ഒരു സമിതിയെ ഈ പ്രതിഭാസം ആഴ ത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഡോക്ട്രിനൽ കമ്മീഷൻ ചുമതലപ്പെടുത്തി. വിദഗ്ദ്ധ സമിതി ഈ സംഭവത്തെക്കുറിച്ച് പഠി ക്കുകയും 2013 ഡിസംബർ 21 ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. തിരുവോസ്തി രഹസ്യമായി ആർച്ചുബിഷപ്പ്സ് ഹൗസിലെ ചാപ്പലിൽ സൂക്ഷിച്ചുപോന്നു.

2018 ൽ റോമിലെ വിശ്വാസ തിരുസംഘത്തിന്റെ നിർദ്ദേശമനുസ രിച്ച് കൂടുതൽ പഠനത്തിനായി തിരുവോസ്തി ഇന്ത്യയിലെ വത്തി ക്കാൻ സ്ഥാനപതി വഴി റോമിലേക്ക് കൊണ്ടുപോയി. 2023 ആഗസ്റ്റ് 8 ന് റോമിലെ വിശ്വാസ തിരുസംഘത്തിന്റെ അധ്യക്ഷനായ കർദ്ദി നാൾ ലൂയിസ് ഫ്രാൻസിസ്ക്കോ ലെസാരിയ്ക്ക് ഈ അത്ഭുതപ്രതി ഭാസത്തെക്കുറിച്ചുള്ള പഠനത്തിന്റെ വിവരങ്ങൾ അറിയാൻ ഞാൻ കത്തെഴുതിയിരുന്നു. 2023 സെപ്റ്റംബർ 21 ന് ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി വഴി വിശ്വാസ തിരുസംഘത്തിന്റെ മറുപടി ലഭിച്ചു. തിരു വോസ്തിയിൽ സംഭവിച്ച അത്ഭുതകരമായ പ്രതിഭാസത്തെക്കുറിച്ച് കൂടുതൽ പഠനം നടത്തുവാനുള്ള നിർദ്ദേശം റോമിൽ നിന്നുള്ള മറു പടിയിൽ ഉണ്ടായിരുന്നു. 2024 ജനുവരി 15 ന് കൂടുതൽ പഠനത്തി നായി തിരുവോസ്തി ഡൽഹിയിലെ വത്തിക്കാൻ സ്ഥാനപതിയിൽ നിന്നും ഏറ്റുവാങ്ങുകയും തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ എത്തി ക്കുകയും ചെയ്തു. റോം നിർദ്ദേശിച്ച കൂടുതൽ ശാസ്ത്രീയ പഠന ങ്ങൾക്കുള്ള സൗകര്യങ്ങൾ ഇന്ത്യയിൽ ഉണ്ടെന്നുള്ളതിനാലായിരുന്നു തിരുവോസ്തി തിരികെ നല്കിയത്.

ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിലെ അത്യാധുനിക ലാബിൽ ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെ റോം നിർദ്ദേശിച്ച മൂന്ന് പരീക്ഷണ പഠനങ്ങൾ നടത്തി. വിശ്വാസതിരുസംഘത്തിന്റെ നിർദ്ദേ ശമനുസരിച്ച് ശാസ്ത്രീയ പരീക്ഷണങ്ങളും പഠനങ്ങളും നടത്തുവാൻ ശാസ്ത്രജ്ഞൻമാരും ദൈവശാസ്ത്രജ്ഞൻമാരും അടങ്ങിയ ഒരു സമതിയെ നിയോഗിച്ചു. 2024 ജനുവരി 23 നാണ് തിരുവോസ്തി കൂടു തൽ പഠനത്തിനായി ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ എത്തിച്ചത്. തിരുവോസ്തിയിലെ ഛായചിത്രത്തിൽ പുറമെ നിന്നുള്ള

ഏതെങ്കിലും പദാർത്ഥത്തിന്റെ സ്വാധീനം ഉണ്ടോ എന്നത് മനസ്സിലാക്കുവാൻ കഴിയുന്ന പരീക്ഷണങ്ങളാണ് റോം നിർദ്ദേശിച്ചിരുന്നത്. അതീവരഹസ്യസ്വഭാവത്തോടെ നടത്തിയ പഠനത്തിന്റെ പൂർണ്ണമായ റിപ്പോർട്ട് ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതിവഴി 2024 ഏപ്രിൽ 02 ന് റോമിന് സമർപ്പിച്ചു.

വിളക്കന്നൂരിലെ ദിവ്യകാരുണ്യപ്രതിഭാസം ഒരു അസാധാരണ സംഭവമായി പ്രഖ്യാപിക്കുന്നതിന് തടസ്സമില്ലെന്ന റോമിലെ വിശ്വാസ തിരുസംഘത്തിന്റെ അറിയിപ്പ് 2025 മാർച്ച് 19 ന് ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി വഴി ലഭിച്ചു. ദൈവജനത്തെ ഈ അത്ഭുതപ്രതിഭാസത്തെക്കുറിച്ച് അറിയിക്കുവാനുള്ള ഡിക്രി മലയാളത്തിൽ പരിഭാഷപ്പെടുത്തി വിശ്വാസതിരുസംഘത്തിനും സീറോമലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പിനും ഭാരത കത്തോലിക്കാ സഭയുടെ മെത്രാൻ സമിതിയുടെ പ്രസിഡന്റിനും നല്കുവാനും നിർദ്ദേശിച്ചു. ഡിക്രി പരിഭാഷപ്പെടുത്തി റോമിൽ എത്തിച്ചതിനെത്തുടർന്ന് ഈ അത്ഭുതപ്രതിഭാസത്തെക്കുറിച്ച് ദൈവജനത്തെ അറിയിക്കുവാനുള്ള അനുമതി റോം നല്കി. റോമിൽനിന്ന് ലഭിച്ച ഡിക്രിയിൽ രണ്ട് പ്രധാനകാര്യങ്ങളാണ് അറിയിച്ചിരുന്നത്. ഒന്നാമതായി ഈ പ്രതിഭാസം പരിശുദ്ധ കത്തോലിക്കാ സഭയ്ക്ക് വിശുദ്ധ കുർബ്ബാനയിലുള്ള സത്യവിശ്വാസത്തെ പരിപോഷിപ്പിക്കുന്നതാകയാൽ അതിനെ ദിവ്യകാരുണ്യ അടയാളമായി കരുതുന്നതിൽ തടസ്സങ്ങൾ യാതൊന്നുമില്ല. രണ്ടാമതായി പരിശുദ്ധ കുർബ്ബാനയ്ക്ക് നല്കുന്ന അതേ ആദരവും ബഹുമാനവും ഈ തിരുവോസ്തിക്ക് നല്കുവാനും ആരാധിക്കുവാനും ശ്ലൈഹിക സിംഹാസനം അനുവദിക്കുന്നു. പരിശുദ്ധ കുർബാനയിലെ ഈശോയുടെ യഥാർത്ഥ സാന്നിധ്യത്തിലുള്ള കത്തോലിക്കാ വിശ്വാസം അതിസ്വഭാവികമെന്നു കരുതപ്പെടുന്ന ഏതെങ്കിലും പ്രതിഭാസങ്ങളെ ആധാരമാക്കിയുള്ളതല്ലെന്നും മറിച്ച് തന്റെ ശരീരരക്തങ്ങളാകുന്ന പരിശുദ്ധ കുർബാനയുടെ സ്ഥാപനത്തിലൂടെ തന്റെ രണ്ടാമത്തെ ആഗമനംവരെ സകല യുഗങ്ങളിലും അവിടുന്നു കുരിശിലെ ബലി നിത്യമായി തുടരുന്നുവെന്നും, പീഢാനുഭവരാത്രിയിൽ "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (cf. 1 കോറി 11: 24-25) എന്ന കർത്താവിന്റെ കല്പനയിലൂടെ അവിടുത്തെ പ്രിയ വധുവായ തിരുസ്സഭയെ തന്റെ മരണോത്ഥാനങ്ങളുടെ അനുസ്മരണം ഭരമേല്പിച്ചുവെന്നും, ഈശോമിശിഹായുടെ തിരുവചനത്താലും പരിശുദ്ധാത്മാവിന്റെ ആവാസത്താലും അപ്പവും വീഞ്ഞും മിശിഹായുടെ തിരുശരീരവും തിരുരക്തവുമായി മാറുന്നു എന്നും പൂർണ്ണമായും നാം അറിയുന്നു. സത്യദൈവത്തിനു മാത്രം

അർഹമായ ആരാധന (latria) ഈ പരിശുദ്ധ കുർബ്ബാനയ്ക്ക് അർപ്പിക്കുന്നതിന് വിശ്വാസികൾക്ക് സ്വാതന്ത്ര്യമുള്ളപ്പോഴും ഈ സംഭവത്തിന്റെ പ്രകൃത്യാതീതമായ സ്വഭാവത്തിന്റെ പ്രഖ്യാപനമായോ ഈ വിഷയത്തിലെ നിയതമായ വിധിതീർപ്പായോ ഇതിനെ അർത്ഥമാക്കുന്നില്ല.

2025 മെയ് 31 ന് ഉച്ചകഴിഞ്ഞ് 2.30 ന് വിളക്കന്നൂർ ക്രിസ്തുരാജാ ദൈവാലയത്തിൽ വച്ച് നടത്തുന്ന ആഘോഷമായ സമൂഹബലിമധ്യേ ഇന്ത്യയിലെ വത്തിക്കാൻ സ്ഥാനപതി ആർച്ചുബിഷപ്പ് ലെയോ പോൾഡോ ജിറെല്ലി പിതാവാണ് വിശ്വാസ തിരുസംഘത്തിന്റെ ഡിക്രി വായിച്ച് ഔദ്യോഗികമായ പ്രഖ്യാപനം നടത്തുന്നത്. നമ്മുടെ അതിരൂപതക്ക് ദൈവം നല്കിയ സമ്മാനമാണ് വി. കുർബ്ബാനയുടെ ഈ അടയാളം. വി. കുർബ്ബാനയിൽ നിന്ന് ശക്തി സംഭരിച്ച് പ്രതിസന്ധികളെ അതിജീവിച്ച കുടിയേറ്റ കർഷകരുടെ പിൻതലമുറക്കാരായ നമുക്ക് ദിവ്യകാരുണ്യ ഈശോയിലുള്ള വിശ്വാസവും ഭക്തിയും ആഴപ്പെടാൻ ഈ അത്ഭുതകരമായ ദൈവിക ഇടപെടൽ ഇടയാക്കുമെന്നതിൽ സംശയമില്ല. നിങ്ങളെ എല്ലാവരെയും ക്ഷണിക്കാൻ ആഗ്രഹമുണ്ടെങ്കിലും വിളക്കന്നൂർ ദൈവാലയത്തിലെ സ്ഥലപരിമിതികൾ പരിഗണിച്ച് സമീപ പ്രദേശത്തുള്ള ചെമ്പന്തൊട്ടി, ആലക്കോട്, വായാട്ടുപറമ്പ്, ചെമ്പേരി, തളിപ്പറമ്പ് ഫൊറോനകളിലെ സാധിക്കുന്നിടത്തോളം ദൈവജനം മെയ് 31 ന് വിളക്കന്നൂർ ദൈവാലയത്തിൽ എത്തിച്ചേരുമല്ലോ. ഔദ്യോഗികമായ പ്രഖ്യാപനം നടക്കുന്നതോടുകൂടി വിളക്കന്നൂർ ക്രിസ്തുരാജാ ദൈവാലയം തലശ്ശേരി അതിരൂപതയിലെ ദിവ്യകാരുണ്യ തീർത്ഥാടനാലയമായി മാറുകയാണ്. തുടർന്നുള്ള ദിനങ്ങളിൽ തലശ്ശേരി അതിരൂപതയിലെ എല്ലാ ദൈവാലയങ്ങളിൽ നിന്നും, വിളക്കന്നൂരിലേക്ക് തീർത്ഥാടനങ്ങൾ നടത്തുവാൻ ബഹു. വികാരിയച്ചൻമാർ ദൈവജനത്തെ ഒരുക്കുമല്ലോ. അവർണ്ണനീയമായ ഈ ദാനത്തിന് ഈശോയ്ക്ക് നമുക്ക് നന്ദി പറയാം. ദിവ്യകാരുണ്യ ഈശോ നിങ്ങളേവരേയും അനുഗ്രഹിക്കട്ടെ എന്നാശംസിച്ചുകൊണ്ട്,

നിങ്ങളുടെ പിതാവ്,

**† മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

*2025 മെയ് 14 ന് വി. മത്തിയാസ് ശ്ലീഹായുടെ തിരുനാൾ ദിനത്തിൽ അതിരൂപതാ കാര്യാലയത്തിൽ നിന്നും നൽകപ്പെട്ടത്.*

---

*NB:* ഈ സർക്കുലർ 2025 മെയ് 18-ാം തീയതി ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും ദിവ്യബലിമധ്യേ വായിച്ചതാണ്.

DICASTERO
PER LA DOTTRINA
DELLA FEDE

*00120 Città del Vaticano*
Palazzo del S. Uffizio

25 February 2025

PROT. N. 635/2018 – 103826

Your Excellency,

This Dicastery was first informed by H.E. Mar George Njaralakatt, the then Archbishop of Tellicherry, on September 28, 2018, of an alleged Eucharistic miracle that took place in the Church of Christ the King in Vilakkannur, in the Archdiocese of Tellicherry (India). During the celebration of the Mass on November 13, 2013, Fr. Thomas Pathickal, pastor of Christ the King Church, noticed at the time of the Consecration of the Eucharistic Species an image resembling the face of Christ that appeared on the Host.

Thereafter, this Dicastery, in collaboration with the various Ordinaries who have led the Archdiocese over the years and other relevant authorities, made provisions so that due procedures would be adopted in this case.

Moreover, the diocese made provision for the appointment of a commission composed of competent experts in scientific and theological matters.

With the letter dated April 22, 2024 (Prot. No. 147/2025), you then sent through the Nunciature in India the conclusions of the commission. On one hand, the scientific opinion asserted that, 'the image may have formed due to processes within the host material itself'; on the other hand (theologically), it was affirmed that nothing contrary to the Catholic Faith had been detected in the event and it was maintained that a positive approach to the event would strengthen the faith of God's people in the Eucharist. You yourself confirmed these orientations, noting that 'extraordinary phenomena like one that happened in Vilakkannur can be fruitful in deepening faith in the real presence of our Lord in the Eucharist, as they challenge a person to admit something incomprehensible and unexplainable with human reason alone, something that scientifically cannot be demonstrated. It helps us to go beyond the visible and perceptible to the mystery of the Blessed Sacrament'.

./.

His Excellency
The Most Rev. **Mar Joseph PAMPLANY**
*Archbishop of Tellicherry*
Archbishop's House
P.B. No. 70
Tellicherry-670101
Kerala, India

This Dicastery approached you again for further clarification on this matter, which was received through the Nunciature, by means of a document, dated September 25, 2024 (Prot. No. 541/2024). The said documentation affirmed, among other things, that 'the observed image formation on the sacred Host is not attributable to any external manipulation or interference'.

In this regard, I hereby inform you that this Dicastery, after a careful and prudent evaluation of the case, has decided to grant the *Nihil obstat* in accordance with the new *Norms for proceeding in the discernment of alleged supernatural phenomena* (cf. Art. 18, 1° e Art. 22 § 1).

As the above-mentioned norms clearly indicate, the Dicastery's *Nihil obstat* does not entail an opinion on the supernatural character of this phenomenon but only encourages "to appreciate the pastoral value of this spiritual proposal, and [...] to promote its spread, including possibly through pilgrimages" (*Norms*, n. 17). However, the event itself, as manifested, deeply challenges the Eucharistic faith of believers, for the fact that the Eucharistic Species have remained intact over time and still are.

Therefore, this Dicastery now turns to you and proposes a draft of a Decree on this case (cf. enclosure). If you consider appropriate any changes, you are free to suggest them. In any case, the final text of the Decree and its translation in Malayalam must be sent to the Dicastery prior to its publication.

Grateful for your cooperation and disposed to any eventual clarification, I remain

Sincerely yours in Christ,

Armando Matteo

**Msgr. Armando MATTEO**
*Secretary for the Doctrinal Section*

Prot. No. 133/2025

ഇന്ത്യാ രാജ്യത്തിലെ കേരള സംസ്ഥാനത്ത് വിളക്കന്നൂർ ദേശത്ത് സംഭവിച്ചതായി കരുതപ്പെടുന്ന ദിവ്യകാരുണ്യ അത്ഭുതത്തോടനുബന്ധിച്ചു രൂപപ്പെട്ട ഭക്തിയെക്കുറിച്ച്

സീറോമലബാർ സഭയിലെ തലശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്താ

# ജോസഫ് പാംപ്ലാനി

## നൽകുന്ന കൽപന

റോമിലെ വിശ്വാസ തിരുസംഘം 2024, മെയ് 17 ന് പ്രസിദ്ധീകരിച്ച അതിസ്വാഭാവികമെന്നു കരുതപ്പെടുന്ന പ്രതിഭാസങ്ങളെ വിവേചിക്കുന്ന പ്രക്രിയക്കുള്ള മാനദണ്ഡങ്ങളുടെ (Norms for Proceeding in the Discerment of Alleged Supernatural Phenomena) വെളിച്ചത്തിൽ;

പരിശുദ്ധ കുർബ്ബാനയിലെ ഈശോയുടെ യഥാർത്ഥ സാന്നിധ്യത്തിലുള്ള കത്തോലിക്കാ വിശ്വാസം അതിസ്വാഭാവികമെന്നു കരുതപ്പെടുന്ന ഏതെങ്കിലും പ്രതിഭാസങ്ങളെ ആധാരമാക്കിയുള്ളതല്ലെന്നും മറിച്ച് തന്റെ ശരീരരക്തങ്ങളാകുന്ന പരിശുദ്ധ കുർബ്ബാനയുടെ സ്ഥാപനത്തിലൂടെ തന്റെ രണ്ടാമത്തെ ആഗമനംവരെ സകല യുഗങ്ങളിലും അവിടുന്ന് കുരിശിലെ ബലി നിത്യമായി തുടരുന്നുവെന്നും, പീഡാനുഭവ രാത്രിയിൽ ''ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ'' (cf.1 കോറി 11:24 - 25) എന്ന കർത്താവിന്റെ കല്പനയിലൂടെ അവിടുത്തെ പ്രിയ വധുവായ തിരുസ്സഭയെ തന്റെ മരണോത്ഥാനങ്ങളുടെ അനുസ്മരണം ഭരമേല്പിച്ചുവെന്നും, ഈശോമിശിഹായുടെ തിരുവചനത്താലും പരിശുദ്ധാത്മാവിന്റെ ആവാസത്താലും അപ്പവും വീഞ്ഞും മിശിഹായുടെ തിരുശ്ശരീരവും തിരുരക്തവുമായി മാറുന്നു എന്നും പൂർണ്ണമായും നാം അറിയുന്നു.

മാനുഷിക ബുദ്ധിയുടെ ഗ്രഹണശേഷിയെ അതിലംഘിക്കുന്ന പ്രതിഭാസങ്ങളുണ്ടെങ്കിലും പരിശുദ്ധ കുർബ്ബാനയുടെ ആഘോഷമായ പരികർമ്മത്തിലൂടെ നിത്യവും കൂദാശ ചെയ്യപ്പെട്ട അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ ഈശോ സജീവമായും യഥാർത്ഥമായും സന്നിഹിതമാണെന്ന സത്യത്തെ കൂടുതൽ ആഴത്തിലും ശ്രേഷ്ഠമായും മനസ്സിലാക്കുക എന്നതാണ് അവയുടെ ലക്ഷ്യം.

2013 നവംബർ 13 ന് വിളക്കന്നൂർ ക്രിസ്തുരാജാ ഇടവകയിലെ വിശുദ്ധ കുർബ്ബാന യർപ്പണമധ്യേ സംഭവിച്ചതിൽ കത്തോലിക്കാ വിശ്വാസത്തിന് വിരുദ്ധമായി യാതൊന്നും ഇല്ലെന്നു മാത്രമല്ല പ്രസ്തുത സംഭവം പരിശുദ്ധ കുർബ്ബാനയോടുള്ള ആരാധനയും സ്നേഹവും വിശ്വാസികൾക്കിടയിൽ വർദ്ധിപ്പിക്കുന്നതിന് സഹായകമായി എന്നതു വ്യക്തമായി പരിഗണിച്ചും "ക്രിസ്തീയ ജീവിതത്തിന്റെ ഉറവിടവും പരകോടിയുമായ" പരിശുദ്ധ കുർബ്ബാനയോടുള്ള (SC, 10) വ്യക്തിപരവും പരസ്യവുമായ ഭക്തിയെ പരിപോഷിപ്പിക്കുന്നത് വിശ്വാസികളുടെ നന്മയ്ക്ക് സഹായകമാകയാലും;

ദൈവജനത്തിന്റെ നിരവധിയായ അഭ്യർത്ഥനകൾ പരിഗണിച്ചും ആത്മാക്കളുടെ നന്മയെ മുൻനിർത്തിയും ഇത്തരം ആത്മീയ അനുഭവങ്ങളുമായി ചേർന്നുപോകാൻ ആഗ്രഹിക്കുന്നവരെ സ്ഥിരീകരിച്ചും; ദൈവാരാധനയുടെ ആവിഷ്കാരങ്ങളെ അജപാലനപരമായി വിലയിരുത്തിയും പരിശുദ്ധ കുർബ്ബാനയിൽ സന്നിഹിതനായി രിക്കുന്ന ഈശോയെ ആരാധിക്കുന്നവരിൽ ഉളവാകുന്ന നിരവധിയായ ആത്മീയ ഫലങ്ങളെക്കുറിച്ചുള്ള ഉത്തമബോധ്യത്തോടുംകൂടി;

ഇത്തരം സംഭവങ്ങളെ അന്വേഷിക്കാനും കാര്യക്ഷമമായി വിലയിരുത്താനും ആവശ്യ കമായ തലങ്ങളിലെ നടപടിക്രമങ്ങളുടെ മാനദണ്ഡങ്ങൾ വിശ്വസ്തതാപൂർവ്വം മുറുകെ പിടിച്ചുകൊണ്ടും;

വ്യവസ്ഥാപിതമായ ശാസ്ത്രീയ പരിശോധനകളുടെ ഫലങ്ങളും ദൈവശാസ്ത്ര സമിതിയുടെ വിലയിരുത്തലുകളും കണക്കിലെടുത്തും;

ഈ ആത്മീയനിർദ്ദേശത്തിന്റെ അജപാലനമൂല്യത്തെ വിലമതിക്കുന്നതിനും
തീർത്ഥാടനം ഉൾപ്പടെയുള്ള മാർഗ്ഗങ്ങളിലൂടെ (*Norms*, n. 17) ഇതിന്റെ
പ്രചാരത്തെ പ്രോത്സാഹിപ്പിക്കുന്നതിനും തടസ്സങ്ങളൊന്നും ഇല്ലെന്ന് ഇതിനാൽ

## ഉത്തരവാകുന്നു.

സത്യദൈവത്തിനു മാത്രം അർഹമായ ആരാധന (latria) ഈ പരിശുദ്ധ കുർബ്ബാന യ്ക്ക് അർപ്പിക്കുന്നതിന് വിശ്വാസികൾക്ക് സ്വാതന്ത്ര്യമുള്ളപ്പോഴും ഈ സംഭവത്തിന്റെ പ്രകൃത്യാതീതമായ സ്വഭാവത്തിന്റെ പ്രഖ്യാപനമായോ ഈ വിഷയത്തിലെ നിയതമായ വിധിതീർപ്പായോ ഇതിനെ അർത്ഥമാക്കുന്നില്ല.

എന്നിരുന്നാലും, ഇവിടെ പരാമർശിതമായ അനുഭവത്തിൽനിന്ന് ഉളവാകാനിടയുള്ള ആധ്യാത്മിക ഫലങ്ങളെ ശ്രദ്ധാപൂർവ്വം വിലയിരുത്തുന്നതിലെ ഉത്തരവാദിത്തം പരിഗണിച്ചുകൊണ്ട് ഈ ഉത്തരവ് ഈ ദിവസം പരസ്യമാക്കുവാൻ ഞാൻ തീരുമാനിക്കുന്നു.

ഈ ഉത്തരവിന്റെ ഓരോ പകർപ്പ് വീതം റോമിലെ വിശ്വാസ തിരുസംഘത്തിന്റെ കാര്യാലയത്തിനും ഭാരത കത്തോലിക്കാ മെത്രാൻ സമിതിയുടെ അധ്യക്ഷനും മറ്റൊന്ന് സീറോമലബാർ സഭയുടെ അഭിവന്ദ്യ മേജർ ആർച്ചു ബിഷപ്പിനും അയയ്ക്കേണ്ടതാണ്.

അവസാനമായി, ഏറ്റവും സാഹോദര്യത്തിന്റെ അരൂപിയിൽ അതിരൂപതയിലെ എല്ലാ വൈദികരെയും സമർപ്പിതരെയും വിശ്വാസികളെയും 2025 മെയ് 31 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് വിളക്കന്നൂർ ക്രിസ്തുരാജാ ദൈവാലയത്തിൽ നടക്കുന്ന ആഘോഷപൂർവ്വമായ വിശുദ്ധ കുർബ്ബാനയർപ്പണത്തിലേക്ക് ഹൃദയപൂർവ്വം സ്വാഗതം ചെയ്യുന്നു.

തലശ്ശേരിയിൽനിന്ന് 2025 മെയ് മാസം 7-ാം തിയ്യതി നൽകപ്പെടുന്നത്

✠ **മാർ ജോസഫ് പാംപ്ലാനി**
*തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത*

# വിളക്കന്നൂരിലെ ദിവ്യകാരുണ്യ അടയാളം

തലശ്ശേരി അതിരൂപതയിലെ വിളക്കന്നൂർ ക്രിസ്തുരാജ ദൈവാലയത്തിൽ 2013 നവംബർ 13 ന് സംഭവിച്ച ദിവ്യകാരുണ്യ അടയാളത്തിന് വത്തിക്കാന്റെ അംഗീകാരം ലഭിച്ചു. പ്രസ്തുത ദിവസം വികാരിയായിരുന്ന ബഹു. തോമസ് പതിക്കൽ അച്ചൻ പ്രഭാതത്തിൽ അർപ്പിച്ച ദിവ്യബലി മധ്യേ തിരുവോസ്തിയിൽ ഈശോയുടെ തിരുമുഖം തെളിഞ്ഞുവന്ന അസാധാരണമായ സംഭവം ഉണ്ടായി. വി. കുർബ്ബാനയിൽ റൂഹാക്ഷണപ്രാർത്ഥനയുടെ സമയത്ത് തിരുവോസ്തിയുടെ നടുവിൽ ഒരു അടയാളം പ്രത്യക്ഷപ്പെടുകയും വളരെ പെട്ടെന്നുതന്നെ അതിൽ ഈശോയുടെ തിരുമുഖത്തിന്റെ ഛായ തെളിഞ്ഞുവരികയും ചെയ്തു. തിരുവോസ്തി വികാരിയച്ചൻ അരുളിക്കയിൽ വയ്ക്കുകയും വി. കുർബ്ബാന പൂർത്തിയാക്കുകയും ചെയ്തു. വി. കുർബ്ബാനക്കുശേഷം ഈ തിരുവോസ്തി വികാരിയച്ചൻ ദിവ്യബലിയിൽ പങ്കെടുത്ത ദൈവജനത്തെ കാണിക്കുകയും അത്ഭുതകരമായ ചിത്രം തെളിഞ്ഞ തിരുവോസ്തി ആരാധനയ്ക്കായി അരുളിക്കയിൽ വയ്ക്കുകയും ചെയ്തു. ആയിരക്കണക്കിനാളുകൾ ദൈവാലയത്തിലേക്ക് തിരുവോസ്തി ദർശിക്കാനായി എത്തിയിരുന്നു.

അതിരൂപതാദ്ധ്യക്ഷനായിരുന്ന അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെ നിർദ്ദേശപ്രകാരം 2013 നവംബർ 17 ന് തിരുവോസ്തി തലശ്ശേരി ആർച്ചുബിഷപ്പ്സ് ഹൗസിലേക്ക് കൊണ്ടുവരികയും രഹസ്യമായി സൂക്ഷിക്കുകയും ചെയ്തു. ഈ പ്രതിഭാസത്തെക്കുറിച്ച് സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ്പായിരുന്ന കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരി പിതാവിനെ അറിയിച്ചു. മാർ ജോസഫ് കല്ലറങ്ങാട്ട്, മാർ ജോർജ് ഞറളക്കാട്ട്, മാർ ജോസഫ് അരുമച്ചാടത്ത് എന്നീ പിതാക്കൻമാർ അടങ്ങിയ സീറോമലബാർ സഭയുടെ ഡോക്ട്രിനൽ കമ്മീഷനെ ഈ പ്രതിഭാസത്തെക്കുറിച്ച് പഠിക്കുവാൻ മേജർ ആർച്ചുബിഷപ്പ് ചുമതലപ്പെടുത്തി. മോൺ. മാത്യു വെള്ളാനിക്കൽ, റവ. ഡോ. ജോസ് പാലക്കീൽ എം.എസ്.ടി, റവ. ഡോ. സിബി പുളിക്കൽ, റവ. ഡോ. ജോസഫ് പാംപ്ലാനി, റവ. ഡോ. തോമസ് മേൽവെട്ടം, റവ. ഡോ. ജോർജ് കുടിലിൽ എന്നീ വിദഗ്ദ്ധർ അടങ്ങിയ ഒരു സമിതിയെ ഈ പ്രതിഭാസം ആഴത്തിൽ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ സീറോ മലബാർ ഡോക്ട്രിനൽ കമ്മീഷൻ ചുമതലപ്പെടുത്തി. വിദഗ്ദ്ധ സമിതി പഠിക്കുകയും 2013 ഡിസംബർ 21 ന് റിപ്പോർട്ട് സമർപ്പിക്കുകയും

ചെയ്തു. തിരുവോസ്തി രഹസ്യമായി ആർച്ചുബിഷപ്പ്സ് ഹൗസിലെ ചാപ്പലിൽ തുടർന്നും സൂക്ഷിച്ചുപോന്നു.

അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് അന്നത്തെ സഹായ മെത്രാനും സി.ബി.സി.ഐ. ഡോക്ട്രിനൽ കമ്മീഷൻ അംഗവുമായിരുന്ന അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിനോട് ഈ വിഷയത്തെക്കുറിച്ചുള്ള പഠനം തുടരുവാൻ നിർദ്ദേശിച്ചു. അഞ്ച് വർഷങ്ങളായി ആർച്ചുബിഷപ്പ്സ് ഹൗസിൽ സൂക്ഷിച്ചിരുന്ന തിരുവോസ്തി വിളക്കന്നൂർ ഇടവകാ ദൈവാലയത്തിലേക്ക് 2018 ആഗസ്റ്റ് 22 ന് തിരികെ കൊണ്ടുപോയി. കൃത്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള ഡിക്രി അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവ് പുറപ്പെടുവിക്കുകയും ഈ അത്ഭുതപ്രതിഭാസത്തിന്റെ ഔദ്യോഗികമായ സ്ഥിരീകരണം വിശ്വാസ തിരുസംഘത്തിൽ നിന്നാണ് വരേണ്ടതെന്ന് ദൈവജനത്തെ അറിയിക്കുകയും ചെയ്തു.

2018 ൽ റോമിലെ വിശ്വാസതിരുസംഘത്തിന്റെ നിർദ്ദേശമനുസരിച്ച് കൂടുതൽ പഠനത്തിനായി തിരുവോസ്തി ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതിവഴി റോമിലേക്ക് കൊണ്ടുപോയി. 2023 ആഗസ്റ്റ് 8 ന് വിശ്വാസതിരുസംഘത്തിന്റെ അധ്യക്ഷനായ കർദ്ദിനാൾ ലൂയിസ് ഫ്രാൻസിസ്ക്കോ ലെസാരിയായ്ക്ക് അതിരൂപതാധ്യക്ഷനായ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ഈ അത്ഭുത പ്രതിഭാസത്തെക്കുറിച്ചുള്ള പഠനത്തിന്റെ വിവരങ്ങൾ ആരാഞ്ഞുകൊണ്ട് കത്തെഴുതി. 2023 സെപ്റ്റംബർ 21 ന് അപ്പസ്തോലിക് നൂൺഷ്യേച്ചർ വഴി വിശ്വാസതിരുസംഘത്തിന്റെ മറുപടി ലഭിച്ചു. തിരുവോസ്തിയിലെ അത്ഭുതകരമായ പ്രതിഭാസത്തെക്കുറിച്ച് കൂടുതൽ ശാസ്ത്രീയമായ പഠനങ്ങൾ നടത്താനുള്ള നിർദ്ദേശം റോമിൽ നിന്നുള്ള കത്തിൽ ഉണ്ടായിരുന്നു. 2024 ജനുവരി 15 ന് ഡൽഹിയിലെ വത്തിക്കാൻ സ്ഥാനപതിയിൽനിന്നും തിരുവോസ്തി ഏറ്റുവാങ്ങുകയും തലശ്ശേരി അതിരൂപതാകേന്ദ്രത്തിൽ എത്തിക്കുകയും ചെയ്തു. റോം നിർദ്ദേശിച്ച കൂടുതൽ ശാസ്ത്രീയ പഠനങ്ങൾക്കുള്ള സൗകര്യങ്ങൾ ഇൻഡ്യയിൽ ഉണ്ടെന്നുള്ളതിനാലായിരുന്നു തിരുവോസ്തി തിരികെ നല്കിയത്.

ശാസ്ത്രീയ പരിശോധനക്കായി മൂന്ന് പരീക്ഷണപഠനങ്ങളാണ് വിശ്വാസതിരുസംഘം നിർദ്ദേശിച്ചിരുന്നത്. 1. Fourier Transform Infrared Spectroscopy analysis or FTIR analysis. 2. HPLC- Ms or High - Performance Liquid Chromatography (HPLC) and Mass Spectometry. ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ ഈ പഠനങ്ങൾക്കുള്ള ആധു

നിക ഉപകരണങ്ങൾ ഉണ്ടായിരുന്നതിനാൽ വിശ്വാസതിരുസംഘത്തിന്റെ അനുമതിയോടെ ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റി ലാബിലാണ് പഠനങ്ങൾ നടത്തിയത്. വിശ്വാസതിരുസംഘത്തിന്റെ നിർദ്ദേശമനുസരിച്ച് ശാസ്ത്രീയ പഠനങ്ങളും പരീക്ഷണങ്ങളും നടത്തുവാൻ ശാസ്ത്രജ്ഞൻമാരുടെ ഒരു സമിതിയെ നിയോഗിച്ചു. 2024 ജനുവരി 23 ന് കൂടുതൽ ശാസ്ത്രീയ പഠനത്തിനായി തിരുവോസ്തി ബാംഗ്ലൂർ ക്രൈസ്റ്റ് യൂണിവേഴ്സിറ്റിയിൽ എത്തിച്ചു. ഡോ. ജ്യോതിസ് ദേവസ്യാ - റിസേർച്ച് വിംഗ് കോമൺ ഇൻസ്ട്രുമെന്റേഷൻ ലാബ്, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ഡോ. ജോബി സേവ്യർ - ഹെഡ് & ഡയറക്ടർ ഡിപ്പാർട്ടുമെന്റ് ലൈഫ് സയൻസ് & കെമിസ്ട്രി, ക്രൈസ്റ്റ് യൂണിവേഴ്സിറ്റി, ഡോ. പി. ടി. വർഗ്ഗീസ് - ഹെഡ് ഓഫ് ഫോറൻസിക് ഡിപ്പാർട്ടുമെന്റ്, സെന്റ് ജോൺസ് മെഡിക്കൽ കോളേജ് ബാംഗ്ലൂർ, എന്നിവർ അടങ്ങിയ ശാസ്ത്രജ്ഞന്മാരുടെ സമിതിയും റവ. ഡോ. ജോർജ് കരോട്ട്, റവ. ഡോ. സെബാസ്റ്റ്യൻ ചാലക്കൽ എന്നീ ദൈവശാസ്ത്രജ്ഞൻമാർ അടങ്ങിയ ഒരു സമിതിയും തിരുവോസ്തിയിലെ അത്ഭുത പ്രതിഭാസത്തെക്കുറിച്ചുള്ള പരീക്ഷണങ്ങളും പഠനങ്ങളും നടത്തുകയും റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തു. തിരുവോസ്തിയിലെ ഛായാചിത്രത്തിൽ പുറമെ നിന്നുള്ള ഏതെങ്കിലും പദാർത്ഥത്തിന്റെ സ്വാധീനം ഉണ്ടോ എന്നു മനസ്സിലാക്കുവാൻ കഴിയുന്ന പരീക്ഷണങ്ങളായിരുന്നു വിശ്വാസതിരുസംഘം നിർദ്ദേശിച്ചിരുന്നത്. പരിശുദ്ധ കുർബാനയിലെ ഈശോയുടെ യഥാർത്ഥ സാന്നിധ്യത്തിലുള്ള കത്തോലിക്കാ വിശ്വാസം അതിസ്വഭാവികമെന്നു കരുതപ്പെടുന്ന ഏതെങ്കിലും പ്രതിഭാസങ്ങളെ ആധാരമാക്കിയുള്ളതല്ലെന്നും മറിച്ച് തന്റെ ശരീരരക്തങ്ങളാകുന്ന പരിശുദ്ധകുർബാനയുടെ സ്ഥാപനത്തിലൂടെ തന്റെ രണ്ടാമത്തെ ആഗമനംവരെ സകല യുഗങ്ങളിലും അവിടുന്നു കുരിശിലെ ബലി നിത്യമായി തുടരുന്നുവെന്നും, പീഢാനുഭവരാത്രിയിൽ "ഇത് എന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ" (cf. 1 കോറി 11 :24-25) എന്ന കർത്താവിന്റെ കല്പനയിലൂടെ അവിടുത്തെ പ്രിയ വധുവായ തിരുസ്സഭയെ തന്റെ മരണോത്ഥാനങ്ങളുടെ അനുസ്മരണം ഭരമേല്പിച്ചുവെന്നും, ഈശോമിശിഹായുടെ തിരുവചനത്താലും പരിശുദ്ധാത്മാവിന്റെ ആവാസത്താലും അപ്പവും വീഞ്ഞും മിശിഹായുടെ തിരുശരീരവും തിരുരക്തവുമായി മാറുന്നു എന്നും പൂർണ്ണമായും നാം അറിയുന്നു.

അതീവരഹസ്യ സ്വഭാവത്തോടെ നടത്തിയ പഠനത്തിന്റെ പൂർണ്ണമായ റിപ്പോർട്ട് ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി വഴി 2024

ഏപ്രിൽ 2 ന് റോമിന് സമർപ്പിച്ചു. ശാസ്ത്രീയ പഠനത്തിന്റെ റിപ്പോർട്ടുകളും ദൈവശാസ്ത്ര വിശകലനങ്ങളും വിലയിരുത്തി ഇൻഡ്യയിലെ വത്തിക്കാൻ സ്ഥാനപതി വഴി 2025 മാർച്ച് 19 ന് വിളക്കന്നൂരിലെ ദിവ്യ കാരുണ്യ പ്രതിഭാസം ഒരു അസാധാരണ സംഭവമായി പ്രഖ്യാപിക്കുതിൽ തടസ്സമില്ലെന്ന് വിശ്വാസ തിരുസംഘം അറിയിച്ചു. ദൈവജനത്തെ അറിയിക്കാനുള്ള ഡിക്രി മലയാളത്തിൽ പരിഭാഷപ്പെടുത്തി വിശ്വാസ തിരുസംഘത്തിനും സീറോമലബാർ മേജർ ആർച്ചുബിഷപ്പിനും സി. ബി.സി.ഐ. പ്രസിഡന്റിനും നല്കുവാൻ നിർദ്ദേശമുണ്ടായി. ഡിക്രി പരിഭാഷപ്പെടുത്തി റോമിൽ എത്തിച്ചതിനെതുടർന്ന് ഈ അത്ഭുത പ്രതിഭാസത്തെക്കുറിച്ച് ദൈവജനത്തെ അറിയിക്കുവാനുള്ള അനുമതി വിശ്വാസതിരുസംഘം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന് നല്കി. തിരുവോസ്തിയിലെ ഛായാചിത്രത്തിന്റെ അതേ പദാർത്ഥമാണ് തിരുവോസ്തിയുടെ മറ്റ് ഭാഗങ്ങളിൽ ഉള്ളതെന്നും ഈ ഛായാചിത്രം തിരുവോസ്തിയിലെ പദാർത്ഥങ്ങളിൽ നിന്നുതന്നെയാണ് രൂപപ്പെട്ടതെന്നുമുള്ള നിഗമനത്തിലാണ് ശാസ്ത്രീയ പഠനങ്ങൾ എത്തിനിൽക്കുന്നത്. തിരുവോസ്തിയിലെ ഛായാചിത്രത്തിൽ പുറമേ നിന്നുള്ള ഒരു പദാർത്ഥത്തിന്റെയും സ്വാധീനം പഠനങ്ങളിൽ കണ്ടെത്താൻ കഴിഞ്ഞില്ല.

2025 മെയ് 9 ന് വിളക്കന്നൂർ ക്രിസ്തുരാജാ ദൈവാലത്തിലെ ദിവ്യബലിമധ്യേ ഈ വിവരം അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് ദൈവജനത്തെ അറിയിച്ചു. 2025 മെയ് 31 ന് ഉച്ചകഴിഞ്ഞ് 2.30 ന് ഇന്ത്യയിലെ അപ്പസ്തോലിക് നൂൺഷ്യോ ആർച്ചുബിഷപ്പ് ലെയോപോൾഡോ ജിറെല്ലി ഔദ്യോഗിമായ പ്രഖ്യാപനം വിളക്കന്നൂർ ക്രിസ്തുരാജാ ദൈവാലത്തിൽ വച്ച് തലശ്ശേരി അതിരൂപതയിലെ അഭിവന്ദ്യ പിതാക്കന്മാരുടെയും ബഹു. വൈദികരുടേയും സന്യസ്തരുടേയും ദൈവജനത്തിന്റെയും സാന്നിധ്യത്തിൽ നടത്തി.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കച്ചേരിക്കാര്യം
## ജൂൺ 2025

### 1. ബഹു. വൈദികരുടെ നിയമനങ്ങൾ

| | | | |
|---|---|---|---|
| 1. | അമ്പാട്ട് സെബാസ്റ്റ്യൻ | വികാരി | കാര്യപ്പള്ളി |
| 2. | ആനചാരിൽ ജോസഫ് | വികാരി | ചീക്കാട് |
| 3. | ആനക്കല്ലിൽ ജോസഫ് | വികാരി | ചൂരപ്പടവ് |
| 4. | അറയ്ക്കൽ അഗസ്റ്റിൻ | പ്രോ. വികാരി | പൊയ്നാച്ചി, പെരിയ |
| 5. | അട്ടേങ്ങാട്ടിൽ തോമസ് | വികാരി | ബാലേശുഗിരി |
| 6. | ആട്ടേൽ മാണി | വികാരി | മുണ്ടാനൂർ |
| 7. | ചക്കിട്ടമുറിയിൽ തോമസ് | വികാരി | പരപ്പ |
| 8. | ചെല്ലംകോട്ട് മാത്യു | വികാരി | വാഴമല |
| | | ലൈബ്രേറിയൻ & വാർഡൻ നിർമ്മലഗിരി കോളേജ് | |
| 9. | ചേന്നപ്പള്ളിൽ ജോർജ് | വികാരി | ചെടിക്കുളം |
| 10. | ചെരിയംപുറത്ത് വർഗ്ഗീസ് | വികാരി | മണ്ഡപം |
| 11. | ചിരണയ്ക്കൽ സ്കറിയ | ഉപരിപഠനം | ബാംഗ്ലൂർ |
| 12. | എടുക്കുന്നേൽ ഏലിയാസ് | വികാരി | കൊന്നക്കാട് |
| 13. | എളുക്കുന്നേൽ ജോർജ് | വികാരി | തിരുമേനി |
| 14. | ഏഴുപറയിൽ ജോസഫ് | ഉപരിപഠനം | പഞ്ചാബ് |
| 15. | ഐക്കരപ്പറമ്പിൽ ജോസഫ് | പ്രോ. വികാരി | മുള്ളേരിയ, ദേലംപാടി |
| 16. | കടക്കുഴയിൽ ജൂഡ് | അഡ്മിനിസ്ട്രേറ്റർ | VJEC ചെമ്പേരി |
| 17. | കളപ്പുരക്കൽ വർഗ്ഗീസ് | വികാരി | പൊട്ടംപ്ലാവ് |
| 18. | കണ്ടത്തിൽ പോൾ | വികാരി | പെരിങ്കിരി |
| 19. | കണ്ടത്തിൽ തോമസ് CM | വികാരി | പച്ചാണി |
| 20. | കാഞ്ഞിരപ്പറമ്പിൽ ആന്റണി SDV | വികാരി | പാടാംകവല |
| 21. | കാഞ്ഞിരത്തുംകുന്നേൽ തോമസ് HGN | വികാരി | ജയഗിരി |
| 22. | കരോട്ട് ജോർജ് | വികാരി | മാടത്തിൽ |
| 23. | കായംക്കാട്ടിൽ ജോർജ് | പ്രോ. വികാരി | പുഞ്ച |
| 24. | കീഴാരത്തിൽ തോമസ് | വികാരി | വിളക്കന്നൂർ |

| | | |
|---|---|---|
| 25. കിടാരത്തിൽ ആന്റണി | ഡയറക്ടർ | കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റ് |
| 26. കോലക്കുന്നേൽ കുര്യാക്കോസ് | ഡയറക്ടർ | പ്രതീക്ഷ |
| 27. കൊളുത്താപ്പിള്ളിൽ ജോസഫ് | വികാരി | വിളമന |
| 28. കൂനത്താൻ ജോസഫ് MCBS | വികാരി | ബെഡൂർ |
| 29. കൊട്ടുകാപ്പള്ളി തോമസ് | മെഡിക്കൽ ലീവ് | |
| 30. കൊട്ടുകാപ്പള്ളി മാത്യു | ഡയറക്ടർ, ആൽഫ ഇൻസ്റ്റിറ്റ്യൂട്ട് & | |
| | അസി. ഡയറക്ടർ, | സന്ദേശഭവൻ |
| 31. മാടശ്ശേരി ലൂക്കോസ് | വികാരി | മട്ടന്നൂർ |
| | ഡയറക്ടർ, സെൽഫ് ഫിനാൻസിങ്ങ് | |
| | പ്രോഗ്രാം നിർമ്മലഗിരി ഇൻസ്റ്റിറ്റ്യൂഷൻസ് | |
| 32. മാപ്പിളപ്പറമ്പിൽ തോമസ് (ജൂനി.) | അസ്സോ. പ്രൊഫസർ | വടവാതൂർ |
| 33. മാങ്ങാട്ട് മാത്യു OFM Cap. | വികാരി | കാഞ്ഞിരക്കൊല്ലി |
| 34. മറ്റക്കോട്ടിൽ ആന്റണി | ഉപരിപഠനം | |
| 35. മറ്റപ്പള്ളിൽ ലൂക്കോസ് | വികാരി | പൂളക്കുറ്റി |
| 36. മറ്റത്തിൽ ഐസക് | സ്പിരിച്ചൽ ഡയറക്ടർ, | മൈനർ സെമിനാരി |
| 37. മേൽവെട്ടത്ത് തോമസ് | റെക്ടർ | മൈനർ സെമിനാരി, |
| | വികാരി | കത്തീഡ്രൽ |
| 38. മുണ്ടക്കൽ ജോസ് | വികാരി | വരക്കാട് |
| 39. മുണ്ടോളിക്കൽ ജോൺ | വികാരി | പയ്യന്നൂർ |
| 40. നെടുംങ്ങാട്ട് ജേക്കബ് | വികാരി | പുന്നക്കുന്ന് |
| 41. നീണ്ടൂർ തോമസ് | ശാന്തിഭവൻ | കരുവഞ്ചാൽ |
| 42. നെല്ലിത്താനത്ത് ഡെന്നീസ് | ട്യൂട്ടർ & അസി. ഡയറക്ടർ | |
| | സാന്താമാതാ നഴ്സിങ്ങ് കോളേജ്, ഗുണ്ടൽപേട്ട് | |
| 43. നിരപ്പേൽ അലക്സ് | വികാരി | കീഴ്പ്പള്ളി |
| 44. നിരപ്പേൽ ജോസഫ് | വികാരി | ആടാംപാറ |
| 45. നൂറാമാക്കൽ ജോൺ | വികാരി | പൂപ്പറമ്പ് |
| | അസി. മാനേജർ | VJEC |
| | ഡയറക്ടർ | സാൻജോസ് അക്കാദമി |
| 46. ഓരത്തേൽ കുര്യാക്കോസ് | വികാരി | ചേപ്പറമ്പ് |
| 47. ഒറ്റപ്ലാക്കൽ ജോസഫ് | മെഡിക്കൽ ലീവ് | |
| 48. പടിഞ്ഞാറയിൽ ജേക്കബ് | വികാരി | മാനടുക്കം |
| 49. പള്ളിക്കുന്നേൽ ആന്റണി | വികാരി | രാജമുടി |
| 50. പാമ്പയ്ക്കൽ തോമസ് | വികാരി | ബിരിക്കുളം |
| 51. പാണാക്കുഴിയിൽ തോമസ് | പ്രോ. വികാരി | അടോട്ടുക്കയം, പുല്ലടി |
| 52. പഞ്ഞിക്കുന്നേൽ ജേക്കബ് | വികാരി | കനകപ്പള്ളി |
| 53. പന്തലാടിക്കൽ ജോസഫ് | വികാരി | പാണത്തൂർ |
| 54. പരവരാകത്ത് മാത്യു | വികാരി | വിമലശ്ശേരി |
| 55. പൂവത്താനിക്കുന്നേൽ സ്കറിയ | വികാരി | നെടുപുറംഞ്ചാൽ |

| | | |
|---|---|---|
| 56. പൂവത്തോലിൽ ജോസഫ് | വികാരി | പനത്തടി |
| 57. പുളിക്കക്കുന്നേൽ ജേക്കബ് | ശാന്തിഭവൻ | കരുവഞ്ചാൽ |
| 58. പുറത്തേമുതുകാട്ടിൽ ബോസ്കോ | വികാരി | നീലേശ്വരം |
| 59. പുതുപ്പള്ളി സെബാസ്റ്റ്യൻ | വികാരി | കരുണാപുരം |
| 60. ശാസ്താംപടവിൽ മാത്യു | വികാരി | പേരട്ട |
| 61. തകിടിയേൽ ജോസഫ് | പ്രോ. വികാരി | വിജയഗിരി |
| 62. തെക്കേടത്ത് സെബാസ്റ്റ്യൻ | ഉപരിപഠനം | റോം |
| 63. തെങ്ങുംപള്ളിൽ ജോർജ് | അസ്സോ. ഡയറക്ടർ TSSS | |
| 64. വടക്കേമുളഞ്ഞനാൽ തോമസ് | വികാരി | വെമ്പുവ |
| 65. വടക്കേപ്പറമ്പിൽ ജോസഫ് | പാസ്റ്ററൽ മിനിസ്ട്രി ഗ്രേറ്റ് ബ്രിട്ടൻ | |
| 66. വടശ്ശേരിൽ സ്കറിയ | മാനേജർ | കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി |
| 67. വരമ്പകത്ത് ലാസർ | വികാരി | രത്നഗിരി (അധിക ചുമതല) |
| 68. വാരണത്ത് ജോസഫ് | വികാരി | പടുപ്പ് |
| 69. വരിക്കാനിക്കൽ മാർട്ടിൻ | വികാരി | ലിസ്സിഗിരി |
| 70. വയലുങ്കൽ ജോസഫ് | ഡയറക്ടർ | ചിൽഡ്രൻ അപ്പൊസ്റ്റൊലേറ്റ് & TTC തളിപ്പറമ്പ് |
| 71. വെള്ളരിങ്ങാട്ട് ജോർജ് | വികാരി | മേരിപുരം |
| 72. വെളൂർപുത്തൻപ്പുരയിൽ തോമസ് | ഉപരിപഠനം | പൗരസ്ത്യ വിദ്യാപീഠം വടവാതൂർ |
| 73. വെമ്മേനിക്കട്ടയിൽ സെബാസ്റ്റ്യൻ | മാർക്കറ്റിംഗ് ഡയറക്ടർ, ദീപിക കണ്ണൂർ | |
| 74. വെണ്ണായിപ്പിള്ളിൽ ജേക്കബ് | വികാരി | ചുണ്ടപ്പറമ്പ് |
| 75. ആലപ്പാട്ടുകുന്നേൽ ജോർജ് CRM | അസി.വികാരി | പനത്തടി |
| 76. ആനിക്കുഴിക്കാട്ടിൽ മാത്യു | അസി.വികാരി | വായാട്ടുപറമ്പ് |
| 77. ആട്ടൂകാരൻ ജോസഫ് RCJ | അസി.വികാരി | മേരിഗിരി |
| 78. കണിപറമ്പിൽ സെബാസ്റ്റ്യൻ | അസി.വികാരി | തോമാപുരം |
| 79. കൊച്ചുപറമ്പിൽ അലക്സ് MSFS | അസി.വികാരി | പാണത്തൂർ |
| 80. കരിങ്ങാലിക്കാട്ടിൽ ജോസഫ് | അസി.വികാരി | കുന്നോത്ത് |
| 81. കുഴിപറമ്പിൽ തോമസ് CST | അസി.വികാരി | വെള്ളരിക്കുണ്ട് |
| 82. മാളക്കാരൻ വർഗ്ഗീസ് OFM Con. | അസി.വികാരി | തളിപ്പറമ്പ് |
| 83. മൂന്നാനാൽ മാത്യു | അസി.വികാരി | പൈസക്കരി |
| 84. ഒരപ്പാംകുഴി ജോസഫ് | അസി.വികാരി | വെളിമാനം |

**2. നന്ദി...**

**a) റവ. ഫാ. ജേക്കബ് പുളിക്കക്കുന്നേൽ:** 1973 ഏപ്രിൽ 15-ാം തീയതി മുതൽ അവിഭക്ത തലശ്ശേരി അതിരൂപതയുടെ വിവിധ ഇടവകയിൽ അജപാലന ശുശ്രൂഷ ചെയ്ത് വിശ്രമജീവിതത്തിനായി 2025 മെയ് 10 ന് കരുവഞ്ചാൽ ശാന്തിഭവനിൽ എത്തിയ ബഹു. ജേക്കബ്

പുളിക്കക്കുന്നേലച്ചനെ നന്ദിയോടെ അനുസ്മരിക്കുന്നു. 5 പതിറ്റാണ്ടിലേറെ തലശ്ശേരി അതിരൂപതയിലെ 23 ഇടവകകളിൽ ശുശ്രൂഷ നിർവഹിച്ച പ്രിയങ്കരനായ ജേക്കബ് അച്ചന് സന്തോഷകരമായ വിശ്രമജീവിതം ആശംസിക്കുന്നു.

**b) റവ. ഡോ. തോമസ് നീണ്ടൂർ :** 1978 ഏപ്രിൽ 30 മുതൽ 2025 മെയ് 10 വരെ തലശ്ശേരി അതിരൂപതയിലെ വിവിധ ഇടവകകളിലും സ്ഥാപനങ്ങളിലും സ്തുത്യർഹമായ ശുശ്രൂഷ നിർവഹിച്ച് വിശ്രമജീവിതത്തിനായി കരുവഞ്ചാൽ ശാന്തിഭവനത്തിലെത്തിയ പ്രിയപ്പെട്ട തോമസ് നീണ്ടൂരച്ചനെ നന്ദിയോടെ അനുസ്മരിക്കുന്നു. 14 ഇടവകകളിലും കുന്നോത്ത്, സത്ന എന്നീ മേജർ സെമിനാരികളിലും ബഹു. തോമസ് അച്ചൻ സേവനം ചെയ്തിട്ടുണ്ട്. പ്രിയപ്പെട്ട തോമസച്ചന് അനുഗ്രഹീതമായ വിശ്രമകാലം ആശംസിക്കുന്നു.

നമ്മുടെ അതിരൂപതയിലെ വിവിധ ഇടവകകളിൽ സ്തുത്യർഹമായ അജപാലന ശുശ്രൂഷ നിർവഹിച്ച ശേഷം തങ്ങളുടെ സന്യാസ സമൂഹങ്ങളിലേക്കും രൂപതകളിലേക്കും തിരികെ പോയ ബഹു. വൈദികരെ നന്ദിയോടെ ഓർമ്മിക്കുന്നു.

1. ഫാ. സേവ്യർ തേക്കനാൽ MCBS - വികാരി, ജയഗിരി
2. ഫാ. ജോസഫ് കുത്തുളി HGN - വികാരി, വിജയഗിരി
3. ഫാ. സ്കറിയ ഇല്ലിക്കൽ MSFS - അസി. വികാരി, പേരാവൂർ
4. ഫാ. ജോസഫ് മുഞ്ഞനാട്ട് - അസി. വികാരി, വെള്ളരിക്കുണ്ട്
5. ഫാ. ജോസഫ് അമ്പലത്തുങ്കൽ CRM - അസി. വികാരി, കണിച്ചാർ
6. ഫാ.ദേവസ്സി അമ്പാട്ടുപറമ്പിൽ OFM Conv. - അസി. വികാരി, ചെമ്പൻതൊട്ടി
7. ഫാ. ജെയിംസ് കപ്യാരുമലയിൽ TOR - അസി. വികാരി, മേരിഗിരി
8. ഫാ. ജൂഡ് മാങ്കുഴിയിൽ OFM Cap. - അസി. വികാരി, കരുണാപുരം
9. ഫാ. ചാക്കോ അറയ്ക്കപ്പറമ്പിൽ OFM Cap.– അസി. വികാരി, വെളിമാനം
10. ഫാ. അഗസ്റ്റിൻ കെട്ടുപുരയ്ക്കൽ RCJ – അസി. വികാരി, മണ്ഡളം
11. ഫാ. അഗസ്റ്റിൻ താഴത്തുവീട്ടിൽ RCJ - അസി. വികാരി, എടൂർ
12. ഫാ. ജോസഫ് നെല്ലിച്ചോട്ടിൽ VC - അസി. വികാരി, വിളക്കന്നൂർ

**3. സ്വാഗതം**

തലശ്ശേരി അതിരൂപതയിൽ അജപാലന ശുശ്രൂഷയ്ക്കായി വിവിധ സന്യാസസഭകളിൽനിന്ന് എത്തിയിരിക്കുന്ന ബഹു. വൈദികർക്ക് ഹൃദ്യമായ സ്വാഗതം. പ്രിയപ്പെട്ട വൈദിക സഹോദരങ്ങൾക്ക് അനുഗ്രഹീതമായ അജപാലന ശുശ്രൂഷ ആശംസിക്കുന്നു.

1. ഫാ. കാഞ്ഞിരപ്പറമ്പിൽ ആന്റണി SDV - വികാരി, പാടാംകവല
2. ഫാ. തോമസ് കണ്ടത്തിൽ CM - വികാരി, പച്ചാണി

3. ഫാ. തോമസ് കാഞ്ഞിരത്തുംകുന്നേൽ HGN – വികാരി, ജയഗിരി
4. ഫാ. ജോസഫ് കൂനത്താൻ MCBS – വികാരി, ബേഡൂർ
5. ഫാ. അലക്സ് കൊച്ചുപറമ്പിൽ MSFS – അസി. വികാരി, പാണത്തൂർ
6. ഫാ. വർഗ്ഗീസ്സ് മാളക്കാരൻ OFM Conv. – അസി. വികാരി, തളിപ്പറമ്പ്
7. ഫാ. ജോർജ് ആലപ്പാട്ടുകുന്നേൽ CRM – അസി. വികാരി, പനത്തടി
8. ഫാ. ജോസഫ് ഒരപ്പാംകുഴി CMI – അസി. വെളിമാനം

**4. അഭിനന്ദനങ്ങൾ**

**1. റവ. ഫാ. തോമസ് (ടോം) ഓലിക്കരോട്ട്:** സീറോ മലബാർസഭയുടെ പി.ആർ.ഒ-യും മീഡിയാ കമ്മീഷൻ സെക്രട്ടറിയും വൈദികർക്കുവേണ്ടിയുള്ള കമ്മീഷന്റെ സെക്രട്ടറിയുമായി നിയമിതനായ ബഹു. തോമസ് ഓലിക്കരോട്ട് അച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെ അനുമോദനങ്ങളും ആശംസകളും നേരുന്നു.

**2. റവ. ഫാ. തോമസ് മാപ്പിളപ്പറമ്പിൽ (മനു)**: വടവാതൂർ സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരിയിൽ സഭാനിയമത്തിൽ അസോസിയേറ്റ് പ്രൊഫസർ ആയി നിയമിതനായ ബഹു. തോമസ് മാപ്പിളപ്പറമ്പിലച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെ അനുമോദനങ്ങളും ആശംസകളും നേരുന്നു.

**3. റവ. ഫാ. ജോൺസൺ കോവൂർപുത്തൻപുരയിൽ**: ചിക്കാഗോ രൂപതയുടെ ചാൻസലർ ആയി നിയമിതനായ ബഹു. ജോൺസൺ കോവൂർപുത്തൻപുരയിൽ അച്ചന് തലശ്ശേരി അതിരൂപത കുടുംബത്തിന്റെ അനുമോദനങ്ങളും ആശംസകളും നേരുന്നു.

**5. പ്രസ്ബിറ്റൽ കൗൺസിൽ യോഗം**

ജൂൺ 10 ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 1.30 വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് വൈദികസമിതി യോഗം ചേരുന്നുണ്ട്. വൈദികസമിതി അംഗങ്ങൾ ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**6. വൈദികസമ്മേളനം**

തലശ്ശേരി അതിരൂപതയിൽ സേവനം ചെയ്യുന്ന മുഴുവൻ വൈദികരെയും ഒരു യോഗം 2025 ജൂൺ 28ന് ശനിയാഴ്ച രാവിലെ 10 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണിവരെ ചെമ്പേരി വിമൽജ്യോതി എഞ്ചിനീയറിങ്ങ് കോളേജിൽ വച്ച് ചേരുന്നുണ്ട്. ബഹു. വൈദികർ നിർബന്ധമായും ഈ യോഗത്തിൽ പങ്കെടുക്കേണ്ടതാണ്.

**7. ജൂണിയർ വൈദികരുടെ കോഴ്സ് (2010-2025 ബാച്ചുകൾ)**

2010-2025 വർഷങ്ങളിൽ തിരുപ്പട്ടം സ്വീകരിച്ച ബാച്ചുകളിലെ ബഹു. വൈദികർക്കായി ഒരു സ്പിരിചൽ എൻറിച്ച്മെന്റ് പ്രോഗ്രാം സംഘ

ടിപ്പിക്കുന്നുണ്ട്. 2025 ജൂൺ 16 തിങ്കളാഴ്ച വൈകിട്ട് 5.30 മുതൽ 20-ാം തീയതി വെള്ളി ഉച്ചയ്ക്ക് 12.00 വരെ പരിയാരം മദർഹോം ധ്യാനകേന്ദ്രത്തിൽ വച്ചാണ് ഈ പ്രോഗ്രാം നടത്തുന്നത്. പങ്കെടുക്കേണ്ട വൈദികരുടെ ലിസ്റ്റ് കഴിഞ്ഞ മാസത്തെ ഗിരിദീപത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രസ്തുത ബാച്ചുകളിലെ ബഹു. വൈദികർ നിർബന്ധമായും ഈ പ്രോഗ്രാമിൽ പങ്കെടുക്കേണ്ടതാണ്.

**8. ബഹു. വൈദികരുടെ റിഫ്രഷർ കോഴ്സ്**

ബഹു. വൈദികരുടെ തുടർപരിശീലനത്തിന്റെ ഭാഗമായുള്ള ഈ വർഷത്തെ റിഫ്രഷർ കോഴ്സ് 2025 ജൂലൈ 16 ബുധനാഴ്ച രാവിലെ 10.30 മുതൽ 18-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 1 മണി വരെ തലശ്ശേരി സന്ദേശഭവനിൽ വച്ച് നടത്തുകയാണ്. 2010 ന് മുമ്പ് തിരുപ്പട്ടം സ്വീകരിച്ച ബാച്ചുകളിലെ ബഹു. വൈദികരാണ് റിഫ്രഷർ കോഴ്സിൽ പങ്കെടുക്കേണ്ടത്. ജൂണിയർ വൈദികരുടെ കോഴ്സ് ഈ മാസം മദർഹോമിൽവച്ച് നടക്കുന്നതിനാലാണ് ഈ വർഷം റിഫ്രഷർ കോഴ്സ് ഇപ്രകാരം ക്രമീകരിച്ചിരിക്കുന്നത്.

**9. ആദരാഞ്ജലികൾ**

**1) റവ. സി. ജോർജ് മരിയ കുഴിവേലിൽ എസ്. എച്ച് (89):** തിരു



ഹൃദയ സന്യാസിനി സമൂഹം തലശ്ശേരി സെന്റ് ജോസഫ്സ് പ്രൊവിൻസ് അംഗമായ റവ. സി. ജോർജ് മരിയ കുഴിവേലിൽ എസ്. എച്ച് 2025 ഏപ്രിൽ 30 ന് നിര്യാതയായി. കുളത്തുവയൽ, തൊണ്ടിയിൽ, കോട്ടയം എസ്.എച്ച് ജനറലേറ്റ്, വിളക്കന്നൂർ, കൊളക്കാട്, സാൻജോസ് ഭവൻ എന്നീ മഠങ്ങളിലും ജനറൽ കൗൺസിലർ, വികാർ പ്രൊവിൻഷ്യൽ, എന്നീ നിലകളിലും ബഹു. സിസ്റ്റർ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2025 ഏപ്രിൽ 01 ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ അഭി. മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ മുഖ്യകാർമികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**2) റവ. ഫാ. മാത്യു പുള്ളോലിക്കൽ (78):** താമരശ്ശേരി രൂപതാംഗ



മായ ബഹു. മാത്യു പുള്ളോലിക്കലച്ചൻ 2015 മെയ് 8 ന് നിര്യാതനായി. തലശ്ശേരി അതിരൂപതയിലെ അങ്ങാടിക്കടവ്, ആലക്കോട്, എന്നീ ഇടവകകളിൽ അസി. വികാരിയായും രണ്ടാംകടവ്, ചെറിയഅരീക്കമല, രത്നഗിരി എന്നീ ഇടവകകളിൽ വികാരിയായും ബഹു.

മാത്യു അച്ചൻ സേവനം ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2025 മെയ് 9ന് ഈരൂട് സെന്റ് ജോസഫ്സ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ റെമീജിയൂസ് ഇഞ്ചനാനിക്കൽ പിതാവിന്റെ മുഖ്യ കാർമ്മികത്വത്തിൽ നടന്നു. താമരശ്ശേരി രൂപതയ്ക്കും ബഹു. മാത്യു അച്ചന്റെ കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപത കുടുംബത്തിന്റെ അനുശോചനങ്ങൾ അറിയിക്കുന്നു.

**3) റവ. സി. ജോസ് മരിയ പ്ലാത്തോട്ടത്തിൽ എസ്. എച്ച് (82):**



തിരുഹൃദയ സന്യാസിനി സമൂഹം തലശ്ശേരി പ്രൊവിൻസ് അംഗമായ റവ. സി. ജോസ് മരിയ പ്ലാത്തോട്ടത്തിൽ 2025 മെയ് 8 ന് നിര്യാതയായി. തൊണ്ടിയിൽ, കൂരാച്ചുണ്ട്, പൈസക്കരി, കല്ലാനോട്, വെങ്ങാട്, വിളക്കന്നൂർ, തൊക്കിലങ്ങാടി, ആലക്കോട്, ഉദന, തലശ്ശേരി സന്ദേശഭവൻ, സിദ്ധാപുരം, വായാട്ടുപറമ്പ്, കരുവഞ്ചാൽ എന്നീ സ്ഥലങ്ങൾ ബഹു. ജോസ് മരിയാമ്മ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്കാര ശുശ്രൂഷകൾ 2025 മെയ് 10ന് പേരാവൂർ തൊണ്ടിയിലുള്ള പ്രൊവിൻഷ്യൽ ഹൗസ് സെമിത്തേരിയിൽ മോൺ. ആന്റണി മുതുകുന്നേലച്ചന്റെ മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**4) ശ്രീ. ഉലഹന്നാൻ അന്ത്യാംകുളം (101):** ബഹു. ജോൺസൺ അന്ത്യാംകുളം അച്ചന്റെ പ്രിയപ്പെട്ട പിതാവ് ശ്രീ. ഉലഹന്നാൻ അന്ത്യാംകുളം 2025 മെയ് 13 ന് നിര്യാതനായി. മൃതസംസ്കാരശുശ്രൂഷകൾ 2025 മെയ് 16 ന് പാലാവയൽ സെന്റ് ജോൺസ് ദൈവാലയ സെമിത്തേരിയിൽ അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെയും അഭിവന്ദ്യ മാർ ജോർജ് വലിയമറ്റം പിതാവിന്റെയും മുഖ്യകാർമ്മികത്വത്തിൽ നടന്നു. പ്രിയപ്പെട്ട പിതാവിന്റെ വേർപാടിൽ ദുഃഖിക്കുന്ന ബഹു. ജോൺസനച്ചനും കുടുംബാംഗങ്ങൾക്കും തലശ്ശേരി അതിരൂപത കുടുംബത്തിന്റെ അനുശോചനം അറിയിക്കുന്നു.

**5) റവ. സി. ജെനവീവ് പെരുംമ്പ്രായിൽ എസ്.എ.ബി.എസ്. (94):**



വിശുദ്ധ കുർബാനയുടെ ആരാധനാ സന്യാസിനീ സമൂഹത്തിന്റെ തലശ്ശേരി സെന്റ് ജോസഫ് അഡോറേഷൻ പ്രൊവിൻ സിലെ റവ. സി. ജെനവീവ് 2025 മെയ് 21 ന് നിര്യാതയായി. കടുത്തുരുത്തി, കാഞ്ഞിരത്താനം, മാനന്തവാടി, കിളിയന്തറ, മരുതോങ്കര, സെനക്കിൾ, ഗോണിഗോപാൽ, വിജയവാഡ, കാസർഗോഡ്, പാലാപ്പറമ്പ്, അങ്ങാടിക്കടവ്, എടാട്ട്, മണിക്കടവ്, ഉളിയ

ന്തടുക്ക, ചേറ്റംകുന്ന് എന്നീ സ്ഥലങ്ങളിൽ ബഹു. ജെനവീവമ്മ ശുശ്രൂഷ ചെയ്തിട്ടുണ്ട്. മൃതസംസ്കാരശുശ്രൂഷകൾ 2025 മെയ് 22 ന് അഭിവന്ദ്യ മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ കാർമ്മികത്വത്തിൽ കിളിയന്തറ സെന്റ് മേരീസ് ദൈവാലയ സെമിത്തേരിയിൽ നടന്നു. പ്രിയപ്പെട്ട സിസ്റ്ററിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കാം.

**10. സ്നേഹസ്മൃതി**

1. റവ. ഫാ. ഷാബോർ വള്ളവന്തറ സി.എം.ഐ - 01-06-1963
2. റവ. ഫാ. റാഫേൽ തറയിൽ - 03-06-2007
3. റവ. ഫാ. ജോർജ് വണ്ടർകുന്നേൽ - 03-06-2021
4. റവ. ഫാ. മാത്യു തെക്കേക്കുളം - 04-06-2021
5. റവ. ഫാ. സിറിയക് ചെമ്മാഴം - 04-06-1985
6. റവ. ഫാ. മാത്യു വില്ലന്താനം - 05-06-2015
7. റവ. ഫാ. തോമസ് കാട്ടൂർ - 08-06-1977
8. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 09-06-1986
9. റവ. ഫാ. ഫ്രെഡറിക് ആലഞ്ചേരി സി.എം.ഐ. - 10-06-1982
10. റവ. ഫാ. സെബാസ്റ്റ്യൻ പുളിയന്മാക്കൽ - 10-06-1994
11. റവ. ഫാ. ജോസഫ് അരഞ്ഞാണിപുത്തൻപുര - 11-06-2005
12. റവ. ഫാ. മാത്യു കുരുവൻപ്ലാക്കൽ - 15-06-2015
13. റവ. ഫാ. പോൾ മൂശാരിയേട്ട് - 19-06-2006
14. റവ. മോൺ. ജേക്കബ് വാരികാട്ട് - 21-06-2001
15. റവ. ഫാ. ജോസഫ് അടിപുഴ - 21-06-2008
16. റവ. ഫാ. സെബാസ്റ്റ്യൻ സി.എം.ഐ. - 24-06-1974
17. റവ. മോൺ. വർക്കി കുഴികുളത്തിൽ - 24-06-2009
18. റവ. ഫാ. അബ്രാഹം ആനശ്ശേരിൽ - 24-06-2019
19. റവ. ഫാ. ഫുൾജെൻസിയൂസ് തെക്കേമാളിയേക്കൽ സി.എം.ഐ. - 25-06-1970
20. റവ. ഫാ. മരിയാദാസ് കുഴുപ്പിൽ സി.എം.ഐ. - 24-06-2003
21. റവ. ഫാ. ജോൺ വിയാനി സി.എം.ഐ. - 26-06-1986
22. റവ. ഫാ. അന്തോണിനൂസ് കണിയാംകുന്നേൽ സി.എം.ഐ. - 28-06-2004
23. റവ. ഫാ. അഗസ്റ്റിൻ വിലങ്ങപ്പാറ സി.എം.ഐ. - 30-06-2007

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*



# അനുസ്മരണം

## റവ. ഫാ. ജോൺ മുല്ലക്കര (80)

തലശ്ശേരി അതിരൂപതാംഗമായ ബഹു. ജോൺ മുല്ലക്കര അച്ചൻ 2025 മെയ് 3 ന് നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. കരുവഞ്ചാലിലുള്ള വൈദിക മന്ദിരത്തിൽ വിശ്രമജീവിതം നയിക്കുകയിരുന്ന ജോണച്ചൻ ചികിത്സാർത്ഥം ആശുപത്രിയിൽ കഴിയുന്നതിനിടയാണ് മരണം സംഭവിച്ചത്. തലശ്ശേരി അതിരൂപതയുടെ വളർച്ചക്കും മലബാറിന്റെ വികസനത്തിനുമായി വിസ്മരിക്കാനാവാത്ത സംഭാവനകൾ നല്കിയ ശ്രേഷ്ഠനായ ഒരു പുരോഹിതനാണ് വിട പറഞ്ഞിരിക്കുന്നത്.

പാലാ രൂപതിയലെ മുട്ടുചിറ ഇടവകയിൽ മുല്ലക്കര പരേതരായ വർക്കി - അമ്മ ദമ്പതികളുടെ മകനായി 1945 മെയ് 4 നാണ് ബഹു. ജോണച്ചൻ ജനിച്ചത്. ദേവസ്യാ മുല്ലക്കര, പരേതരായ ജോസഫ് മുല്ലക്കര, ത്രേസ്യാമ്മ പാണ്ടനാട്ട് എന്നിവരാണ് ജോണച്ചന്റെ സഹോദരങ്ങൾ. സ്കൂൾ വിദ്യാഭ്യാസത്തിനുശേഷം വൈദികപരിശീലനത്തിനായി തലശ്ശേരി മൈനർ സെമിനാരിയിൽ പ്രവേശിച്ചു. ആലുവ സെന്റ് ജോസഫ്സ് പൊന്തിഫിക്കൽ സെമിനാരിയിൽ നിന്ന് തത്വശാസ്ത്ര - ദൈവശസ്ത്ര പഠനങ്ങൾ പൂർത്തിയാക്കി. 1970 ഡിസംബർ 12 ന് മുട്ടുച്ചിറ ഹോളി സ്പിരിറ്റ് പള്ളിയിൽ വച്ച് അഭിവന്ദ്യ മാർ സെബാസ്റ്റ്യൻ വള്ളോപ്പിള്ളി പിതാവിൽ നിന്ന് തിരുപ്പട്ടം സ്വീകരിച്ചു.

1971 ഏപ്രിൽ 18 മുതൽ 1972 ഏപ്രിൽ 30 വരെ വെള്ളാട് പള്ളിയിൽ അസ്തേന്തിയായിട്ടാണ് ബഹു. ജോണച്ചൻ പൗരോഹിത്യ ശുശ്രുഷ ആരംഭിച്ചത്. പൊട്ടംപ്ലാവ്, കൂമ്പാറ (താമരശ്ശേരി രൂപത), വിളക്കന്നൂർ, പുറവയൽ, അരീക്കമല, കരിക്കോട്ടക്കി, വെള്ളാട്, പൈസക്കരി, ആലക്കോട്, വെളിമാനം, തിരുമേനി, മണ്ഡപം, അങ്ങാടിക്കടവ്, പയ്യന്നൂർ എന്നീ പള്ളികളിൽ വികാരിയായി ശുശ്രൂഷ നിർവ്വഹിച്ചതിനുശേഷം 2021 ജൂൺ 12-ാം തീയതി മുതൽ കരുവഞ്ചാൽ പ്രീസ്റ്റ് ഹോമിൽ വിശ്രമജീവിതം നയിച്ചു വരികയായിരുന്നു.

വിളക്കന്നൂർ, അരീക്കമല എന്നിവിടങ്ങളിൽ ദൈവാലയങ്ങൾ നിർമ്മിച്ചു. പൊട്ടംപ്ലാവിലെ ആദ്യത്തെ പള്ളി ജോണച്ചനാണ് നിർമ്മി

ച്ചത്. പൊട്ടംപ്ലാവ്, വിളക്കന്നൂർ എന്നിവിടങ്ങളിൽ എൽ.പി. സ്കൂൾ പണിതു. പുറവയലിൽ സൺഡേസ്കൂൾ കെട്ടിടവും കരിക്കോട്ടക്കരി, ബാലേശുഗിരി, തിരുമേനി എന്നിവിടങ്ങളിൽ വൈദികമന്ദിരവും പണിതു. കരിക്കോട്ടക്കരിയിൽ എൽ.പി. സ്കൂൾ കെട്ടിടത്തിന്റെ ഒരു നിലയും കൂമ്പാറയിൽ സെമിത്തേരിയും ഗവൺമെന്റ് ആശുപത്രിക്കായി കെട്ടിടവും വിളക്കന്നൂരിൽ ലാറ്റക്സ് ഫാക്ടറിയും പൊതുജനസഹകരണത്തോടെ നിർമ്മിക്കുവാൻ ബഹു. ജോണച്ചന് കഴിഞ്ഞു. വെള്ളാട് പള്ളിക്കു മുമ്പിലുള്ള ഗ്രൗണ്ടും സ്റ്റേജും അച്ചന്റെ കാലത്താണ് നിർമ്മിച്ചത്. അൽഫോൻസാഗിരി (തേർമല) പള്ളിക്കു തുടക്കം കുറിച്ചത് ജോണച്ചനാണ്.

പൈസക്കരിയിൽ സെമിത്തേരി കപ്പേള, ഗ്രോട്ടോ, എന്നിവ കൂടാതെ സ്വാശ്രയ പ്ലസ്ടു, ഭഗവത്പാദ ITC, കമ്പ്യൂട്ടർ സെന്റർ, ദൈവമാതാ കോളേജ്, എന്നിവയ്ക്ക് തുടക്കം കുറിക്കുവാൻ ജോണച്ചന് കഴിഞ്ഞു. അരീക്കമല നസ്രത്ത് കോൺവെന്റ്, വിളക്കന്നൂർ തിരുഹൃദയ കോൺവെന്റ്, പൈസക്കരി അപ്പസ്തോലിക് ഒബ്ലേറ്റ്സ് കോൺവെന്റ്, എന്നീ മഠങ്ങൾ ആരംഭിക്കുവാൻ ജോണച്ചൻ മുൻകൈ എടുത്തു. ആലക്കോട് പാരീഷ് ഹാൾ പണിതു. മാതാവിന്റെ വലിയ തിരുസ്വരൂപം ആലക്കോട് പള്ളിയുടെ മുറ്റത്ത് സ്ഥാപിച്ചു. ആലക്കോട് മേരിമാതാ കോളേജ് കെട്ടിത്തിന്റെ ഒരു നിലയുടെ പണി പൂർത്തിയാക്കി. വെളിമാനത്ത് സ്കൂൾ കെട്ടിടത്തിന്റെ പണികൾ പൂർത്തിയാക്കുകയും വൈദിക മന്ദിരം പുതുക്കി പണിയുകയും ബാങ്കിന്റെ കെട്ടിടം പണി പൂർത്തിയാക്കുകയും വഴിയോരത്ത് ഗ്രോട്ടോ പണിയുകയും ചെയ്തു. 'ക്രിസ്തു ഷർദ്ദാന്റെ വീക്ഷണത്തിൽ' എന്ന പേരിൽ ഒരു പുസ്തകം അച്ചൻ രചിച്ചു.

1971 മുതൽ 2025 വരെയുള്ള 54 വർഷത്തെ പൗരോഹിത്യ ജീവിതം കൊണ്ട് തലശ്ശേരി അതിരൂപതയുടെ വളർച്ചക്ക് നിരവധി സംഭാവനകൾ നല്കിയ ഇടയനായിരുന്നു ബഹു. ജോണച്ചൻ. നിശ്ചയദാർഢ്യവും ധീരതയും അച്ചന്റെ സ്വഭാവസവിശേഷതകളായിരുന്നു. തലശ്ശേരി അതിരൂപതയുടെ ആധ്യാത്മികവും ഭൗതീകവുമായ വളർച്ചക്ക് അച്ചൻ നല്കിയ സംഭാവകൾ എക്കാലവും ഓർമ്മിക്കപ്പെടും. കരിസ്മാറ്റിക് നവീകരണ പ്രസ്ഥാനങ്ങളുടെ ആദ്യകാലത്തെ നേതാക്കൻമാരിൽ ഒരാളായിരുന്നു ജോണച്ചൻ. വലിയ കൺവെൻഷനുകൾ സംഘടിപ്പിക്കുവാൻ ജോണച്ചന് കഴിഞ്ഞു. മലബാറിലെ ഒട്ടനവധി ഇടവകകളിൽ ധ്യാന പ്രസംഗങ്ങൾ നടത്തി. ബഹു. ജോണച്ചൻ ഉജ്ജ്വല വാഗ്മി ആയിരുന്നു.

കാര്യങ്ങൾ ഏറ്റവും നവീനമായി ചെയ്യുവാൻ ജോണച്ചന് പ്രത്യേക കഴിവ് ഉണ്ടായിരുന്നു. മികച്ച സംഘാടകനായിരുന്ന ജോണച്ചന് ദൈവ ജനത്തെ സജീവമായി നിലനിർത്തുവാൻ കഴിഞ്ഞിരുന്നു.

കുടുംബക്കൂട്ടായ്മകൾ ഏറ്റവും ഭംഗിയായി നടത്തുവാൻ ജോണച്ചൻ ശ്രദ്ധിച്ചിരുന്നു. ഇടവകകളുടെയും നാടിന്റെയും വളർച്ചക്ക് ആവശ്യമായ കാര്യങ്ങൾ ദൈവജനത്തെ ബോദ്ധ്യപ്പെടുത്തി അത് നടപ്പിലാക്കുവൻ ജോണച്ചന് പ്രത്യേക സിദ്ധിയുണ്ടായിരുന്നു. ആരോടും പറയേണ്ട കാര്യം കൃത്യമായി ജോണച്ചൻ പറഞ്ഞിരുന്നു. കഠിനാദ്ധ്വാനം ജോണച്ചന്റെ അജപാലന ശൈലിയായിരുന്നു. ഒന്നും ചെയ്യാതെ വെറുതെ ഇരുന്ന് ഇടവകയിൽ നിന്ന് മാറിപോകുന്ന ഒരു രീതി അച്ചന് ഉണ്ടായിരുന്നില്ല. ആഴമായ പ്രാർത്ഥന ജീവിതത്തിലൂടെ അദ്ദേഹം പ്രതിസന്ധികളെ അതിജീവിച്ചു. നമ്മുടെ അതിരൂപതയിൽ പൈസക്കരി ഇടവകയെ ഏവരും ശ്രദ്ധിക്കുന്ന ഒരു ഇടവകയാക്കി മാറ്റിയത് ബഹു. ജോണച്ചനാണ്. പൈസക്കരിയുടെ ശില്പിയെന്ന് ജോണച്ചനെ വിളിക്കുന്നതിൽ അതിശയോക്തിയില്ല.

തലശ്ശേരി അതിരൂപതയിൽ പ്രഭ ചൊരിഞ്ഞു നിന്ന ഒരു വിളക്കുമരമാണ് അണഞ്ഞിരിക്കുന്നത്. വൈദികർക്ക് അച്ചൻ ആവേശവും പ്രചോദനവുമായിരുന്നു. തന്റെ ആശയങ്ങളും ദർശനങ്ങളും കൃത്യമായി വൈദിക സമ്മേളങ്ങളിൽ അച്ചൻ അറിയിക്കുമായിരുന്നു. കാർക്കശ്യക്കാരൻ എന്ന തോന്നൽ ഉണ്ടാക്കിയപ്പോഴും പാവങ്ങളോട് കരുണ കാണിച്ച, ദൈവജനത്തിന്റെ ഹൃദയങ്ങളിൽ ഇടം പിടിച്ച വൈദികനായിരുന്നു ജോണച്ചൻ. പ്രിയപ്പെട്ട ജോണച്ചാ, അങ്ങയുടെ വേർപാട് വലിയ ശൂന്യത ഞങ്ങൾക്ക് നല്കുന്നുണ്ട്. അങ്ങയുടെ പാദം പതിഞ്ഞ ശുശ്രൂഷാ മേഖലകൾ അങ്ങയുടെ ജ്വലിക്കുന്ന ഓർമ്മകൾ നിലനിർത്തും. ഈശോ നിത്യസമ്മാനം നല്കി അങ്ങയുടെ ശുശ്രൂഷാ ജീവിതത്തിന് പ്രതിഫലം നല്കട്ടെ. ഞങ്ങൾക്ക് ഏറ്റവും പ്രിയപ്പെട്ട ജോണച്ചന് യാത്രാ മംഗളങ്ങൾ.

**ഫാ. ജോസഫ് മുട്ടത്തുകുന്നേൽ**
*ചാൻസലർ*

# കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റ്

"ഈശോ ജ്ഞാനത്തിലും പ്രായത്തിലും ദൈവത്തിന്റെയും മനുഷ്യരുടെയും പ്രീതിയിലും വളർന്നുവന്നു" (ലൂക്കാ 2:52).

### 1. ഹൃദയപൂർവ്വം നന്ദി

2018 മുതൽ കഴിഞ്ഞ ഏഴ് വർഷക്കാലം കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റോലേറ്റിന്റെ ഡയറക്ടറായി ശുശ്രൂഷ ചെയ്തതിനുശേഷം ബഹു. ജേക്കബ് വെണ്ണായപ്പിള്ളിൽ അച്ചൻ പുതിയ അജപാലനമേഖലയായ ചുണ്ടപ്പറമ്പ് സെന്റ് ആന്റണീസ് പള്ളി വികാരിയായി ചുമതലയേറ്റു.

അർപ്പണബോധത്തോടും നിസ്വാർത്ഥമായും അച്ചൻ ചെയ്ത ശുശ്രൂഷകളെ നന്ദിയോടെ സ്മരിക്കുന്നു. ആഴമേറിയ ദൈവശാസ്ത്ര പാണ്ഡിത്യവും വിശാലമായ അജപാലന പരിചയസമ്പത്തും സ്വതസിദ്ധമായ കർമ്മശേഷിയും കൈമുതലായുള്ള അച്ചൻ കഴിഞ്ഞ ഏഴ് വർഷക്കാലം വിശ്വാസപരിശീലനരംഗത്തെ മികച്ചരീതിയിൽ മുന്നോട്ട് നയിച്ചു. മതബോധനക്ലാസ്സുകൾ കൂടുതൽ ആകർഷകവും അനുഭവപ്രദവുമാക്കാൻ നൂതനങ്ങളായ കർമ്മപദ്ധതികൾ അച്ചൻ ആവിഷ്ക്കരിച്ച് നടപ്പിലാക്കി. അച്ചൻ രൂപകല്പനചെയ്ത വർണ്ണപ്പകിട്ടാർന്ന ഉപപാഠ പുസ്തകങ്ങളും വിശ്വാസോത്സവ വർക്കുബുക്കുകളും കുട്ടികൾ ആഹ്ലാദത്തോടെ പഠിച്ചു. കുട്ടികളുടെ വിശ്വാസപരിശീലനം സൺഡേ സ്കൂൾ ഭിത്തികൾക്കുള്ളിൽ മാത്രം ചുരുങ്ങേണ്ടതല്ലെന്നും മാതാപിതാക്കളും ഇടവകാസമൂഹം മുഴുവനും ഈ ശുശ്രൂഷയിൽ ഭാഗഭാക്കാകണമെന്നും അച്ചൻ ഉദ്ബോധിപ്പിച്ചു. ഇതിന്റെ ഭാഗമായി കുടുംബത്തിൽ മാതാപിതാക്കളും മക്കളും ഒരുമിച്ചുചേർന്ന് വിശ്വാസപരിശീലനം നേടുന്ന "മതബോധന മണിക്കൂർ" പോലെയുള്ള നിരവധി കർമ്മപരിപാടികൾ നടപ്പിലാക്കി. ഇതുവഴിയായി കുട്ടികളും മാതാപിതാക്കളും തമ്മിലുള്ള ബന്ധങ്ങൾ കൂടുതൽ സുദൃഢമാവുകയും മുതിർന്നവർക്കായുള്ള തുടർവിശ്വാസപരിശീലന പ്രവർത്തനങ്ങൾ ശക്തിപ്പെടുകയും ചെയ്തു.

കോവിഡ് മഹാമാരിയുടെ കാലത്ത് എല്ലാ സംവിധാനങ്ങളും നിശ്ചലമായപ്പോൾ മതബോധനക്ലാസ്സുകൾ ഓൺലൈനായി

നൽകാമെന്ന് അച്ചൻ കണ്ടെത്തുകയും ഫലപ്രദമായ രീതിയിൽ അത് നടപ്പിലാക്കുകയും ചെയ്തു. സ്തുത്യർഹമായ രീതിയിൽ അച്ചൻ ചെയ്ത ഈ വിശ്വാസപരിശീലന ശുശ്രൂഷയെ, 2020-2021 ൽ സീറോ മലബാർ കാറ്റക്കെറ്റിക്കൽ കമ്മിഷൻ പ്രത്യേക അവാർഡ് നൽകി അനുമോദിക്കുകയുണ്ടായി. കഴിഞ്ഞ ഏഴ് വർഷക്കാലം നമ്മുടെ അതിരൂപതയിലെ മുഴുവൻ ഇടവകകളും സൺഡേസ്കൂളുകളും പലപ്രാവശ്യം സന്ദർശിച്ച് മാതാപിതാക്കളോടും മതാധ്യാപകരോടും കുഞ്ഞുങ്ങളോടും സംവദിച്ച് അവരെ വിശ്വാസത്തിൽ ആഴപ്പെടുത്താൻ അച്ചന് കഴിഞ്ഞു.

അച്ചന്റെ നിസ്തുലമായ സേവനങ്ങൾക്ക് മതബോധന കുടുംബാംഗങ്ങളുടെ ഹൃദയപൂർവ്വകമായ നന്ദി. പുതിയ കർമ്മമേഖലയിൽ വിജയാശംസകൾ നേരുന്നു. നല്ല ഇടയനായ ഈശോ അച്ചന്റെ അജപാലനശുശ്രൂഷയെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കഴിഞ്ഞ നാല് വർഷക്കാലം ജേക്കബ് വെണ്ണായപ്പിള്ളിൽ അച്ചനോടു ചേർന്ന് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ അസി. ഡയറക്ടറായി ശുശ്രൂഷ ചെയ്ത ബഹു. ഫാ. ജോസഫ് വടക്കേപ്പറമ്പിൽ അച്ചന് ഹൃദയപൂർവ്വം നന്ദി. പുതിയകർമ്മരംഗത്ത് എല്ലാ ദൈവാനുഗ്രഹങ്ങളും നേരുന്നു.

**2. സ്വാഗതം**

2025 മെയ് 10-ാം തീയതി കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഡയറക്ടറായി നിയമിതനായ ബഹു. ആന്റണി കിടാരത്തിൽ അച്ചന് ഹൃദ്യമായ സ്വാഗതം. അച്ചന്റെ ഫോൺ നമ്പർ: 9778194799.

**3. മതബോധന ഞായർ - ജൂൺ 1**

2025-26 അധ്യയനവർഷത്തെ വിശ്വാസപരിശീലന പ്രവർത്തനങ്ങൾ ജൂൺ 1 ഞായറാഴ്ച ആരംഭിക്കും. കഴിഞ്ഞ അധ്യയനവർഷത്തിൽ നല്കിയ സഹകരണത്തിനും പ്രോത്സാഹനത്തിനും പ്രത്യേകം നന്ദി പറയുന്നു. പുതിയ അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് താഴെപ്പറയുന്ന നിർദ്ദേശങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. എല്ലാ മാസവും ബഹു. വികാരിയച്ചന്റെ അധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ഓരോ മാസത്തേയും അതിരൂപതാ ബുള്ളറ്റിനിൽ വിശ്വാസപരിശീലനത്തെ സംബന്ധിച്ച് കൊടുക്കുന്ന കാര്യങ്ങൾ സ്റ്റാഫിൽ പൊതുവായി വായിക്കേണ്ടതും ചർച്ച ചെയ്യേണ്ടതുമാണ്. ഓഫീസുമായി ബന്ധപ്പെട്ട കാര്യങ്ങൾ കൃത്യസമയത്തുതന്നെ ചെയ്ത് സഹകരിക്കണം. എല്ലാ വിശ്വാസപരിശീലകരും ടീച്ചിംഗ് നോട്ട് എഴുതുകയും ഹാൻഡ് ബുക്ക് ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചനോ, ഹെഡ്മാസ്റ്ററോ അവ പരിശോധിക്കുകയും വേണം.

2. കുട്ടികൾക്ക് ക്ലാസിലെ പഠനം കൂടാതെ മാസത്തിലൊരിക്കൽ ക്ലാസ്സടിസ്ഥാനത്തിലോ പല ക്ലാസുകൾകൂടിയോ ഒരു മണിക്കൂർ ആരാധന നടത്തുമല്ലോ. പ്രായോഗിക മതബോധനത്തിന്റെ ഭാഗമായി ടേമിൽ ഒരിക്കൽ ആതുരാലയങ്ങൾ സന്ദർശിക്കുന്നതിനും അന്തേവാസികളെ ശുശ്രൂഷിക്കുന്നതിനും കുട്ടികൾക്ക് അവസരം ഒരുക്കി കൊടുക്കേണ്ടതാണ്. കൂടാതെ എൽ.സി.ഡി പ്രോജക്ടർ ഉപയോഗിച്ച് പാഠങ്ങളും, വിശുദ്ധരുടെ ജീവചരിത്രവും ധാർമികമൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന നല്ല ഫിലിമുകളും കുട്ടികളെ പൊതുവായി കാണിക്കേണ്ടതാണ്. അതിനായി സ്മാർട്ട് ക്ലാസ് റൂമുകൾ തയ്യാറാക്കുന്നത് നല്ലതാണ്.

3. വിശ്വാസപരിശീലന ക്ലാസുകൾക്ക് 2 മണിക്കൂർ സമയം കിട്ടുന്ന രീതിയിൽ ക്ലാസുകളുടെ സമയം പുനഃക്രമീകരിക്കണം.

4. പഠനത്തിനായി ഇടവകയ്ക്ക് പുറത്ത് പോകുന്ന കുട്ടികൾ അവർ പഠിക്കാൻ പോകുന്ന സ്ഥലത്തുള്ള ഇടവക ദൈവാലയത്തിൽ മതബോധന ക്ലാസുകളിൽ സംബന്ധിക്കേണ്ടതാണെന്നും പഠനം പൂർത്തിയാക്കിയതായ കത്ത് ഹാജരാക്കിയാൽ വാർഷികപരീക്ഷ സ്വന്തം ഇടവകയിൽ നടത്താൻ അവസരമുണ്ടായിരിക്കുമെന്നും ബഹു. അച്ചന്മാർ പള്ളിയിൽ അറിയിക്കുമല്ലോ.

5. എല്ലാ സൺഡേസ്കൂളിലും ഓഫീസും സ്റ്റാഫ്മീറ്റിംഗ് കൂടുന്നതിനാവശ്യമായ സൗകര്യങ്ങളും ക്രമീകരിക്കേണ്ടതാണ്. ഓഫീസ് വൃത്തിയായി സൂക്ഷിക്കുകയും റിക്കോർഡുകളും ഫയലുകളും മറ്റു രേഖകളും കൃത്യമായും ക്രമമായും അലമാരകളിൽ സൂക്ഷിക്കേണ്ടതുമാണ്. ഓഫീസിന് പുറത്ത് സൺഡേസ്കൂൾ ഓഫീസ് എന്നെഴുതിയ ബോർഡ് സ്ഥാപിക്കേണ്ടതും ഓഫീസിനുള്ളിൽ ആപ്തവാക്യം (ലൂക്കാ 2:52) ഭംഗിയായി എഴുതി വയ്ക്കേണ്ടതുമാണ്.

### 4. വിശ്വാസപരിശീലന പ്രവർത്തനവർഷ ഉദ്ഘാടനം

2025-2026 അധ്യയനവർഷത്തെ വിശ്വാസപരിശീലനപ്രവർത്തനങ്ങളുടെ ഔദ്യോഗിക ഉദ്ഘാടനം **പാത്തൻപാറ സെന്റ് ആന്റണിസ് ദൈവാലയത്തിൽ** വച്ച് അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവ്വഹിക്കുന്നതാണ്.

### 5. പ്രവേശനോത്സവം

2025-2026 വർഷത്തിൽ ഒന്നാം ക്ലാസ്സിൽ ചേരുന്ന കുട്ടികളുടെ പ്രവേശനോത്സവം ജൂൺ 01 ഞായറാഴ്ചയോ ജൂൺ 08 ഞായറാഴ്ചയോ ആഘോഷമായി നടത്തേണ്ടതാണ്.

### 6. സ്റ്റാഫ് മീറ്റിംഗ്

സൺഡേസ്കൂൾ പ്രവർത്തനവർഷാരംഭത്തിനുമുമ്പായി ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ സ്റ്റാഫ് മീറ്റിംഗ് കൂടി ക്ലാസ്സ് ഫിക്സേഷൻ

നടത്തി പുതിയ അധ്യയനവർഷത്തിൽ നടപ്പിലാക്കേണ്ട കർമ്മപദ്ധതികൾക്ക് രൂപം കൊടുക്കണം.

**7. നന്ദി ... ആശംസകൾ ...**

പനത്തടി ഫൊറോനയിൽ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കിയ വെരി. റവ. ഫാ. ജോസഫ് വാരണത്ത് അച്ചന് കാറ്റക്കെറ്റിക്കൽ അപ്പൊസ്റ്റൊലേറ്റിന്റെ ഹൃദ്യമായ നന്ദി. പുതിയ ഡയറക്ടറായ വെരി. റവ. ഫാ. ജോസഫ് പൂവത്തോലിൽ അച്ചന് അഭിനന്ദനങ്ങളും ആശംസകളും നേരുന്നു.

**8. ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് – ജൂൺ 14 ശനി**

2025–2026 അധ്യയനവർഷത്തെ ഹെഡ്മാസ്റ്റേഴ്സ് കോൺഫറൻസ് തലശ്ശേരി സാൻജോസ് മെട്രോപ്പോളിറ്റൻ സ്കൂൾ ഓഡിറ്റോറിയത്തിൽ വച്ച് നടത്തുന്നു. കോൺഫറൻസ് ജൂൺ 14 ശനിയാഴ്ച രാവിലെ 9:30 ന് ആരംഭിച്ച് ഉച്ചക്ക് 1:00 മണിക്ക് സമാപിക്കുന്നതാണ്. കോൺഫറൻസിൽവെച്ച് വിശ്വാസപരിശീലനമേഖലയിൽ 25, 50 വർഷങ്ങൾ പൂർത്തിയാക്കിയവരെ ആദരിക്കുന്നു. കൂടാതെ 2024–2025 പ്രവർത്തനവർഷത്തെ വിവിധ അവാർഡുകൾ, സ്കോളർഷിപ്പുകൾ എന്നിവ വിതരണം ചെയ്യുന്നതാണ്. അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് പങ്കെടുക്കുന്ന കോൺഫറൻസിൽ എല്ലാ ഹെഡ്മാസ്റ്റർമാരും നിർബന്ധമായും പങ്കെടുക്കേണ്ടതാണ്.

**9. ആമുഖസെമിനാർ ജൂലൈ 10–13**

തുടക്കക്കാരായ വിശ്വാസപരിശീലകർക്കായി ജൂലൈ 10 മുതൽ 13 വരെയുള്ള തീയതികളിൽ ആമുഖസെമിനാർ സന്ദേശഭവനിൽ വച്ച് സംഘടിപ്പിക്കുന്നു. സെമിനാർ ജൂലൈ മാസം 10–ാം തീയതി വ്യാഴാഴ്ച വൈകുന്നേരം 5 മണിക്ക് ആരംഭിച്ച് 13–ാം തീയതി ഞായറാഴ്ച ഉച്ചയ്ക്ക് 1 മണിക്ക് അവസാനിക്കുന്നതാണ്. ഇതുവരെയും ആമുഖസെമിനാറിൽ പങ്കെടുക്കാത്ത എല്ലാ വിശ്വാസപരിശീലകരും നിർബന്ധമായും സെമിനാറിൽ പങ്കെടുക്കേണ്ടതാണ്. സെമിനാറിന്റെ ഫീസ് 1600 രൂപയായിരിക്കും.

**10. എയ്ഞ്ചൽ നഴ്സറി**

സീറോമലബാർ കാറ്റക്കെറ്റിക്കൽ കമ്മീഷന്റെ നിർദ്ദേശമനുസരിച്ച് തലശ്ശേരി അതിരൂപതയിലെ എല്ലാ സൺഡേ സ്കൂളുകളിലും ഒന്നാം ക്ലാസിന് മുമ്പുള്ള കുട്ടികൾക്കായി എയ്ഞ്ചൽ നഴ്സറി ആരംഭിക്കേണ്ടതാണ്. പുസ്തകം ഓഫീസിൽ ലഭ്യമാണ്.

**11. ഫുൾഡേ ക്ലാസ്**

വാർഷിക കലണ്ടറിൽ നല്കിയിരിക്കുന്നപ്രകാരം മാസത്തിലെ അവസാന ഞായറാഴ്ച എല്ലാ സൺഡേസ്കൂളുകളിലും ഫുൾഡേ ക്ലാസ് നടത്തേണ്ടതാണ്. ഗ്രൂപ്പുകളുടെ കലാപരിപാടികൾ, സംഘടനാപ്രവർത്തനങ്ങൾ,

സെമിനാറുകൾ, ആരാധന, കുമ്പസാരം മുതലായവയ്ക്ക് ഉച്ചകഴിഞ്ഞുള്ള സമയം പ്രയോജനപ്പെടുത്താവുന്നതാണ്.

**12. ഫൊറോന കമ്മിറ്റി**

ബഹു. ഫൊറോന ഡയറക്ടറച്ചൻ അദ്ധ്യക്ഷനായുള്ള ഫൊറോന കമ്മിറ്റിയാണ് ഫൊറോനയിലെ വിശ്വാസപരിശീലനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത്. അതിരൂപതാ വിസിറ്ററും ഫൊറോനകമ്മിറ്റിയിലെ അംഗമാണ്. ജൂൺ മാസത്തിൽ ഫൊറോന കമ്മിറ്റി കൂടേണ്ടതാണ്. ഫൊറോന പ്രസിഡന്റ്, സെക്രട്ടറി, വിസിറ്റർ എന്നിവരിൽ ആരെയെങ്കിലും പുതുതായി തെരെഞ്ഞെടുത്തിട്ടുണ്ടെങ്കിൽ അവരുടെ പേര്, അഡ്രസ്സ്, ഫോൺനമ്പർ മുതലായവ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

**13. പാഠപുസ്തക - ഉപപാഠപുസ്തക വിതരണം**

1 മുതൽ 12 വരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഉപപാഠപുസ്തകങ്ങളും ജൂൺ 04 മുതൽ ജൂൺ 07 വരെയുള്ള തീയതികളിൽ ഫൊറോന അടിസ്ഥാനത്തിൽ വിതരണം ചെയ്യുന്നതാണ്. ജൂൺ 01 ഞായറാഴ്ച തന്നെ ആവശ്യമായ പാഠപുസ്തകങ്ങളുടെയും ഉപപാഠപുസ്തകങ്ങളുടെയും എണ്ണം ശേഖരിക്കേണ്ടതാണ്. ഓരോ ഇടവകയ്ക്കും ആവശ്യമായ പുസ്തകങ്ങളുടെ എണ്ണം ബഹു. ഫൊറോന പ്രസിഡണ്ടിനെ അറിയിക്കണം. ഫൊറോന പ്രസിഡണ്ടും സെക്രട്ടറിയും ഓഫീസിൽ വന്ന് ഫൊറോനയ്ക്കാവശ്യമായ പുസ്തകങ്ങൾ കൊണ്ടുപോകേണ്ടതാണ്.

**14. പാഠപുസ്തകങ്ങളുടെ വില**

| | |
|---|---|
| ക്ലാസ്സ് I - III | : 45 രൂപ |
| ക്ലാസ്സ് IV - XII | : 50 രൂപ |
| ഇംഗ്ലീഷ് പുസ്തകങ്ങൾ | : 55 രൂപ |
| ഉപപാഠപുസ്തകങ്ങൾ I - IX | : 30 രൂപ |
| ഉപപാഠപുസ്തകം X - XI | : 35 രൂപ |
| ഉപപാഠപുസ്തകം XII | : 30 രൂപ |
| ജീവന്റെ അപ്പം | : 65 രൂപ |

**15. ഓഫീസിൽ അടയ്ക്കേണ്ട തുകകൾ**

2025-2026 പ്രവർത്തന വർഷത്തിൽ ഓഫീസിൽ അടയ്ക്കേണ്ട വിവിധ തുകകൾ (പാഠപുസ്തകങ്ങൾ, ഉപപാഠപുസ്തകങ്ങൾ, സ്റ്റുഡന്റ്സ് ഫണ്ട്, ചോദ്യപേപ്പർ) ശേഖരിച്ച് ബാങ്ക് വഴി അടയ്ക്കണമെന്ന് ഓർമിപ്പിക്കുന്നു. തുക ട്രാൻസ്ഫർ ചെയ്യുന്നവർ ഡയറക്ടറച്ചനെ ഫോൺ വഴി അറിയിക്കുകയോ വാട്സ്ആപ്പ് നമ്പറിലേക്ക് സന്ദേശം നൽകുകയോ ചെയ്യണം.

A/c Holder : Department of Catechesis
A/c No : 0078053000073503
IFSC : SIBL 0000078
Bank : South Indian Bank, Thalassery

**16. ഹെഡ്മാസ്റ്റർമാരുടെ ഓൺലൈൻ മീറ്റിംഗ് - നന്ദി**

മെയ് 23 വെള്ളിയാഴ്ച രാത്രി 8.00 മുതൽ 9.30 വരെ ഹെഡ്മാസ്റ്റർമാരുടെ ഓൺലൈൻ മീറ്റിംഗ് നടത്തി. മീറ്റിംഗിൽ പങ്കെടുത്ത എല്ലാവർക്കും നന്ദി.

**17. സീറോമലബാർ പ്രതിഭാസംഗമം - 2025**

സീറോമലബാർ വിശ്വാസപരിശീലന കമ്മീഷൻ മെയ് 16,17,18 തീയതികളിൽ നടത്തിയ സംസ്ഥാനതല പ്രതിഭാസംഗമത്തിൽ അതിരൂപതയിൽ നിന്നും ഏബൽ സെബാസ്റ്റ്യൻ തോട്ടുങ്കൽ, പയ്യന്നൂർ, കാൽവിൻ ജോ വർഗീസ് പൊട്ടക്കുളം, പേരട്ട, അലീന മരിയ ജിമ്മി കാഞ്ഞിരത്തിങ്കൽ, ചെമ്പേരി, ക്രിസ് മേരി ബെനഡിക്ട് വെട്ടിക്കാട്ട്, എടൂർ എന്നീ കുട്ടികൾ പങ്കെടുത്തു.

**18. വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റ്**

വിശ്വാസോത്സവ ദിവസങ്ങളിൽ "ദൈവവചനം" എന്ന വിഷയത്തെ ആസ്പദമാക്കി കുട്ടികൾക്കായി നടത്തിയ റവ. ഫാ. അബ്രാഹം ഒറ്റപ്ലാക്കൽ വിശ്വാസോത്സവ ആൽബം എൻഡോവ്മെന്റിന് കോട്ടൂർ സൺഡേസ്കൂൾ ഒന്നാം സ്ഥാനത്തിനും, കരിക്കോട്ടക്കരി സൺഡേസ്കൂൾ രണ്ടാം സ്ഥാനത്തിനും, വായാട്ടുപറമ്പ്, മാലോം സൺഡേസ്കൂളുകൾ മൂന്നാം സ്ഥാനത്തിനും അർഹരായി. വിജയികളായവർക്ക് അഭിനന്ദനങ്ങൾ.

**19. ASPCT പരീക്ഷ വിജയികൾ**

മാർച്ച് 9 ഞായറാഴ്ച ഉച്ചകഴിഞ്ഞ് 1.30 മുതൽ 3.00 മണിവരെ തളിപ്പറമ്പിൽവച്ച് വിശ്വാസപരിശീലകർക്കായി അവസാനഘട്ട എഴുത്തുപരീക്ഷ നടത്തി. മോളി മാത്യു കാരക്കടയിൽ, ജയഗിരി, സി. അനുജോസ് സിഎസ്എം, മുളപ്ര എന്നിവർ ഒന്നാം റാങ്കിനും, ഷിജി കണ്ടശ്ശാവടക്കേതിൽ, മാനടുക്കം രണ്ടാം റാങ്കിനും, ഷേർളി ജോർജ് മുക്കത്ത്, വട്ടിയറ, ലീലാമ്മ തങ്കച്ചൻ കൊടൂർ, ചുണ്ടപ്പറമ്പ് എന്നിവർ മൂന്നാം റാങ്കിനും, ടീന തോമസ് തേക്കുംകാട്ടിൽ ബളാൽ നാലാം റാങ്കിനും, സി. നവ്യ റോസ് എസ്എബിഎസ്, കാസർഗോഡ് അഞ്ചാം റാങ്കിനും അർഹരായി.

**20. ദൈവശാസ്ത്ര കോഴ്സ്**

ശാസ്ത്ര സാങ്കേതിക വളർച്ചയുടെ ഈ കാലഘട്ടത്തിൽ കുട്ടികൾക്ക് വിശ്വാസത്തിന്റെ ദൈവശാസ്ത്രപരവും ചരിത്രപരവുമായ അറിവ് പകർന്നുകൊടുക്കുവാൻ മതാധ്യാപകരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ചതാണ് *Lumen Ecclesiae* ദൈവശാസ്ത്ര കോഴ്സ്. ദൈവശാസ്ത്രം പഠിച്ചിട്ടില്ലാത്ത 60 വയസ്സിൽ താഴെയുള്ള എല്ലാ മതാധ്യാപകരെയും ദൈവശാസ്ത്രപഠനത്തിനായി അയയ്ക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുമല്ലോ. ഇടയ്ക്ക് വച്ച് മുടങ്ങിപ്പോയവരും നിർബന്ധമായും BTh കോഴ്സ് പൂർത്തിയാക്കേണ്ടതാണ്. രജിസ്ട്രേഷൻ ജൂൺ ആരംഭം മുതൽ നടത്താവുന്നതാണ്. രജിസ്ട്രേഷൻ ഫോം വെബ്സൈറ്റിൽ (alphathalassery.org) ലഭ്യമാണ്.

## 21. 2024-2025 അധ്യയനവർഷത്തെ IV, VII, X ക്ലാസ്സുകളിലെ സ്കോളർഷിപ്പ് പരീക്ഷാഫലങ്ങൾ

### A. IV-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ് 2024 - 2025**

| | | |
|---|---|---|
| 1. സിയ അന്ന പുതുപ്പറമ്പിൽ | മാങ്ങോട് | ഒന്നാം റാങ്ക് |
| 2. എലിസബത്ത് ചാിക്കുന്നേൽ | കോടോത്ത് | രണ്ടാം റാങ്ക് |
| 3. ഇവാനിയ മുകളേക്കാലായിൽ | തേർമല | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ഇസ മരിയ തണ്ണിപ്പാറ | ആലക്കോട് | ആലക്കോട് |
| 2. എലൈൻ ആൻ സോണി ആലയ്ക്കൽ | മണ്ടളം | ചെമ്പന്തൊട്ടി |
| 3. ആഷേർ കുഴിമുള്ളിൽ | പുലിക്കുരുമ്പ | ചെമ്പേരി |
| 4. എയ്ഡൻ ജോസ് കൂട്ടുങ്കൽ | കോഴിച്ചാൽ | ചെറുപുഴ |
| 5. സിയ അന്ന പുതുപ്പറമ്പിൽ | മാങ്ങോട് | എടൂർ |
| 6. എലിസബത്ത് ചാണ്ടികുന്നേൽ | കോടോത്ത് | കാഞ്ഞങ്ങാട് |
| 7. നോയൽ പുതിയിടത്തുചാലിൽ | മുള്ളേരിയ | കാസർഗോഡ് |
| 8. ലിയോണ ജ്യോതിസ് മറ്റപ്പള്ളി | കിളിയന്തറ | കുന്നോത്ത് |
| 9. ഡിയാന കൊച്ചുപറമ്പിൽ | ചുള്ളി | മാലോം |
| 10. അലോണ മരിയ പുതുപ്പറമ്പിൽ | മാട്ടറ | മണിക്കടവ് |
| 11. ഇതാൻ ടോം കണക്കശ്ശേരിൽ | പെരിങ്ങാല | മേരിഗിരി |
| 12. ഇവാനിയ മുകളേക്കാലായിൽ | തേർമല | നെല്ലിക്കാംപൊയിൽ |
| 13. ജുവാന ജേക്കബ് ആദംപറമ്പിൽ | പയ്യാവൂർ | പൈസക്കരി |
| 14. ആൻലിയ എൽദോ തെക്കുമ്മേൽ | കൊട്ടോടി | പനത്തടി |
| 15. ക്രിസാന്റൊ ജോയി മുല്ലൂക്കുന്നേൽ | ഓടംതോട് | പേരാവൂർ |
| 16. മിഷേൽ പുളിന്താനത്ത് | തലശ്ശേരി | തളിപ്പറമ്പ് |
| 17. റെയാൻ ഇടക്കര | പാലാവയൽ | തോമാപുരം |
| 18. ജെസ്സെ മിഥുൻ താഴത്തുകുന്നേൽ | കരുവഞ്ചാൽ | വായാട്ടുപറമ്പ് |
| 19. ജുവൽ മരിയ തോക്കനാട്ട് | ബിരിക്കുളം | വെള്ളരിക്കുണ്ട് |

### B. VII-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ് 2024 - 2025**

| | | |
|---|---|---|
| 1. ക്രിസ് മേരി ബെനഡിക്ട് വെട്ടിക്കാട്ട് | എടൂർ | ഒന്നാം റാങ്ക് |
| 2. ഏബൽ സെബാസ്റ്റ്യൻ തോട്ടുങ്കൽ | പയ്യന്നൂർ | രണ്ടാം റാങ്ക് |
| 3. അലീന മരിയ ജിമ്മി കാഞ്ഞിരത്തിങ്കൽ | ചെമ്പേരി | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ആൽഫിൻ ചെറിയാൻ കവിയിൽ | ഉദയഗിരി | ആലക്കോട് |
| 2. മരിയ ചാക്കോ മാങ്ങാട്ട് തൂമ്പുങ്കൽ | നെടുവാലൂർ | ചെമ്പന്തൊട്ടി |
| 3. അലീന മരിയ കാഞ്ഞിരത്തിങ്കൽ | ചെമ്പേരി | ചെമ്പേരി |
| 4. ആൻമേരി ആക്കാട്ട് | ഉമ്മറപൊയിൽ | ചെറുപുഴ |
| 5. ക്രിസ് മേരി ബെനഡിക്ട് വെട്ടിക്കാട്ട് | എടൂർ | എടൂർ |
| 6. എയ്ഞ്ചൽ മരിയ നടയ്ക്കൽ | കാലിച്ചാനടുക്കം | കാഞ്ഞങ്ങാട് |
| 7. എയ്ഞ്ചൽ മരിയ ഐക്കരകാനായിൽ | കാസർഗോഡ് | കാസർഗോഡ് |
| 8. കാൽവിൻ ജോ വർഗീസ് പൊട്ടക്കുളം | പേരട്ട | കുന്നോത്ത് |
| 9. മരിയ കുമ്പുക്കൽ | പറമ്പ | മാലോം |
| 10. ക്രിസ്റ്റ റോസ് തുണ്ടത്തിൽ | മണിപ്പാറ | മണിക്കടവ് |
| 11. ആൽബിൻ ചിരട്ടക്കാട്ട് | രയറോം | മേരിഗിരി |
| 12. ആൻട്രീസ കാവുകാട്ട് | ഇരിട്ടി | നെല്ലിക്കാംപൊയിൽ |
| 13. എയ്ബൺ ജോസ് ആലപ്പാട്ട് | പയ്യാവൂർ | പൈസക്കരി |
| 14. ക്ലിയ തെരേസ ചാക്യാരത്ത് | കൊട്ടോടി | പനത്തടി |
| 15. മരിയ മിത്ര അയിലുക്കുന്നേൽ | ചെട്ടിയാംപറമ്പ് | പേരാവൂർ |
| 16. ഏബൽ സെബാസ്റ്റ്യൻ തോട്ടുങ്കൽ | പയ്യന്നൂർ | തളിപ്പറമ്പ് |
| 17. ഹന്ന ജോബി മൂലയിൽ | കണ്ണിവയൽ | തോമാപുരം |
| 18. ജാനറ്റ് കടുകൻമാക്കൽ | വായാട്ടുപറമ്പ് | വായാട്ടുപറമ്പ് |
| 19. കാതറിൻ മലയിൽ | ഭീമനടി | വെള്ളരിക്കുണ്ട് |

## C. X-ാം ക്ലാസ്സ് സ്കോളർഷിപ്പ് പരീക്ഷാഫലം

**അതിരൂപതാ റാങ്ക് ലിസ്റ്റ് 2024 - 2025**

| | | |
|---|---|---|
| 1. ജെയിൻ മേരി ജൂണോ പാലമറ്റത്തിൽ | മാടത്തിൽ | ഒന്നാം റാങ്ക് |
| 2. അഥീന എലിസബത്ത് തറപ്പത്ത് | എണ്ണപ്പാറ | രണ്ടാം റാങ്ക് |
| 3. അഞ്ജലി എലിസബത്ത് മുത്തനാട്ട് | കാസർഗോഡ് | മൂന്നാം റാങ്ക് |
| 4. ജോസ്മി ആനീസ് തൈക്കുന്നുംപുറം | വിളക്കന്നൂർ | മൂന്നാം റാങ്ക് |

| ഫൊറോന റാങ്ക് ലിസ്റ്റ് | ഇടവക | ഫൊറോന |
|---|---|---|
| 1. ടോം ജേക്കബ് കുപ്പോഴയ്ക്കൽ | ഒറ്റത്തൈ | ആലക്കോട് |
| 2. ജോസ്മി ആനീസ് തൈക്കുന്നുംപുറം | വിളക്കന്നൂർ | ചെമ്പന്തൊട്ടി |
| 3. സെലിൻ അപ്രകുടിയിൽ | കുടിയാൻമല | ചെമ്പേരി |
| 4. ഡാനിയ മേരി പരുന്തുംവീട്ടിൽ | കോഴിച്ചാൽ | ചെറുപുഴ |
| 5. മെറിൻ വലിയപറമ്പിൽ | മാങ്ങോട് | എടൂർ |

| | | |
|---|---|---|
| 6. അഥീന എലിസബത്ത് തറപ്പത്ത് | എണ്ണപ്പാറ | കാഞ്ഞങ്ങാട് |
| 7. അഞ്ജലി എലിസബത്ത് മുത്തനാട്ട് | കാസർഗോഡ് | കാസർഗോഡ് |
| 8. ജെയിൻ മേരി ജൂണോ പാലമറ്റത്തിൽ | മാടത്തിൽ | കുന്നോത്ത് |
| 9. ഗ്രേസ് കുഴിപ്പള്ളി | മാലോം | മാലോം |
| 10. റോസൻ മരിയ കോച്ചേരി | മണിക്കടവ് | മണിക്കടവ് |
| 11. സാൻഡ്രിയമോൾ മേലെകൂടപ്പാട്ട് | പെരിങ്ങാല | മേരിഗിരി |
| 12. അന്ന മേരി കൊച്ചുമലയിൽ | പടിയൂർ | നെല്ലിക്കാംപൊയിൽ |
| 13. അന്ന കാരത്തുരുത്തിൽ | പൈസക്കരി | പൈസക്കരി |
| 14. ഫിലോമിൻ മ്ലാക്കുഴിത്തെക്കയറ്റത്ത് | പടുപ്പ് | പനത്തടി |
| 15. പീറ്റർ പറമ്പി | കോളയാട് | പേരാവൂർ |
| 16. അലീഷ ആനിത്തോട്ടത്തിൽ | മേലെചൊവ്വ | തളിപ്പറമ്പ് |
| 17. ആൽവിൻ ആന്റണി തത്തത്തിൽ | കണ്ണിവയൽ | തോമാപുരം |
| 18. ഫിലോമിന പാലപുറത്ത് | വെള്ളാട് | വായാട്ടുപറമ്പ് |
| 19. ദിൽന ഇളപ്പുങ്കൽ | അട്ടേങ്ങാനം | വെള്ളരിക്കുണ്ട് |

**22. ആദരാഞ്ജലികൾ**

തിരൂർ സൺഡേസ്കൂൾ പ്രധാനാധ്യാപിക റോസിലി ടീച്ചറിന്റെ പിതാവ് ഫിലിപ്പ് പൂവന്നിക്കുന്നേൽ, എണ്ണപ്പാറ സൺഡേസ്കൂൾ പ്രധാനാധ്യാപകൻ റോയി പാണകുന്നേൽ സാറിന്റെ മാതാവ് ത്രേസ്യാമ്മ പാണകുന്നേൽ എന്നിവർ നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ടു. റോസിലി ടീച്ചറിന്റെയും റോയി സാറിന്റെയും കുടുംബാംഗങ്ങളെ വിശ്വാസപരിശീലന കേന്ദ്രത്തിന്റെ അനുശോചനവും പ്രാർത്ഥനയും അറിയിക്കുന്നു.

**23. ഓർമ്മിക്കേണ്ട തീയതികൾ**

2025-2026 അധ്യയനവർഷത്തിലെ പ്രധാനപ്പെട്ട തീയതികൾ. **ഓണപരീക്ഷ:** സെപ്റ്റംബർ 07, **ക്രിസ്മസ് പരീക്ഷ**: ഡിസംബർ 07, **ഡിപ്ലോമ പരീക്ഷ:** ജനുവരി 26, **വിശ്വാസോത്സവം:** ഏപ്രിൽ 06-09, **ഈസ്റ്റർ പരീക്ഷ:** ഏപ്രിൽ 11, **മതാധ്യാപക ദിനം:** നവംബർ 02.

2025-2026 അധ്യയനവർഷം ദൈവാനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് പ്രാർ ത്ഥിക്കുന്നു.

**റവ. ഡോ. ആന്റണി കിടാരത്തിൽ**

*ഡയറക്ടർ*

# ബൈബിൾ അപ്പൊസ്റ്റോലേറ്റ്
## ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്

**തിയോളജി കോഴ്സുകളിലേക്കുള്ള രജിസ്ട്രേഷൻ**

2025 വർഷത്തെ തിയോളജി പഠനപ്രോഗ്രാമുകളിലേക്കുള്ള അഡ്മിഷൻ മെയ് 1 മുതൽ ആരംഭിക്കുന്നു.

**തിയോളജി കോഴ്സുകൾ**

1. Diploma in Theology (DTh)
2. Diploma in Christian studies
3. Bachelors Degree in Christian Studies (BCS)
4. Masters degree in Christian Studies (MCS)
5. Doctorate in Theology (ThD)
6. Baccalaureate in Religious Science (Residential, Linked with Pontifical Athanaeum, Dharmaram Vidya Kshetram, Bengaluru)

**പ്രത്യേകതകൾ**

- പഠിതാക്കൾക്ക് നിലവിലുള്ള പ്രവർത്തനങ്ങൾക്കും ജോലിക്കും ഒപ്പം പഠിക്കാവുന്ന രീതിയിലാണ് കോഴ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ദൈവശാസ്ത്രകോഴ്സുകൾ ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ പഠിക്കാവുന്നതാണ്.
- രജിസ്റ്റർ ചെയ്യുന്ന മുഴുവൻ പഠിതാക്കൾക്കും ഇംഗ്ലീഷ്/ മലയാളം ഭാഷകളിൽ എല്ലാ വിഷയങ്ങളുടെയും Printed Text Books ലഭിക്കുന്നതാണ്.
- ക്ലാസ്സുകൾ ഓൺലൈനായി നടത്തുന്നു. സാധാരണ ക്ലാസ്സുകളിലേതുപോലെതന്നെ വിദ്യാർത്ഥികൾക്ക് സംവദിക്കാനും സംശയ നിവാരണം നടത്താനും കഴിയുന്ന തരത്തിലാണ് ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.
- തിയോളജി ക്ലാസ്സുകൾ അതതു വിഷയങ്ങളിൽ ഏറ്റവും പ്രഗത്ഭരായ ദൈവശാസ്ത്ര പണ്ഡിതർ നയിക്കുന്നതാണ്. പ്രവേശനമാഗ്രഹിക്കുന്ന വിദ്യാർത്ഥികൾക്ക് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ വെബ്സൈറ്റ് വഴി പേര് രജിസ്റ്റർ ചെയ്യാവുന്നതാണ്.

**Website: www.alpha thalassery.org.**
**Email - alphits@gmail.com Ph: 8086312826.**

**ബൈബിൾ പകർത്തിയെഴുത്ത്**

KCBC ബൈബിൾ കമ്മീഷന്റേയും ബൈബിൾ സൊസൈറ്റിയുടെയും നേതൃത്വത്തിൽ മാർച്ച് 25 മുതൽ 2026 മാർച്ച് 25 വരെ ബൈബിൾ പകർത്തി യെഴുത്തിനായി സമർപ്പിക്കപ്പെട്ടിരിക്കുന്ന നാളുകളാണ്. രൂപതാതലത്തി ലുള്ള ഔദ്യോഗിക സമാപനം 2026 മാർച്ച് 25-ാം തീയതി ആയിരിക്കും. രൂപത ഓഫീസിലോ ഇടവകയിലോ രജിസ്ട്രേഷൻ നടത്തണം.

**നിബന്ധനകൾ:**

മൂന്ന് വിഭാഗങ്ങളിൽ (Category) സംഘടിപ്പിക്കാം

1. വ്യക്തിഗതം
2. കുടുംബം
3. സ്ഥാപനം (സംഘടനകൾ/ഇടവക/കോൺവെന്റ്/ സെമിനാരികൾ/ കൂട്ടായ്മകൾ)

- ഓരോ വിഭാഗത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന നാലു കൈയ്യെ ഴുത്തുപ്രതികൾ സംസ്ഥാനതല മത്സരങ്ങൾക്കായി അയയ്ക്കണം.
- പഴയനിയമം ഉല്പത്തി മുതൽ മലാക്കി വരെയാണ് എഴുതേണ്ടത്. (POC, NRSV) കോളം തിരിക്കേണ്ട. പാരഗ്രാഫ് തിരിച്ചെഴുതുക. ഓരോ പുസ്തക ത്തിന്റെയും ആമുഖം എഴുതണം. അടിക്കുറിപ്പുകൾ എഴുതേണ്ടതില്ല. ഓരോ പുസ്തകവും പുതിയ പേജിൽ തുടങ്ങുക.
- അവസാനത്തെ ഒരു പേജ് വ്യക്തിപരമായ പങ്കുവയ്ക്കലും പേരും സ്ഥലവും.

**ക്രമീകരണങ്ങൾ**

- A3 പേപ്പറിൽ ബൈൻഡിംഗ് വരുന്ന വശത്ത് മാർജിൻ 4.5 cm ബാക്കി മൂന്ന് വശത്തും (താഴെ, മുകളിൽ, വലത് വശത്ത്) 1 cm, വീതം മാർജിൻ.
- ഒരു സെന്റീമീറ്റർ അകലത്തിൽ 39 ലൈനുകൾ 23.5 cm വീതിയിൽ വരുന്ന തരത്തിൽ ക്രമപ്പെടുത്തണം.
- A4 ഷീറ്റിൽ എഴുതുന്നവർക്ക് KCBC സർട്ടിഫിക്കറ്റ് മാത്രം ലഭിക്കു ന്നതായിരിക്കും.
- വേദപാഠ കുട്ടികൾ ഉത്പത്തി മുതൽ നിയമാവർത്തനം വരെ എഴുതി യാൽ മതി.

**നന്ദി:** കഴിഞ്ഞ ഒന്നര വർഷക്കാലം ആൽഫാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഡയറക്ടറായി സ്തുത്യർഹമായ സേവനമനുഷ്ഠിച്ചതിനുശേഷം കോട്ടയം സെന്റ് തോമസ് അപ്പസ്തോലിക് സെമിനാരി വടവാതൂരിൽ അസോസിയേറ്റ് പ്രൊഫസറായി നിയമിതനായ ബഹു. തോമസ് മാപ്പിളപ്പറമ്പിലച്ചന് ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട് കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദിയും യാത്രാമംഗളങ്ങളും നേരുന്നു.

**ഫാ. മാത്യു കൊട്ടുകാപ്പള്ളി**
*ഡയറക്ടർ,*
*ആൽഫാ ഇൻസ്റ്റിറ്റ്യൂട്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ,*
*ബൈബിൾ അപ്പൊസ്റ്റൊലേറ്റ്*

# ചിൽഡ്രൻ അപ്പൊസ്റ്റോലേറ്റ്
## ചെറുപുഷ്പ മിഷൻലീഗ്

സ്നേഹ ബഹു. അച്ചന്മാരെ, സിസ്റ്റേഴ്സ്, പ്രിയ മിഷനറിമാരെ,

ഒത്തിരിയേറെ ആകാംക്ഷയോടും പ്രതീക്ഷയോടും കൂടെ പുതിയ ഒരു വർഷത്തെ എതിരേൽക്കാൻ നാം ഒരുങ്ങിയിരിക്കുകയാണ്. മിഷൻലീഗ് അംഗങ്ങളായ നമ്മെ സംബന്ധിച്ച് പുതിയ ഒരു പ്രവർത്തനവർഷം ജൂൺ ഒന്നു മുതൽ ആരംഭിക്കുകയാണല്ലോ. **"ക്രിസ്തുവിന്റെ വിള ഭൂമിയിൽ പ്രത്യാശയുടെ തീർത്ഥാടകരായ്..."** എന്ന ആപ്തവാക്യത്തിന്റെ ചുവടുപിടിച്ച് സ്നേഹത്തിന്റെ പ്രേഷിതരാകാൻ, ത്യാഗത്തോടെ, സേവന വഴിയേ കരുത്തരാകാൻ, സഹനം ചേർത്തുവെച്ച് കരുതലാകാൻ ഈ പ്രവർത്തനവർഷത്തിൽ നമുക്ക് കഴിയട്ടെ. ഇതോടൊപ്പം കഴിഞ്ഞ പ്രവർത്തനവർഷത്തിൽ കഠിനാധ്വാനംചെയ്ത് ത്യാഗപൂർവ്വം പ്രാർത്ഥിച്ച് സംഘടനയുടെ യശസ്സ് ഉയർത്തിയ എല്ലാ ഡയറക്ടേഴ്സിനെയും, വൈസ് ഡയറക്ടേഴ്സിനെയും, ഭാരവാഹികളെയും ഞാൻ അഭിനന്ദിക്കുന്നു... നന്ദി പറയുന്നു. ഈ പുതുവർഷത്തിൽ പുത്തൻ ഉണർവോടെ പ്രവർത്തിക്കുവാൻ സർവ്വശക്തനായ ദൈവം നമ്മെ ഓരോരുത്തരെയും അനുഗ്രഹിക്കട്ടെ.

അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുഹൃദയതിരുനാൾ
അനുസ്മരിക്കുന്ന വിശുദ്ധൻ : വി. പത്രോസ്, വി. പൗലോസ്
പ്രാർത്ഥനാനിയോഗം : നവാഗതരായ വിദ്യാർത്ഥികൾക്കു വേണ്ടി
സുകൃതജപം : ഈശോയുടെ തിരുഹൃദയമേ അങ്ങ് എന്റെ സ്നേഹമായിരിക്കണമെ

**യാത്രാ മംഗളങ്ങൾ**

കർത്താവിന്റെ മനസ്സറിഞ്ഞ് കാലത്തിന്റെ സ്പന്ദനങ്ങൾ വിവേചിച്ചറിഞ്ഞ് പ്രേഷിത തീക്ഷ്ണതയുടെ അഗ്നിയെ ജ്വലിപ്പിച്ച് ഇടയ ധർമ്മത്തിന്റെ കൃപകളും ദാനങ്ങളും സ്വീകരിച്ച് കരുതലിന്റെ കരവും സ്നേഹത്തിന്റെ സാന്നിധ്യവും തിരുവചനത്തിന്റെ ബലവുമായി പ്രാർത്ഥനയാകുന്ന നൗകയിലേറി കഴിഞ്ഞ നാല് വർഷക്കാലം കുഞ്ഞുപ്രേഷിതരെ നെഞ്ചോട് ചേർത്ത് സ്നേഹിച്ച് വളർത്തി തീക്ഷ്ണതയുള്ള

പ്രേഷിതരെ സഭയ്ക്കായി വാർത്തെടുത്ത് എല്ലാവർക്കും പ്രിയങ്കരനായി ഞങ്ങളുടെ ഓരോരുത്തരുടെയും ഹൃദയങ്ങളിൽ സ്ഥാനം പിടിച്ച ഞങ്ങളുടെ പ്രിയപ്പെട്ട ജോസഫ് (വിപിൻ) വടക്കേപ്പറമ്പിൽ അച്ചന് അതിരൂപതാ കുടുംബത്തിന്റെ നന്ദിയും പ്രാർത്ഥനാനിർഭരമായ യാത്രാമംഗളങ്ങളും...

കഴിഞ്ഞ നാല് വർഷങ്ങളിലായി ചെറുപുഷ്പ മിഷൻലീഗ്, തിരുബാല സഖ്യം കുട്ടികളുടെ ആത്മീയവളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് അതിരൂപതയ്ക്ക് അച്ചൻ സ്നേഹപൂർവ്വം നൽകിയ സംഭാവനകൾ അഭിമാനാർഹമാണ്. സംസ്ഥാന വാർഷികം, അതിരൂപത കൗൺസിൽ വാർഷികം, ക്രിസ്റ്റീൻ ധ്യാനങ്ങൾ, സെമിനാറുകൾ, നമ്മുടെ അച്ചൻ, നല്ലിടയൻ പദ്ധതി, നക്ഷത്രദൂത്, പച്ചക്കറിത്തോട്ടം, ടീം ക്വിസ്സ്, അൽഫോൻസാ ക്വിസ്സ്, ആൽബനിർമ്മാണം, പ്രബന്ധരചന, കൈയെഴുത്ത് മാസിക, വിശുദ്ധരെ പരിചയപ്പെടുത്തൽ, ഡോക്യുമെന്ററി, വചനാമൃതം, കലാസാഹിത്യമത്സരങ്ങൾ, ഓർഗനൈസിംഗ് ടീം, എയ്ഞ്ചൽസ് മീറ്റ്, മിഷൻ ജ്യോതി, മിഷൻ മാസാചരണം, പ്രേഷിത വാരം, ഉണ്ണീശോയ്ക്ക് ഒരു കട്ടിൽ, എം.റ്റി.സി ക്യാമ്പ്, ലീഡർ ക്യാമ്പ്, ക്രിസ്കാർഡ് മത്സരം, ഗ്ലോറിയ നൈറ്റ്, സ്കോളർഷിപ്പുകൾ, ശ്രീ ജെയ്സൺ മർക്കോസ് അവാർഡ്, ജീവകാരുണ്യകൂപ്പൺ, ദൈവവിളി ധ്യാനങ്ങൾ, അനുസ്മരണങ്ങൾ, ദിനാചരണങ്ങൾ, വാട്സ് ആപ്പ് പ്രോഗ്രാമുകൾ, പ്രസംഗ പരിശീലനം, ക്ലിക്ക് ഷോട്ട്, പൂമ്പാറ്റ, ആരാധന, സൗഹൃദം, ദൗത്യം, സമർപ്പിതം, പവ്വർ മിഷൻ, സാഹിത്യ ശില്പശാല, Seven Months Challenge എന്നിങ്ങനെ നിരവധി പരിപാടികൾ വളരെ ഭംഗിയായി വിജയകരമായി നടത്തി. ഒപ്പം സി. എം.എൽ സംഘടനയുടെ യൂട്യൂബ് ചാനലും ഇൻസ്റ്റഗ്രാം പേജുകളും കൂടുതൽ ചലനാത്മകമാക്കാൻ അച്ചന് സാധിച്ചു. കൂടാതെ അനുദിനമുള്ള സ്റ്റാറ്റസ് വീഡിയോ അച്ചന്റെ സംഭാവനകളുടെ നാഴികല്ലായി. സംസ്ഥാനതലത്തിൽ കഴിഞ്ഞ നാല് വർഷവും ഗോൾഡൻസ്റ്റാർ കരസ്ഥമാക്കാൻ കഴിഞ്ഞു. ഒപ്പം സംസ്ഥാന മിഷൻ കലോത്സവത്തിൽ ഓവറോൾ ഒന്നാം സ്ഥാനം കരസ്ഥമാക്കാനും കഴിഞ്ഞു. സംസ്ഥാനതലത്തിലുള്ള എല്ലാ പ്രോഗ്രാമുകളിലും സജീവമായി പങ്കെടുക്കുവാനും പങ്കെടുപ്പിക്കുവാനും അച്ചൻ വളരെയധികം ശ്രദ്ധിച്ചു.

മിഷൻലീഗ് പ്രവർത്തനങ്ങൾക്ക് പുറമെ വേദപാഠ അസി. ഡയറക്ടർ, എ.ഡി.എസ്.യു. അതിരൂപത ഡയറക്ടർ, മലനാട് റ്റി.റ്റി.ഐ. അഡ്മിനിസ്ട്രേറ്റർ എന്നീ ഉത്തരവാദിത്വങ്ങളും വളരെ കൃത്യതയോടെ ആത്മാർത്ഥയോടെ ത്യാഗത്തോടെ നിർവ്വഹിച്ചു.

ഇംഗ്ലണ്ടിൽ ഇടവകാപ്രവർത്തനങ്ങൾക്കായി പോകുന്ന ബഹു. ജോസഫ് അച്ചന് സി.എം.എൽ. കുടുംബത്തിന്റെ എല്ലാ വിജയാശംസകളും പ്രാർത്ഥനകളും ഒരിക്കൽകൂടി സ്നേഹത്തോടെ നേരുന്നു. പുതിയ പ്രവർത്തന മേഖലകളിൽ അജഗണങ്ങളെ സ്നേഹിക്കുന്ന നല്ല ഇടയനായി ജീവിക്കുവാൻ ദൈവം അനുഗ്രഹിക്കട്ടെ.

**ഹൃദ്യമായ സ്വാഗതം**

ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ ഡയറക്ടർ ആയി നിയമിതനായിരിക്കുന്ന ഫാ. ജോസഫ് (ജിതിൻ) വയലുങ്കൽ അച്ചന് ചെറുപുഷ്പ മിഷൻലീഗ് അതിരൂപതാ കുടുംബത്തിലേക്ക് ഹൃദ്യമായ സ്വാഗതം. പയ്യന്നൂർ ശാഖ തളിപ്പറമ്പ് മേഖലാ ഡയറക്ടർ എന്നീനിലകളിൽ വളരെ പ്രേഷിത തീഷ്ണതയുള്ള, കരുത്തുറ്റ പ്രവർത്തനങ്ങൾ അച്ചൻ നടത്തിയത് നന്ദി പൂർവ്വം ഓർക്കുന്നു. കുട്ടികളും മുതിർന്നവരും പ്രേഷിത പ്രവർത്തനങ്ങളിൽ ശക്തിയാർജിച്ച് ദൈവവിളി പ്രോത്സാഹനത്തിൽ വളർന്ന് വ്യക്തിത്വ വികസനം നേടിയെടുക്കുന്നതിനും അച്ചന്റെ പ്രവർത്തനങ്ങളിലൂടെ സാധിക്കട്ടെ എന്നും അതിനായി പരിശുദ്ധാത്മാവിന്റെ ചൈതന്യത്താൽ നിറയട്ടെ എന്നും പ്രാർത്ഥിക്കുന്നു. സ്നേഹത്തോടെ സുസ്വാഗതം.

**1. ശാഖകൾ ശ്രദ്ധിക്കാൻ**

05 വ്യാഴം : ലോക പരിസ്ഥിതിദിനാചരണം
07 ശനി : അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും
08 ഞായർ : ശാഖാ - മേഖലാ തല പ്രവർത്തന വർഷ ഉദ്ഘാടനം
വി. മറിയംത്രേസ്യായുടെ തിരുനാൾ
13 വെള്ളി : പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ
19 വ്യാഴം : പരി. കുർബാനയുടെ തിരുനാൾ
23 തിങ്കൾ : മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം
27 വെള്ളി : ഈശോയുടെ തിരുഹൃദയ തിരുഹൃദയ തിരുനാൾ
28 ശനി : മാതാവിന്റെ വിമലഹൃദയതിരുനാൾ
29 ഞായർ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**2. മേഖലകൾ ശ്രദ്ധിക്കാൻ:** എക്സിക്യൂട്ടീവ്, പ്രവർത്തനവർഷ ഉദ്ഘാടനം, പ്രവർത്തന മാർഗ്ഗരേഖ, ബഡ്ജറ്റ് അവതരിപ്പിക്കുക. ശാഖാ - മേഖലാ വാർഷിക റിപ്പോർട്ട് ജൂൺ 10 ന് അതിരൂപതയിൽ എത്തിക്കുക.

**3. ശാഖാ - മേഖല വൈസ് ഡയറക്ടേഴ്സിന്റെ ശ്രദ്ധയ്ക്ക്**

2024-25 പ്രവർത്തനവർഷത്തെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ 2 കോപ്പി ജൂൺ 5 ന് അവരവരുടെ മേഖലകളിൽ എത്തിക്കണമെന്നും മേഖലാ ടീം അവരുടെ നേതൃത്വത്തിൽ മേഖലകളുടെ കീഴിലുള്ള എല്ലാ ശാഖകളുടെയും വാർഷിക റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10 ന് അതിരൂപതയിൽ എത്തിക്കുകയും ചെയ്യുമല്ലോ. ഒരു ശാഖയും നേരിട്ട് വാർഷിക റിപ്പോർട്ടിന്റെ കോപ്പി അതിരൂപതയിലേയ്ക്ക് അയയ്ക്കേണ്ടതില്ല. വാർഷിക റിപ്പോർട്ടിന്റെ കോപ്പി മേഖലയ്ക്ക് കൊടുക്കുമ്പോൾ ശാഖാ ഡയറക്ടർ, പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ പേര്, ഒപ്പ് എന്നിവ നിർബന്ധമായും ഉണ്ടായിരിക്കേണ്ടതാണ്. സീൽ ചെയ്യാൻ നിർദ്ദേശിച്ചിരിക്കുന്ന സ്ഥലത്ത് സീൽ വയ്ക്കണം എന്ന കാര്യം കൂടി ഓർമ്മിപ്പിക്കട്ടെ.

**4. മേഖല എക്സിക്യൂട്ടീവിന്റെ ശ്രദ്ധയ്ക്ക്**

2024 – 25 വർഷത്തെ പ്രവർത്തനങ്ങളുടെ ശാഖാ വാർഷിക റിപ്പോർട്ടിന്റെ കോപ്പി ഒരു ശാഖയിൽ നിന്നും രണ്ടെണ്ണം വീതം മേഖലകളിൽ വാങ്ങുകയും മേഖലകളുടെ ഉത്തരവാദിത്വത്തിൽ റിപ്പോർട്ടിന്റെ ഒറിജിനൽ കോപ്പി ജൂൺ 10 ന് അതിരൂപതാ ഓഫീസിൽ എത്തിക്കേണ്ടതുമാണ്. അതോടൊപ്പം മേഖലാ എക്സിക്യൂട്ടീവ് ശാഖകളുടെ 2024 –25 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തി ഒന്നും, രണ്ടും, മൂന്നും സ്ഥാനങ്ങൾ നൽകിയ ശാഖകളുടെ പേരുകൾ കൂടി ജൂൺ 10 ന് അതിരൂപതയിൽ നൽകേണ്ടതാണ്. റിപ്പോർട്ട് വാങ്ങിക്കുമ്പോൾ അവസാന പേജിൽ ചോദിച്ചിരിക്കുന്ന ഡയറക്ടർ പേര് ഒപ്പ്, പ്രസിഡന്റ് പേര് ഒപ്പ്, സെക്രട്ടറി പേര് ഒപ്പ്, തിയതി, സ്ഥലം, സീൽ എന്നിവ കൃത്യമായി എഴുതിയിട്ടുണ്ട് എന്ന് ഉറപ്പ് വരുത്തിയ ശേഷം കൈപ്പറ്റുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അതോടൊപ്പം ശ്രീ. ജെയ്സൺ മർക്കോസ് പാലയൂർപൂവ്വത്തിങ്കൽ സാറിന്റെ സ്മരണാർത്ഥം ഏറ്റവും മികച്ച പ്രവർത്തനം കാഴ്ചവെയ്ക്കുന്ന മേഖലാ പ്രസിഡന്റുമാർക്ക് ഏർപ്പെടുത്തിയിരിക്കുന്ന പ്രേഷിത അവാർഡിന് അർഹമായ അപേക്ഷകൾ ജൂൺ 10 ന് തന്നെ എത്തിക്കണം എന്നകാര്യം കൂടി ഓർമ്മപ്പെടുത്തുന്നു.

**5. ശാഖാ ഇലക്ഷൻ :** ചെറുപുഷ്പ മിഷൻലീഗിന്റെ 2025 – 2026 വർഷത്തേക്കുള്ള ശാഖാ ജൂനിയർ – സീനിയർ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ് വിശ്വാസോത്സവത്തോടനുബന്ധിച്ച് നടത്തി എന്ന് കരുതുന്നു. തിരഞ്ഞെടുപ്പ് നടത്തിയവർ ലിസ്റ്റ് പ്രവർത്തനവർഷ ഉദ്ഘാടനത്തിന് വരുമ്പോൾ (ജൂൺ 7 ന്) അതിരൂപതയിൽ നിന്ന് നൽകിയിരിക്കുന്ന ഭാരവാഹികളുടെ ഫോമിൽ കൃത്യമായി എഴുതി കൊണ്ടുവരുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

**6. ചെറുപുഷ്പ മിഷൻലീഗ് പ്രവർത്തനവർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും**

ചെറുപുഷ്പ മിഷൻലീഗ് 2025–2026 പ്രവർത്തന വർഷ ഉദ്ഘാടനവും വൈസ്ഡയറക്ടേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 7 ശനിയാഴ്ച രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15 ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിക്കും. അതോടൊപ്പം മിഷൻലീഗ് – തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. അന്നേ ദിവസം സ്കോളർഷിപ്പിന് അർഹരായവർക്ക് സമ്മാനങ്ങൾ നൽകുന്നതായിരിക്കും. എല്ലാ വൈസ്ഡയറക്ടേഴ്സും, ഈ മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധനസാമഗ്രികൾ വാങ്ങുവാനും; കുടിശ്ശിക അടക്കാനുള്ളവർക്ക് അടക്കാനുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

**7. ശാഖാതല പ്രവർത്തനവർഷ ഉദ്ഘാടനം**

ഈ വർഷത്തെ ശാഖാതല പ്രവർത്തന വർഷ ഉദ്ഘാടനം അതിരൂപതാതലത്തിൽ ജൂൺ 8 ഞായറാഴ്ച മേരിഗിരി ശാഖയിൽ വച്ച് നടക്കും. അന്നേ

ദിവസം പ്രവർത്തന വർഷ ഉദ്ഘാടനം നടത്തി. ശാഖാ ഭാരവാഹികളുടെ നേതൃത്വത്തിൽ ശാഖാതല പ്രവർത്തനങ്ങൾ ആരംഭിക്കുവാൻ ഭാരവാഹികൾ ശ്രദ്ധിക്കുമല്ലോ.

**8. സമർപ്പണ ഫണ്ട് :** പാവപ്പെട്ട കുട്ടികളെ സഹായിക്കുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സമർപ്പണ ഫണ്ട് ലഭിക്കുന്നതിന് അർഹമായ അപേക്ഷകൾ ജൂൺ 30 ന് മുമ്പ് വികാരിയച്ചന്റെ കത്തോടുകൂടി ഓഫീസിൽ എത്തിക്കുമല്ലോ. സമർപ്പണഫണ്ട് രൂപതയിൽ അടയ്ക്കാത്ത ശാഖകളിൽ നിന്നുള്ള അപേക്ഷകൾ പരിഗണിക്കുന്നതല്ല.

**9. ഉപരിപഠന സ്കോളർഷിപ്പ്:**സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 12-ാം ക്ലാസ്സ് കഴിഞ്ഞ മിഷൻലീഗ് സജീവ അംഗങ്ങൾക്ക് നൽകി വരുന്ന രജതജൂബിലി ഉപരിപഠന സ്കോളർഷിപ്പിന് അർഹമായ അപേക്ഷകൾ ജൂൺ 25 ന് മുമ്പ് വികാരിയച്ചന്റെ സാക്ഷ്യപത്രം, അംഗത്വകാർഡിന്റെ കോപ്പി, മാർക്ക് ലിസ്റ്റിന്റെ കോപ്പി എന്നിവയോടൊപ്പം ഓഫീസിൽ എത്തിക്കുമല്ലോ. ഒരു ശാഖയിൽ നിന്നും ഒരു അപേക്ഷയാണ് അതിരൂപതയിൽ നൽകേണ്ടത് എന്ന് ഓർമ്മിപ്പിക്കുന്നു.

**10. അംഗത്വസ്വീകരണം :** ദുക്റാന തിരുനാളിനോടനുബന്ധിച്ച് ജൂലൈ 3 നോതൊട്ടടുത്ത ഞായറാഴ്ചയോ ഈ വർഷത്തെ അംഗത്വ സ്വീകരണം നടത്തി ജൂലൈ 30 മുൻപായി കഴിഞ്ഞവർഷത്തേതിന്റെ തുടർച്ചയായ നമ്പറിട്ട് അംഗത്വ ലിസ്റ്റ് ഓഫീസിൽ എത്തിക്കുമല്ലോ.

**11. മേഖല ഡയറക്ടേഴ്സ്, വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ്**

മിഷൻലീഗ് തിരുബാലസഖ്യം പ്രവർത്തനങ്ങൾ വിലതിരുത്തുന്നതിനും 2025-2026 വർഷത്തെ പ്രവർത്തനങ്ങളെ കുറിച്ച് ചർച്ച ചെയ്യുന്നതിനുമായി ജൂൺ മാസം 21-ാം തീയതി മേഖല ഡയറക്ടേഴ്സ് വൈസ് ഡയറക്ടേഴ്സ് മീറ്റിംഗ് കൂടുന്നതാണ്. മീറ്റിംഗിനെ കുറിച്ചുള്ള കൂടുതൽ വിവരങ്ങൾ പിന്നീട് അറിയിക്കുന്നതാണ്.

**12. അഭിനന്ദനങ്ങൾ:** വിശ്വാസപരിശീലനത്തിൽ 12-ാം ക്ലാസ്സിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിക്കുന്ന കുഞ്ഞുമിഷണറിക്ക് ചെറുപുഷ്പ മിഷൻലീഗ് നൽകിവരുന്ന മാർ സെബാസ്റ്റ്യൻ വള്ളോപ്പള്ളി പൗരോഹിത്യ സുവർണ്ണ ജൂബിലി മെമ്മോറിയൽ അവാർഡ് കരസ്ഥമാക്കിയ ചെറുപാറ ശാഖയിലെ തോമസ് നാഗനോലിക്ക് അതിരൂപതാ കുടുംബത്തിന്റെ അഭിനന്ദനങ്ങൾ.

**13. ആദരാഞ്ജലികൾ**

ഈ ഭൂമിയിൽ ദൈവം ഭരമേൽപ്പിച്ചിരുന്ന എല്ലാ ഉത്തരവാദിത്വങ്ങളും അതിന്റെ പൂർണ്ണതയിൽ പൂർത്തിയാക്കി നിത്യസമ്മാനത്തിനായി വിളിക്കപ്പെട്ട മുൻ അതിരൂപത ഡയറക്ടർ ജോൺസൺ അന്ത്യാംകുളം അച്ചന്റെ വത്സല പിതാവ് ഉലഹന്നാൻ അന്ത്യാംകുളത്തിന്റ നിര്യാണത്തിൽ അതിരൂപതാ കുടുംബത്തിന്റെ പ്രാർത്ഥനകളും ആദരാഞ്ജലികളും.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*



# തിരുബാലസഖ്യം

സ്നേഹ ബഹുമാനപ്പെട്ട അച്ചന്മാരെ, ആനിമേറ്റേഴ്സ്, കുഞ്ഞുങ്ങളെ,

രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം വീണ്ടും പുതിയൊരു പ്രവർത്തനവർഷത്തിലേയ്ക്ക് നാം പ്രവേശിക്കുമ്പോൾ ഉണ്ണീശോ യുടെ അനുഗ്രഹത്തിനും സംരക്ഷണത്തിനുമായി ഈ വർഷത്തെ നമ്മുടെ പ്രവർത്തനങ്ങളെ സമർപ്പിക്കാം, സുകൃതജപങ്ങളും, തിരു വചനങ്ങളും, പ്രാർത്ഥനകളും വിശുദ്ധരുടെ ജീവിതകഥകളുമൊക്കെ പഠിച്ച് നമുക്കും ഈശോയെപ്പോലെ വളരാം. ഉണ്ണീയോയുടെ അനു ഗ്രഹവും സംരക്ഷണവും എപ്പോഴും നിങ്ങളോടുകൂടെ ഉണ്ടാകട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

| |
|---|
| അനുസ്മരിക്കുന്ന തിരുനാൾ : ഈശോയുടെ തിരുഹൃദയതിരുനാൾ |
| അനുസ്മരിക്കുന്ന വിശുദ്ധർ : വി. പത്രോസ്, വി. പൗലോസ് |
| പ്രാർത്ഥനാനിയോഗം : നവാഗതരായ വിദ്യാർത്ഥികൾക്കുവേണ്ടി |
| സുകൃതജപം : ഈശോയുടെ തിരുഹൃദയമേ എന്നെ കഴുകി വിശുദ്ധീകരിക്കണമേ. |
| വചനം : എന്നെ ശക്തനാക്കുന്നവനിലൂടെ എനിക്ക് എല്ലാം ചെയ്യാൻ സാധിക്കും (ഫിലി: 4-13) |
| പ്രവൃത്തി : തിരുബാലസഖ്യം സംഘടനയെക്കുറിച്ച് അധ്യാപകരോടും, മാതാപിതാക്കളോടും ചോദിച്ചറിയുക. |
| എയ്ഞ്ചൽസ് ബീറ്റ്സ് : ചിത്രരചനാ മത്സരം - വിഷയം : ഈശോയുടെ തിരുഹൃദയം (ശാഖാതലത്തിൽ മത്സരം ക്രമീകരിക്കുക) |

**1. ശാഖകൾ ശ്രദ്ധിക്കാൻ**

| | | |
|---|---|---|
| 05 വ്യാഴം | : | ലോക പരിസ്ഥിതിദിനാചരണം |
| 07 ശനി | : | അതിരൂപതാതല പ്രവർത്തനവർഷ ഉദ്ഘാടനവും, മാർഗ്ഗരേഖ പ്രകാശനവും |
| 08 ഞായർ | : | ശാഖാ - മേഖലാ തല പ്രവർത്തന വർഷ ഉദ്ഘാടനം വി. മറിയംത്രേസ്യായുടെ തിരുനാൾ |
| 13 വെള്ളി | : | പാദുവായിലെ വി. അന്തോണീസിന്റെ തിരുനാൾ |

23 തിങ്കൾ : മാർ ജോർജ് ഞറളക്കാട്ട് പിതാവിന്റെ ജന്മദിനം
27 വെള്ളി : ഈശോയുടെ തിരുഹൃദയ തിരുഹൃദയ തിരുനാൾ
28 ശനി : മാതാവിന്റെ വിമലഹൃദയതിരുനാൾ
29 ഞായർ : വി. പത്രോസ്, വി. പൗലോസ് ശ്ലീഹൻമാരുടെ തിരുനാൾ

**2. ഈശോയെപ്പോലെ വളരാം... വലുതാകാം...**

തിരുബാലസഖ്യം കുട്ടികൾക്കായി ഈശോയെപ്പോലെ വളരാം... വലുതാകാം എന്ന വർക്ക് ബുക്ക് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. വിശ്വാസപരിശീലനം ആരംഭിക്കുമ്പോൾ 1-ാം ക്ലാസ്സ് മുതൽ 4-ാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്ക് വേദപാഠ പുസ്തകത്തിന്റെ കൂടെ ഈ വർക്കുബുക്കുകൂടി നൽകുവാൻ ബഹു. ആനിമേറ്റേഴ്സും ഹെഡ്മാസ്റ്റർമാരും ശ്രദ്ധിക്കുമല്ലോ. ബുക്കിന്റെ എണ്ണം വേദപാഠപുസ്തകങ്ങൾക്ക് ഓഡർ ചെയ്യുമ്പോൾ തന്നെ മിഷൻലീഗ് ഓഫീസിലോ, സൺഡേസ്കൂൾ ഓഫീസിലോ അറിയിക്കേണ്ടതാണെന്ന് ഓർമ്മിപ്പിക്കുന്നു. ഒന്നുമുതൽ നാല് വരെ ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികളുടെ എണ്ണം ഒന്നിച്ച് നൽകിയാൽ മതിയാകും ഓരോ ക്ലാസ്സും തിരിച്ച് എണ്ണം നൽകേണ്ടതില്ല. പുസ്തകത്തിന്റെ വില 35 രൂപ ആയിരിക്കും

**3. തിരുബാലസഖ്യം മാർഗ്ഗരേഖ**

തിരുബാലസഖ്യം പ്രവർത്തനങ്ങളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള 2025 -2026 പ്രവർത്തന വർഷമാർഗ്ഗരേഖതിരുബാലസഖ്യം വർക്കുബുക്കിനോടൊപ്പം നൽകുന്നതായിരിക്കും. ഓരോ മാസവും ചെയ്യേണ്ട കാര്യങ്ങൾ, മത്സരങ്ങളെ സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ എന്നിവയെല്ലാം വർക്കുബുക്കിനോടൊപ്പമുള്ള മാർഗ്ഗരേഖയിൽ ആണ് കൊടുത്തിരിക്കുന്നത്. അതിനാൽ ഒന്നുമുതൽ നാലുവരെ ക്ലാസ്സുകളിൽ പഠിപ്പിക്കുന്ന അധ്യാപകരും, തിരുബാലസഖ്യം ആനിമേറ്റേഴ്സും വർക്കുബുക്ക് വാങ്ങുവാൻ ശ്രദ്ധിക്കുമല്ലോ.

**4. തിരുബാലസഖ്യം പ്രവർത്തനവർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും**

തിരുബാലസഖ്യം 2025 - 2026 പ്രവർത്തന വർഷ ഉദ്ഘാടനവും ആനിമേറ്റേഴ്സ് മീറ്റിംഗും തളിപ്പറമ്പ് സെന്റ് മേരീസ് ഓഡിറ്റോറിയത്തിൽ വച്ച് ജൂൺ 7 ശനിയാഴ്ച രാവിലെ 9.15 ന് വി. കുർബാനയോടുകൂടി ആരംഭിക്കും. തുടർന്ന് 10.15 ന് നടക്കുന്ന പ്രവർത്തനവർഷ ഉദ്ഘാടനം അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവ് നിർവഹിക്കും. അതോടൊപ്പം തിരുബാലസഖ്യം മാർഗ്ഗരേഖാ പ്രകാശനവും ഉണ്ടായിരിക്കും. എല്ലാ ആനിമേറ്റേഴ്സും മീറ്റിംഗിൽ പങ്കെടുക്കുവാൻ കൃത്യസമയത്തുതന്നെ എത്തിച്ചേരുമല്ലോ. സംഘടന പ്രവർത്തനങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വാങ്ങുവാനും; കുടിശ്ശിക അടക്കാനുള്ളവർക്ക് അടക്കാനുള്ള സൗകര്യവും അന്നേദിവസം ഉണ്ടായിരിക്കുന്നതാണ്.

**ഫാ. ജോസഫ് വയലുങ്കൽ**
*ഡയറക്ടർ*

# യൂത്ത് അപ്പൊസ്റ്റോലേറ്റ്

"യൗവനം മുതൽ അവനെ ഞാൻ പിതാവിനെപ്പോലെ
പോറ്റുകയും ജനിച്ചപ്പോൾ മുതൽ നയിക്കുകയും
ചെയ്തു" (ജോബ് 31:18).

പ്രിയപ്പെട്ട ഡയറക്ടറച്ചന്മാരെ, ആനിമേറ്റേഴ്സ്, യുവജന സുഹൃത്തുക്കളെ,

ജൂൺ മാസം പുതിയ അധ്യയന വർഷാരംഭമാണല്ലോ. എല്ലാവർക്കും ആശംസകൾ നേരുന്നു. പുതുവർഷം ദൈവാനുഗ്രഹപ്രദമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

**യാത്രാ മംഗളങ്ങൾ**

കെസിവൈഎം എസ്എംവൈഎം ഫൊറോന ഡയറക്ടർമാരായി തലശ്ശേരി അതിരൂപത യുവജനപ്രസ്ഥാനത്തിന് കരുത്ത് പകർന്ന് പുതിയ പ്രവർത്തന മേഖലയിലേക്ക് യാത്രയായ പ്രിയപ്പെട്ട ഡയറക്ടർ അച്ചന്മാർക്ക് ഫാ. ക്രിസ് കടക്കുഴയിൽ (പനത്തടി), ഫാ. ജോൺസൺ പടിഞ്ഞാറയിൽ (തോമാപുരം), ഫാ. ജോസഫ് ആനച്ചാരിയിൽ (ചെമ്പേരി), ഫാ. ജോസഫ് കളപ്പുരക്കൽ (ചെറുപുഴ), ഫാ. അനിൽ മങ്ങാട്ട് (മേരിഗിരി), ഫാ. തോമസ് പാണാക്കുഴിയിൽ (കുന്നോത്ത്), ഫാ. ചാക്കോ കുടിപ്പറമ്പിൽ (കാസർഗോഡ്), ഫാ. സ്ക്കറിയ ചിരണയ്ക്കൽ (വെള്ളരിക്കുണ്ട്), ഫാ. പോൾ കണ്ടത്തിൽ (എടൂർ), ഫാ. ലൂക്കോസ് മറ്റപ്പള്ളിയിൽ (തളിപ്പറമ്പ്), ഫാ. കുര്യാക്കോസ് പുതുക്കുളങ്ങര (കാഞ്ഞങ്ങാട്) എന്നിവർക്ക് അതിരൂപത യുവജന കുടുംബത്തിന്റെ യാത്രാമംഗളങ്ങൾ.

**മിഷൻ ബിജ്നോർ**

മിഷൻ ഗ്രാമങ്ങളും അവിടുത്തെ ജീവിതങ്ങളും പുത്തൻ പ്രതീക്ഷയാണ്. ക്രിസ്തു സുവിശേഷം ശക്തമായി പ്രഘോഷിക്കപ്പെടുന്ന ഇടങ്ങളിൽ അവിടുന്ന് അത്ഭുതങ്ങൾ സൃഷ്ടിക്കുന്നു എന്ന നേരറിവിന്റ പ്രതീക്ഷ. ഇത്തരത്തിൽ മിഷനെ അറിയുവാനും മിഷനറിയെ അറിയുവാനും മിഷൻ ജീവിതങ്ങളെ അറിയുവാനുമായി കെസിവൈഎം തലശ്ശേരി അതിരൂപതയുടെ നേതൃത്വത്തിൽ 16 പേരടങ്ങുന്ന ടീം ഉത്തരപ്രദേശിലെ ബിജ്നോറിലേക്ക് 12 ദിവസത്തെ മിഷൻ യാത്ര സംഘടിപ്പിച്ചു.

ബിജ്നോർ രൂപതയിലെ മിഷൻ ഗ്രാമങ്ങളിലെ ഹൃദയങ്ങളിലൂടെ, സംസ്കാരങ്ങളെ തൊട്ടറിഞ്ഞ്, ഭക്ഷണരീതികൾ രുചിച്ചറിഞ്ഞ്, നിർമ്മാണ

രീതികൾ മനസ്സിലാക്കി, പ്രാർത്ഥനകളിൽ പങ്കാളികളായി അതിരൂപതയിലെ യുവ ജനങ്ങൾ. അതോടൊപ്പം തന്നെ ബിക്കാവാല ഇടവകയിലെ യുവജനങ്ങളുമായി സംവദിക്കുകയും ചെയ്തു. മിഷൻ യാത്രയ്ക്ക് ആവശ്യമായ എല്ലാ സഹായ സഹകരണങ്ങളും ചെയ്തുതന്ന തലശ്ശേരി അതിരൂപതാംഗവും ബിജ്നോർ രൂപതയിലെ വൈദികനുമായ ബഹു. ഫിലിപ്പ് കാരിക്കക്കുന്നേൽ അച്ചന് അതിരൂപത യുവജന കുടുംബത്തിന്റെ ഹൃദയം നിറഞ്ഞ നന്ദി.

**ഇലക്ഷൻ വിജ്ഞാപനം:** കെസിവൈഎം യുവജനപ്രസ്ഥാനത്തെ 2025-26 വർഷത്തിൽ ക്രിസ്തീയ വിശ്വാസത്തിൽ അടിയുറച്ചുനിന്നുകൊണ്ട് നയിക്കുവാൻ പ്രാപ്തരായ പുതിയ നേതൃത്വനിരയെ യൂണിറ്റ് തലത്തിൽ ജൂൺ 6 മുതൽ 22 വരെ തെരഞ്ഞെടുക്കേണ്ടതാണ്. ജൂലൈ 10 ന് മുമ്പ് യൂണിറ്റുകളുടെ അഫിലിയേഷൻ പൂർത്തിയാക്കണം.

**യൂണിറ്റ് എക്സിക്യൂട്ടീവ് അംഗങ്ങൾ**

1. ഡയറക്ടർ
2. ആനിമേറ്റർ
3. അത്മായ ആനിമേറ്റർ
4. പ്രസിഡന്റ്
5. വൈസ് പ്രസിഡന്റുമാർ (പുരുഷൻ + വനിത)
6. ജനറൽ സെക്രട്ടറി
7. രണ്ട് സെക്രട്ടറിമാർ (പുരുഷൻ + വനിത)
8. ട്രഷറർ
9. കൗൺസിലേഴ്സ് (പുരുഷൻ +വനിത)

എന്നിവർ അടങ്ങുന്ന 12 പേരാണ് ഇടവക സമിതി. ഇത് യൂണിറ്റ് സമിതി എന്നറിയപ്പെടും. യുവതീയുവാക്കന്മാർക്ക് ഏത് ഭാരവാഹി ത്വത്തിലേക്ക് തിരഞ്ഞെടുക്കാവുന്നതാണ്. എന്നാൽ മൂന്നുപേരെങ്കിലും ഇരുകൂട്ടരുടെയും ഭാഗത്തുനിന്ന് പ്രതിനിധികൾ ആയിട്ടുണ്ടെന്ന് തെരഞ്ഞെടുപ്പ് റിട്ടേണിംഗ് ഓഫീസർ ഉറപ്പുവരുത്തേണ്ടതാണ്.

**യൂത്ത് കോൺക്ലേവ് :** ജൂൺ 27, 28, 29 തീയതികളിൽ തലശ്ശേരിയിൽ വച്ച് 204 ഇടവകകളിൽനിന്നും ഓരോ യൂത്ത് പ്രതിനിധികളെ ഒരുമിച്ചുചേർത്ത് യൂത്ത് കോൺക്ലേവ് നടത്തുന്നു. എല്ലാ ഇടവകയിൽ നിന്നും ഓരോ യുവജനങ്ങളെ പങ്കെടുപ്പി ക്കുവാൻ ബഹു. അച്ചന്മാർ ശ്രദ്ധിക്കുമല്ലോ.

**ഇടവകയുടെ ഗ്രേഡ് - അപ്ലിക്കേഷൻ ഫീസിന്റെ ക്രമം**

| | | |
|---|---|---|
| A+ | - | 2400 |
| A | - | 2000 |
| B | - | 1600 |
| C | - | 1200 |
| D | - | 800 |

**ഫാ. മാത്യു മുക്കുഴി**
*ഡയറക്ടർ*

# ഫാമിലി അപ്പൊസ്റ്റോലേറ്റ്

ഈശോയിൽ സ്നേഹം നിറഞ്ഞവരെ,

ഓരോ കുടുംബവും ഈശോയുടെ തിരുഹൃദയത്തിന് നമ്മൾ പ്രതിഷ്ഠിക്കാറുണ്ടല്ലോ. കർത്താവിന്റെ സംരക്ഷണം കുടുംബാംഗങ്ങൾക്കോരോരുത്തർക്കും കുറവില്ലാതെ ലഭിക്കുവാനായിട്ടാണല്ലോ നമ്മൾ അപ്രകാരം ചെയ്യുന്നത്. ഈ മാസം കർത്താവിന്റെ തിരുഹൃദയവണക്കത്തിനായി പ്രത്യേകം സമർപ്പിതമായിരിക്കുന്നതിനാൽ അത്യന്തം ഭക്തിയോടെ നമുക്ക് നമ്മെയും കുടുംബങ്ങളെയും തിരുഹൃദയത്തിലേക്ക് സമർപ്പിക്കാം. അവിടുത്തെ വിനീതഭാവവും ശാന്തതയും കൈമുതലാക്കി കുടുംബബന്ധങ്ങളെ നമ്മുക്ക് ഊഷ്മളമാക്കാം. സ്നേഹം കൊണ്ട് ജ്വലിക്കുന്ന ആ ഹൃദയത്തിന്റെ സ്പന്ദനങ്ങളെ തിരിച്ചറിഞ്ഞ് നമ്മുടെ കുടുംബങ്ങളെയും സ്നേഹത്തിന്റെ ഇടങ്ങളാക്കാം.

## I. മാര്യേജ് പ്രിപ്പറേഷൻ കോഴ്സ് (എം.പി.സി)

മെയ് 15-17 തീയതികളിലായി നടത്തിയ മാര്യേജ് പ്രിപ്പറേഷൻ കോഴ്സിൽ 150 ഓളം പേർ സംബന്ധിച്ചു.

### Time Schedule

- കോഴ്സിന്റെ ഒന്നാംദിവസം രാവിലെ 9 മണിക്ക് രജിസ്ട്രേഷനോടെ ആരംഭിച്ച് മൂന്നാംദിവസം വൈകിട്ട് 4.30 ന് എം.പി.സി. സമാപിക്കുന്നു.
- എം.പി.സി. കോഴ്സ് കൂടാനായി ആഗ്രഹിക്കുന്നവർ **www.familytly.com** എന്ന വെബ് സൈറ്റിൽ രജിസ്റ്റർ ചെയ്യാൻ വികാരിയച്ചന്മാർ ഓർമ്മിപ്പിക്കുമല്ലോ. എം.പി.സിയുടെ ഫീസ് **1600** രൂപയായിരിക്കും. Online Registration ചെയ്യുമ്പോൾ Reg. Fee 600 രൂപ അടയ്ക്കേണ്ടതാണ്. കോഴ്സിനു വരുമ്പോൾ ബാക്കി 1000 രൂപ കൊണ്ടുവരേണ്ടതാണ്.
- കോഴ്സിൽ പങ്കെടുക്കുന്നവർ അപേക്ഷാഫോം ഡൗൺലോഡ് ചെയ്ത് പ്രിന്റ്ഔട്ട് എടുത്ത് വികാരിയച്ചന്റെ ഒപ്പും സീലും വച്ച് കൊണ്ടുവരേണ്ടതാണ്.

- **2024 ജനുവരി മുതൽ അവസാനദിവസം നടക്കുന്ന മാതാപിതാക്കളുടെ ക്ലാസ്സ് ഉണ്ടായിരിക്കുന്നതാണ്.**
- ഈ വർഷത്തെ എം.പി.സി. കോഴ്സിന്റെ ഷെഡ്യൂൾ താഴെ കൊടുക്കുന്നു.

| MPC - 2025 | | | |
|---|---|---|---|
| June | 12-14 | (Thusday - Saturday) | Thalassery |
| July | 17-19 | (Thusday - Saturday) | Padannakkad |
| August | 21-23 | (Thusday - Saturday) | Thalassery |
| September | 18-20 | (Thusday - Saturday) | Padannakkad |
| October | 16-18 | (Thusday - Saturday) | Thalassery |
| November | 13-15 | (Thusday - Saturday) | Padannakkad |
| December | 18-20 | (Thusday - Saturday) | Thalassery |

## II. മാതൃവേദി

### (a) സാന്തോം തീർത്ഥാടനം

മലബാറിന്റെ മലയാററൂർ എന്നറിയപ്പെടുന്ന കൊളക്കാട് മലയിലേക്ക് പുതുഞ്ഞായറിനോടനുബന്ധിച്ച് നടത്തിയ കുരിശിന്റെ വഴിയിൽ ആയിരക്കണക്കിന് അമ്മമാർ സംബന്ധിച്ചു.

### (b) സമുദായ ശക്തീകരണ വർഷ ജ്വാല പ്രോഗ്രാം

സമുദായ ശക്തീകരണ വർഷത്തോടനുബന്ധിച്ച് സമുദായ ശക്തീകരണ ജ്വാല നെല്ലിക്കാംപൊയിൽ മേഖലയുടേത് ഉളിക്കൽ ഇൻഫന്റ് ജീസസ് ദൈവാലയത്തിൽ വച്ച്, മെയ് 6 ന് നടത്തപ്പെട്ടു. ജപമാല, പതാക ഉയർത്തൽ എന്നിവയ്ക്കു ശേഷം പ്രാർത്ഥനാ ഗാനത്തോടെ പ്രോഗ്രാം ആരംഭിച്ചു. നെല്ലിക്കാംപൊയിൽ ഫൊറോന വികാരി വെരി. റവ. ഫാ. ജോസഫ് കാവനാടിയിൽ ജ്വാല ഉദ്ഘാടനം ചെയ്ത് സന്ദേശം നല്കി. മേഖല ഡയറക്ടർമാർ അനുഗ്രഹപ്രഭാഷണവും ആനിമേറ്റേഴ്സ് ആശംസകളും അർപ്പിച്ചു. "മാർത്തോമ്മാ നസ്രാണി സമുദായത്തിന്റെ ചരിത്രവും ശക്തിയും പ്രസക്തിയും" എന്ന വിഷയത്തെ ആസ്പദമാക്കി അതിരൂപതാ ഡയറക്ടറച്ചൻ ക്ലാസ് എടുത്തു. തുടർന്ന് റമ്പാൻ പാട്ട്, സ്കിറ്റ്, സംഘഗാനം, കോൽക്കളി, പുത്തൻപാന പാരായണം, ഡാൻസ് തുടങ്ങിയ പരിപാടികളും അമ്മമാർ മനോഹരമായി സംഘടിപ്പിച്ചു. പരമ്പരാഗത ക്രിസ്തീയ വേഷമായ ചട്ടയും മുണ്ടും ധരിച്ചുവന്ന അമ്മമാരുടെ സാന്നിധ്യം പ്രത്യേകതയായി. തനത് ക്രിസ്തീയ ഭക്ഷണ വിഭവങ്ങളായ വട്ടയപ്പം, അച്ചപ്പം, കുഴലപ്പം, പിടി, അവലോസുണ്ട എന്നിവ അമ്മമാർ ഉണ്ടാക്കികൊണ്ടുവരികയും

എല്ലാവരും പങ്കിട്ട് കഴിക്കുകയും ചെയ്തു. മേഖലാ ഭാരവാഹികളുടേയും, യൂണിറ്റ് ഭാരവാഹികളുടേയും അംഗങ്ങളുടേയും സജീവ സാന്നിദ്ധ്യം പ്രോഗ്രാമിന്റെ വിജയത്തിന് കാരണമായി.

**(c) പ്രബന്ധ രചന മത്സരം**

സമുദായശക്തീകരണ വർഷത്തോടനുബന്ധിച്ച് മലബാറിന്റെ പുരോഗതിയ്ക്ക് തലശ്ശേരി അതിരൂപതയിലെ കുടിയേറ്റ ജനത നല്കിയ സംഭാവനകൾ എന്ന വിഷയത്തെക്കുറിച്ച് 2 പേജിൽ കൂടാത്ത പ്രബന്ധ രചന മത്സരം നടത്തി. 100 ഓളം പേർ പങ്കെടുത്തു.

**വിജയികളായവർ**

ഒന്നാം സ്ഥാനം - ആതിര സാഗർ തുണ്ടത്തിൽ - എടൂർ

രണ്ടാം സ്ഥാനം - മഞ്ജുഷ കണ്ടത്തിൽ - കരിക്കോട്ടക്കരി

മൂന്നാം സ്ഥാനം - ലിസ്സി തോട്ടുങ്കൽ - കാസർഗോഡ്

**(d)കായികോത്സവ് 2K25**

തലശ്ശേരി അതിരൂപത 2025 സമുദായ ശക്തീകരണ വർഷമായി ആചരിക്കുന്നതിന്റെ ഭാഗമായി ഈ വർഷത്തെ മാതൃദിനത്തോടനുബന്ധിച്ച് അമ്മമാർക്കായി കായികമത്സരങ്ങൾ നടത്തി. ഓരോ യൂണിറ്റിലെയും ഏറ്റവും മികച്ച കായിക പ്രതിഭകളെ കണ്ടെത്തി അവർക്കായി 19 മേഖലകളിലായി മത്സരങ്ങൾ നടത്തി. അതിൽ ഓരോ ഇനത്തിലും ഒന്നാ സ്ഥാനം നേടിയ വ്യക്തികളും ടീമുകളുമാണ് അതിരൂപതാ സ്പോർട്സ് മത്സരത്തിൽ പങ്കെടുത്തത്. തളിപ്പറമ്പിലെ പുഷ്പഗിരി സെന്റ് ജോസഫ് സ്കൂൾ ഗ്രൗണ്ടിൽ വെച്ച് നടന്ന കായിക മാമാങ്കത്തിൽ 500 ഓളം കായിക പ്രതിഭകൾ പങ്കെടുത്തു. 19 മേഖലകളുടേയും വർണ്ണാഭമായ മാർച്ച് പാസ്റ്റോടെയാണ് പരിപാടികൾ ആരംഭിച്ചത്. അതിരൂപതാ പ്രസിഡന്റ് ശ്രീമതി സിസ്സി ആന്റണി സല്യൂട്ട് സ്വീകരിച്ചു. അതിരൂപതാംഗമായ കായിക പ്രതിഭ ഹവിൽദാർ അൻസാ ബാബു മുഖ്യാതിഥി ആയിരുന്നു. തളിപ്പറമ്പ് ഫൊറോന വികാരി പെരിയ ബഹുമാനപ്പെട്ട ഫാ. മാത്യു ആശാരിപ്പറമ്പിൽ കായികതാരങ്ങൾക്ക് ആശംസകൾ നേർന്ന് സംസാരിച്ചു. തുടർന്ന് 4 ഗ്രൗണ്ടുകളിലായി മത്സരങ്ങൾ പ്രഗത്ഭരായ റഫറിമാരുടെ മേൽനോട്ടത്തിൽ നടന്നു. വിജയികളാവർക്ക് മെഡലുകളും സർട്ടിഫിക്കറ്റുകളും സമ്മാനിച്ചു. ഏറ്റവും കൂടുതൽ പോയിന്റ് നേടിയ യൂണിറ്റുകൾക്കും മേഖലകൾക്കുമുള്ള എവറോളിങ്ങ് ട്രോഫികൾ അതിരൂപതാ പ്രോട്ടോ സിഞ്ചെല്ലൂസ് മോൺ. ആന്റണി മുതുകുന്നേൽ വിതരണം ചെയ്തു. 29 പോയിന്റ് നേടി വായാട്ടുപറമ്പ് മേഖല ഒന്നാം സ്ഥാനക്കാർക്കുള്ള ആൻമരിയ മെമ്മോറിയൽ എവറോളിങ്ങ് ട്രോഫിയും, 25 പോയിന്റുകളോടെ ചെറുപുഴ മേഖല രണ്ടാം സ്ഥാനത്തിനുള്ള മാതാ ബോട്ടിക് സ്പോൺസർ ചെയ്ത എവറോളിങ്ങ് ട്രോഫിയും, 23 പോയിന്റുകൾ നേടി തോമാപുരം മേഖല മൂന്നാം സ്ഥാനക്കാരുടെ തൈപ്പറമ്പിൽ

ഫാമിലി സ്പോൺസർ ചെയ്ത എവറോളിങ്ങ് ട്രോഫിയും സ്വന്തമാക്കി. ഏറ്റവും കൂടുതൽ പോയിന്റുകൾ നേടിയ യൂണിറ്റുകൾക്കുള്ള ട്രോഫികൾ യഥാക്രമം കച്ചേരിക്കടവ്, ശ്രീകണ്ഠാപുരം, മാലോം എന്നിവർ കരസ്ഥമാക്കി. അതിരൂപതാ ഡയറക്ടർ, ആനിമേറ്റർ, ബ്രദർ ജോയൽ, സ്പോർട്സ് കൺവീനർ ജിജി, ലിൻസി, മേഴ്സി, വത്സമ്മ, റെജീന, ബീന എന്നിവർ നേതൃത്വം നല്കി. മേഖല ഡയറക്ടർമാർ, ആനിമേറ്റർമാർ, പ്രസിഡന്റുമാർ, മേഖല സ്പോർട്സ് കൺവീനർമാർ എന്നിവർ മത്സരങ്ങൾ ഏകോപിപ്പിച്ചു.

**വിജയികളായവർ**

**100 മീറ്റർ ഓട്ടം ജൂനിയർ**

ഒന്നാം സ്ഥാനം - നിഷ പന്തിപ്പറമ്പിൽ - അമ്മംകുളം
രണ്ടാം സ്ഥാനം - റീന മനയാനിക്കൽ - പെരുമ്പടവ്
മൂന്നാം സ്ഥാനം - ലിബി ചൂരപ്പുഴ - വായാട്ടുപറമ്പ്

**200 മീറ്റർ നടത്തം ജൂനിയർ**

ഒന്നാം സ്ഥാനം - ത്രേസ്സ്യാമ്മ വടകര - ശ്രീകണ്ഠാപുരം
രണ്ടാം സ്ഥാനം - മനീഷ കുളപ്പുറത്ത് - പൈസക്കരി
മൂന്നാം സ്ഥാനം - ജിസ്ന വയലുങ്കൽ - അരിവിളഞ്ഞപൊയിൽ

**200 മീറ്റർ നടത്തം സീനിയർ**

ഒന്നാം സ്ഥാനം - ട്രീസ കളരിക്കൽ - ഉളിക്കൽ
രണ്ടാം സ്ഥാനം - ടാർലി കാട്ടിലത്തുകുടിയിൽ - കമ്പല്ലൂർ
മൂന്നാം സ്ഥാനം - ലിസ്സി കലശ്ശിയിൽ - കാര്യപ്പള്ളി

**ജാവലിൻ ത്രോ ജൂനിയർ**

ഒന്നാം സ്ഥാനം - റോഷ്ന കുട്ടിയാനി - കച്ചേരിക്കടവ്
രണ്ടാം സ്ഥാനം - ദിയ അനന്തക്കാട്ട് - ശ്രീകണ്ഠാപുരം
മൂന്നാം സ്ഥാനം - സാലി മറ്റത്തിൽ - പുളിങ്ങോം

**ജാവലിൻ ത്രോ സീനിയർ**

ഒന്നാം സ്ഥാനം - സുജ നെടുംതുരുത്തിയിൽ - പറമ്പ
രണ്ടാം സ്ഥാനം - റോസ്ലി മടത്തിക്കുഴി - മണക്കടവ്
മൂന്നാം സ്ഥാനം - ചിന്നമ്മ നെടുംതുരുത്തിയിൽ - കാവുംതല

**ഡിസ്കസ് ത്രോ ജൂനിയർ**

ഒന്നാം സ്ഥാനം - നീതു ചൊറുക്കാവിൽ - കുട്ടാപറമ്പ
രണ്ടാം സ്ഥാനം - റോജി പുറപ്പോക്കര - പുളിങ്ങോം
മൂന്നാം സ്ഥാനം - സുബി പെരുമ്പഴക്കടവിൽ - വിമലശ്ശേരി

**ഡിസ്കസ് ത്രോ സീനിയർ**

ഒന്നാം സ്ഥാനം - ലാലി തയ്യിലിടപ്പാട്ട് - തോമാപുരം
രണ്ടാം സ്ഥാനം - വൽസമ്മ കിഴക്കയിൽ - കനകക്കുന്ന്
മൂന്നാം സ്ഥാനം - റോസമ്മ കൊടിയംകുന്നേൽ - മാട്ടറ

**ഷോട്ട്പുട്ട് - ജൂനിയർ**

ഒന്നാം സ്ഥാനം - ടിന്റു മുളപ്പാമണ്ണിൽ - കരുവൻചാൽ
രണ്ടാം സ്ഥാനം - ജിഷ കിഴക്കരക്കാട്ട് - മാലോം
മൂന്നാം സ്ഥാനം - ബിന്യ കൊടിയംകുന്നേൽ - വിമലശ്ശേരി

**ഷോട്ട്പുട്ട് - സീനിയർ**

ഒന്നാം സ്ഥാനം - ജോളി വെട്ടിക്കാട്ടിൽ - അറബി
രണ്ടാം സ്ഥാനം - സിജി കടുക്കുന്നേൽ - കീഴ്പ്പള്ളി
മൂന്നാം സ്ഥാനം - മേഴ്സി പാലമറ്റം - കച്ചേരിക്കടവ്

**50 X 4 റിലേ ജൂനിയർ**

ഒന്നാം സ്ഥാനം - ടിന്റു മുളപ്പാമണ്ണിൽ - കരുവഞ്ചാൽ
നിമ്മി വട്ടക്കുഴി - വെള്ളാട്
ബിൻസി ഒറീത്തായിൽ - കരുണാപുരം
ലിബി ചൂരപ്പുഴ - വായാട്ടുപറമ്പ്

രണ്ടാം സ്ഥാനം - നിത ചക്കാലക്കൽ - വട്ട്യറ
ബിജി പാറേകാട്ടിൽ - വട്ട്യറ
പ്രീമ ജോഷി തറയിൽ - വട്ട്യറ
റിന്റു പുളിയാനിക്കാട്ട് - വട്ട്യറ

മൂന്നാം സ്ഥാനം - ഷൈനി തേക്കുംതടത്തിൽ - കാലാങ്കി
അമ്പിളി ചാത്തനാട്ട് - കാലാങ്കി
സുജ മുട്ടത്ത് - കാലാങ്കി
അയ്നു ആരംപുളിക്കൽ - കാഞ്ഞിരക്കൊല്ലി

**50 X 4 റിലേ സീനിയർ**

ഒന്നാം സ്ഥാനം - മേരി വളയത്ത് - ചുണ്ടപ്പറമ്പ്
തെയ്യാമ്മ കടമ്പനാട്ട് - ചന്ദനയ്ക്കാപാറ
ജെസ്സി പുളിക്കൽ - പൈസക്കരി
ജെസ്സി പെരുമ്പാട്ട് - പൈസക്കരി

രണ്ടാം സ്ഥാനം - ബീന കുമരത്തുകാലായിൽ - കമ്പല്ലൂർ
ഡെറ്റി കണ്ടൻചിറ - തോമാപുരം
ടാർലി കാട്ടിലത്തുകുടിയിൽ - കമ്പല്ലൂർ
ഫിലോമിന കിഴക്കേക്കുടി - ആയന്നൂർ

മൂന്നാം സ്ഥാനം - ജെസ്സി പൊള്ളക്കാട്ട് - കോലുവള്ളി
മേഴ്സി കൊട്ടാരത്തിൽപറമ്പിൽ - പുളിങ്ങോം
ജോയ്സി കുളത്തുങ്കൽ - കോലുവള്ളി
ഷാന്റി മണിയൻചിറകുന്നേൽ - ചെറുപുഴ

**100 X 4 റിലേ ജൂനിയർ**

ഒന്നാം സ്ഥാനം - ബിജി പാറേകാട്ടിൽ - വട്ട്യറ
പ്രീമ ജോഷി തറയിൽ - വട്ട്യറ
നിത ചക്കാലക്കൽ - വട്ട്യറ
റിന്റു പുളിയാനിക്കാട്ട് - വട്ട്യറ

രണ്ടാം സ്ഥാനം - ലിബി ചൂരപ്പുഴ - വായാട്ടുപറമ്പ്
ഷീന കരുവേൽ - കരുവഞ്ചാൽ
സോജിയ കൈതക്കൽ - തടിക്കടവ്
നിമ്മി വട്ടക്കുഴി - വെള്ളാട്
മൂന്നാം സ്ഥാനം - സവിത കുറുവതാതാഴത്ത് - കാഞ്ഞിരക്കൊല്ലി
ഷൈനി തേക്കുംതടത്തിൽ - കാലാങ്കി
സുജ മുട്ടത്ത് - കാലാങ്കി
അയ്നു ആരംപുളിക്കൽ - കാഞ്ഞിരക്കൊല്ലി

**കസേരകളി**

ഒന്നാം സ്ഥാനം - ലാലി കളപ്പുരപ്പറമ്പിൽ - എണ്ണപ്പാറ
രണ്ടാം സ്ഥാനം - മിനി നാമറ്റം - മാലോം
മൂന്നാം സ്ഥാനം - ജെസ്സി അട്ടാരമാക്കൽ - തിരുമേനി

**കുപ്പിയിൽ വെള്ളം നിറയ്ക്കൽ**

ഒന്നാം സ്ഥാനം - ഷീജി കാഞ്ഞമല - ആനപ്പന്തി
നിഷ കളമ്പുകാട്ട് - മാടത്തിൽ
ഡെയ്സി പെരുമ്പള്ളി - കിളിയന്തറ
ജീന കുളത്തിങ്കൽ - കുന്നോത്ത്
നിഷ കൈതക്കൽ - കച്ചേരിക്കടവ്
രണ്ടാം സ്ഥാനം - ഷാന്റി അഴകത്ത് - തിരുമേനി
ബീന പ്ലാത്തോട്ടം - തിരുമേനി
ഷാമിലി ഇടക്കര - തിരുമേനി
ജോൺസി ഇരുപ്പക്കാട്ട് - തിരുമേനി
ജെസ്സി അട്ടാരമാക്കൽ - തിരുമേനി
മൂന്നാം സ്ഥാനം - സോജി മടത്തിപ്പറമ്പിൽ - കരുവഞ്ചാൽ
മോൺസി മംഗളായ്പ്പറമ്പിൽ - കരുണാപുരം
സിൽവി വേരനാനി - വായാട്ടുപറമ്പ്
ലിസ്സി കോട്ടുകാപ്പള്ളി - വായാട്ടുപറമ്പ്
മോളി പേട്ടയിൽ - വായാട്ടുപറമ്പ്

**ബോൾ പാസ്സിങ്ങ്**

ഒന്നാം സ്ഥാനം - രമ്യ ആവിക്കൽ - കാഞ്ഞങ്ങാട്
നൈസി കുന്നത്തുപതിയിൽ - കാഞ്ഞങ്ങാട്
മോളി ഇഞ്ചക്കൽ - കാഞ്ഞങ്ങാട്
റീന കുഴിക്കോട്ടയിൽ - കാഞ്ഞങ്ങാട്
ഷിനി കള്ളിക്കാട്ട് - കാഞ്ഞങ്ങാട്
രണ്ടാം സ്ഥാനം - ലീലമ്മ - പറമ്പ
സുജ നെടുംതുരുത്തിയിൽ - പറമ്പ
ഷിനി തുരുത്തേൽ - പറമ്പ
ജിൻസി കാഞ്ഞമല - പറമ്പ
അഞ്ജു വെട്ടുകാട്ടിൽ - പറമ്പ

മൂന്നാം സ്ഥാനം - ഷീന പാലയ്ക്കൽ - ചരൾ
നിഷ കളമ്പുകാട്ട് - മാടത്തിൽ
സെലിൻ മങ്കര - കച്ചേരിക്കടവ്
ബിൻസി പ്ലാത്തോട്ടത്തിൽ - കച്ചേരിക്കടവ്
ആൻസി വാഴചാരിക്കൽ - പെരിങ്കരി

**വടംവലി**

ഒന്നാം സ്ഥാനം - മേരി ഇരുവേലിൽ - ചെറുപുഴ
ഡോളി നിരപ്പേൽ - ചെറുപുഴ
ബീന നൂറനാനിക്കൽ - ചെറുപുഴ
ബിന്ദു കുഞ്ചിറക്കാട്ട് - ചെറുപുഴ
ജെയ്സിൽ പടിഞ്ഞാറേൽ - ചെറുപുഴ
ഷൈനി തോപ്പിൽ -ചെറുപുഴ
ഷീജ കുട്ടിയത്ത് - ചെറുപുഴ

രണ്ടാം സ്ഥാനം - ഓമന കുര്യാലപ്പുഴ - തോമാപുരം
സാലി പുല്ലാട്ട് - തോമാപുരം
മിനി മതിലകത്ത് - തോമാപുരം
സുമ പുളിമൂട്ടിൽ - തോമാപുരം
ഷാന്റി മ്ലാക്കുഴിയിൽ - തോമാപുരം
സിജി കണ്ടത്തിനാനിക്കൽ - തോമാപുരം
ലൗലി വെട്ടുകാട്ടിൽ - തോമാപുരം

മൂന്നാം സ്ഥാനം - ലാലി ആനപ്പാറ - വായാട്ടുപറമ്പ്
ഷീന കരുവേൽ - കരുവഞ്ചാൽ
ലിസ്സി കാവാലം - കരുവഞ്ചാൽ
മോളി പേട്ടയിൽ - വായാട്ട്പറമ്പ്
സിൽവി വേരനാനി - വായാട്ട്പറമ്പ്
അനിത തേരാംകുടിയിൽ - വായാട്ട്പറമ്പ്
മിനി ചേന്നാട്ട് - വായാട്ട്പറമ്പ്

## (e) ജൂൺ മാസത്തെ മാർഗ്ഗരേഖ

1 - തിരുഹൃദയ വണക്കമാസം ആരംഭിക്കുന്നു.
അന്താരാഷ്ട്ര മാതൃപിതൃദിനം

5 - പരിസ്ഥിതി ദിനം -
എല്ലാ യൂണിറ്റിലും വൃക്ഷതൈകൾ നടുക.

6 - **തോമാപുരം മേഖല വിസിറ്റ് 10am, മാലോം മേഖല വിസിറ്റ് 2pm**

7 - ജ്വാല @ കാഞ്ഞങ്ങാട്

8 - വി. മറിയം ത്രേസ്യ- സഹ മദ്ധ്യസ്ഥ
വിശുദ്ധയുടെ വേഷം ധരിച്ചുള്ള ഫാൻസി ഡ്രസ്സ് മത്സരം. പന്തക്കുസ്തതിരുനാൾ.

13 – വി. അന്തോണീസിന്റെ തിരുനാൾ

14 – രക്തദാനദിനം

15 – പരിശുദ്ധത്രിത്വത്തിന്റെ തിരുനാൾ – പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും സ്തുതി എന്ന പ്രാർത്ഥന 3 പ്രാവിശ്യം ചൊല്ലുക.

16 – പിതൃദിനം – എല്ലാ പിതാക്കന്മാർക്കും ആശംസകൾ നേരുക.

19 – പരിശുദ്ധ കുർബ്ബാനയുടെ തിരുനാൾ, എല്ലാ യൂണിറ്റിലും ഒരു മണിക്കൂർ ആരാധന നടത്തുക.

21 – യോഗാദിനം. അതിരൂപത ജനറൽ ബോഡി മാതൃവേദി @ തളിപ്പറമ്പ്. അഭിവന്ദ്യ പിതാവ് പങ്കെടുക്കുന്ന ജനറൽ ബോഡിയാണ്. സമുദായ ശക്തീകരണ വർഷമായതിനാൽ ഓരോ മേഖലയും: 1. തനത് ക്രിസ്തീയ വേഷം, ക്രൈസ്തവ ഭക്ഷണ വിഭവങ്ങൾ, 3. ക്രിസ്തീയ കലകളുടെ ആവിഷ്ക്കാരം എന്നിവ ക്രമീകരിക്കുക.

– ലോക സംഗീതദിനം

24 – **വെള്ളരിക്കുണ്ട് മേഖല വിസിറ്റ് 10am, പനത്തടി മേഖല വിസിറ്റ് 2pm**

26 – ലോകലഹരിവിരുദ്ധദിനം – ലഹരിവിരുദ്ധപ്രതിജ്ഞ ചൊല്ലുക.

29 – വി. പത്രോസ്, പൗലോസ് ശ്ലീഹന്മാരുടെ തിരുനാൾ – നാമധാരികളെ ആദരിക്കുന്നു. മാർപാപ്പയ്ക്ക് വേണ്ടി പ്രാർത്ഥിക്കുന്നു. ആശംസാ കാർഡ് തയ്യാറാക്കുന്നു.

30 – അന്താരാഷ്ട്ര സാമൂഹ്യമാധ്യമദിനം

## പ്രത്യേകപ്രവർത്തനങ്ങൾ

- 1 മുതൽ 4വരെ ക്ലാസ്സുകളിൽ വിശ്വാസപരിശീലനം നടത്തുന്ന കുഞ്ഞുങ്ങളുടെ മാതാപിതാക്കൾക്കായി കൂടുതൽ കുഞ്ഞുങ്ങൾക്ക് ജന്മം നല്കുക. എന്ന ലക്ഷ്യത്തോടെ തുടർപരിശീലനം (വിശ്വാസപരിശീലനപ്രേഷിതത്വമായി സഹകരിച്ച്)
- 5 പേരിൽ കുറയാത്ത ടീം ആലപിക്കുന്ന ക്രിസ്തീയ ഭക്തിഗാനമത്സരം.
- ഓരോ മേഖലയിലേയും നാല് അതിൽ കൂടുതൽ കുട്ടികളുള്ള (2010ന് ശേഷം) കുടുംബങ്ങളുടെ കണക്ക് മാസത്തിന്റെ ആദ്യ ആഴ്ച്ച തന്നെ ശേഖരിച്ച് അതിരൂപതാ ഓഫീസിൽ അറിയിച്ച് അത്തരം കുടുംബങ്ങൾക്കായി റീജണൽ തലത്തിൽ സംഘടിപ്പിക്കപ്പെടുന്ന സംഗമങ്ങൾക്ക് പൂർണ്ണമായ സഹകരണവും സാമ്പത്തിക സഹായങ്ങളും നല്കുക.

**III. ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ Mail ID: familytly92@gmail.com**
**Web Site: www.familytly.com**

**റവ. ഫാ. ജോർജ് കോവാട്ട്**
*ഡയറക്ടർ*

# എജ്യൂക്കേഷണൽ അപ്പൊസ്റ്റോലേറ്റ്

## യാത്രാമംഗളങ്ങൾ

**ആദരവോടെ... നന്ദിയോടെ...**

2019 മെയ് മാസം 12-ാം തീയതി മുതൽ കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ മാനേജരായി സ്തുത്യർഹമാംവിധം സേവനം ചെയ്ത ശേഷം കുന്നോത്ത് ഫൊറോനയിൽപ്പെട്ട പേരട്ട ഇടവകയിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹു. മാത്യു ശാസ്താംപടവിലച്ചന് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ പേരിലുള്ള ഹൃദയംഗമമായ നന്ദിയും കടപ്പാടും അറിയിക്കുന്നു.

കേരളത്തിലെ 31 കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസികളിൽ മുൻനിരയിലാണ് ഇന്ന് തലശ്ശേരി അതിരൂപത കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസി. 15 ഹയർ സെക്കണ്ടറി സ്കൂളുകളും 24 ഹൈസ്കൂളുകളും 30 യുപി സ്കൂളുകളും അടക്കം 92 സ്കൂളുകളും ധീരമായും മാതൃകാപരമായും മുന്നേറുവാൻ ഉള്ള എല്ലാവിധ സഹായങ്ങളും നൽകി. 1661 അധ്യാപക അനധ്യാപക ജീവനക്കാരെ പേര് ചൊല്ലി വിളിക്കാൻ മാത്രം പ്രാപ്തനായ, സ്നേഹനിധിയായ ലാളിത്യത്തിന്റെ മുഖമുദ്രയായ മനുഷ്യസ്നേഹി, കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയുടെ കീഴിൽ സേവനം ചെയ്യുന്ന മുഴുവൻ അധ്യാപകരെയും ദീപിക പത്രത്തിന്റെ വരിക്കാരാക്കി മാറ്റിയതിനാൽ ദീപിക ദിനപത്രം **വിഷൻ അവാർഡ് - 2023** നൽകി ആദരിക്കുകയുണ്ടായി. കലാകായിക മേഖലകളിലെ പ്രതിഭകളെ കണ്ടെത്തി അവർക്ക് പ്രോത്സാഹനം നൽകുന്നതിൽ അച്ചൻ ഏറെ പ്രാധാന്യം നൽകിയിരുന്നു. കുട്ടികൾക്കും അധ്യാപകർക്കും ആയി വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു. സ്നേഹവീട് പദ്ധതി എന്ന പേരിൽ പുതിയൊരു പദ്ധതിക്ക് തുടക്കം കുറിച്ചുകൊണ്ട് വർഷം തോറും നാലു വീടുകൾ വീതം നമ്മുടെ കോർപ്പറേറ്റിലെ കുട്ടികൾക്കായി നൽകിക്കൊണ്ട് ഒരു സ്നേഹത്തണൽ തീർത്തിരുന്നു. എന്തിനേറെ പ്രവർത്തന വൈവിദ്ധ്യം കൊണ്ട് കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിയെ ഏറ്റവും മികച്ച രീതിയിൽ നയിച്ചു. കഴിഞ്ഞ 4 വർഷങ്ങളിലായി കെസിബിസി ഏർപ്പെടുത്തിയ ഏറ്റവും മികച്ച കോർപ്പറേറ്റ് വിദ്യാഭ്യാസ ഏജൻസിക്കുമുള്ള അവാർഡും കരസ്ഥമാക്കുവാൻ കഴിഞ്ഞു.

നാളിതുവരെ ഈ പ്രസ്ഥാനത്തെ വളർത്തുന്നതിനും വിദ്യാലയങ്ങളെ മികവിന്റെ കേന്ദ്രങ്ങളാക്കി തീർക്കുന്നതിനും അച്ചൻ കാണിച്ച ശ്രദ്ധ വലുതാണ്. അച്ചന് പുതിയ പ്രവർത്തന മേഖലകളിൽ എല്ലാവിധ വിജയാശംസകളും ദൈവാനുഗ്രഹവും നേരുന്നു.

അദ്ദേഹത്തിന്റെ പിൻഗാമിയായി അഭിവന്ദ്യ പിതാവ് എന്നെ നിയോഗിച്ചിരിക്കുകയാണ്. ഈ പുതിയ ദൗത്യം ഏറ്റെടുക്കുമ്പോൾ നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും എന്നോടു കൂടി ഉണ്ടാകണമെന്ന് സ്നേഹത്തോടെ അഭ്യർത്ഥിക്കുന്നു. ആവശ്യമായ ഇടപെടലുകളും കാര്യക്ഷമമായ നിർദ്ദേശങ്ങളും തക്ക സമയത്ത് നിങ്ങളുടെ ഭാഗത്തുനിന്ന് ഉണ്ടാകുമല്ലോ.

## എസ്.എസ്.എൽ.സി റിസൾട്ട് 2024 – 2025

| സ്കൂളിന്റെ പേര് | പരീക്ഷ എഴുതിയവർ | വിജയിച്ചവർ | Full A+ | 9 A+ | ശതമാനം |
|---|---|---|---|---|---|
| ചെറുപ്പുഴ എച്ച്.എസ് | 238 | 238 | 72 | 19 | 100% |
| എടൂർ എച്ച്.എസ് | 224 | 224 | 43 | 15 | 100% |
| കടുമേനി എച്ച് എസ് | 61 | 61 | 11 | 4 | 100% |
| കരിക്കോട്ടക്കരി എച്ച്.എസ് | 116 | 116 | 19 | 3 | 100% |
| കിളിയന്തറ എച്ച്.എസ് | 96 | 96 | 12 | 06 | 100% |
| മേരിഗിരി എച്ച്.എസ് | 81 | 81 | 18 | 06 | 100% |
| പെരുമ്പടവ് എച്ച്.എസ് | 137 | 137 | 36 | 06 | 100% |
| പുലിക്കുരുമ്പ എച്ച്.എസ്. | 40 | 40 | 02 | 01 | 100% |
| തോമാപുരം എച്ച്എസ് | 156 | 156 | 39 | 08 | 100% |
| വായാട്ടുപറമ്പ എച്ച് എസ് | 208 | 208 | 62 | 11 | 100% |
| ചെമ്പന്തൊട്ടി എച്ച്.എസ് | 121 | 121 | 22 | 07 | 100% |
| പൈസക്കരി എച്ച്.എസ് | 110 | 110 | 33 | 02 | 100% |
| കൊളക്കാട് എച്ച് എസ് | 87 | 87 | 18 | 06 | 100% |
| ചെമ്പേരി എച്ച്.എസ് | 127 | 127 | 22 | 07 | 100% |
| മണിക്കടവ് എച്ച്.എസ് | 187 | 187 | 33 | 12 | 100% |
| വെള്ളരിക്കുണ്ട് എച്ച്.എസ് | 198 | 198 | 40 | 11 | 100% |
| കുന്നോത്ത് എച്ച്.എസ് | 147 | 147 | 28 | 6 | 100% |
| നെല്ലിക്കുറ്റി എച്ച്.എസ് | 58 | 58 | 10 | 03 | 100% |
| കുടിയാൻമല എച്ച്.എസ് | 90 | 90 | 20 | 06 | 100% |
| വെളിമാനം എച്ച്.എസ് | 186 | 186 | 14 | 06 | 100% |
| ചന്ദനക്കാംപാറ എച്ച്.എസ് | 66 | 66 | 17 | 04 | 100% |
| അങ്ങാടിക്കടവ് എച്ച്.എസ് | 108 | 108 | 21 | 04 | 100% |
| പാലാവയൽ എച്ച്.എസ് | 98 | 97 | 16 | 10 | 98.98 |
| പേരാവൂർ എച്ച്.എസ് | 312 | 310 | 42 | 09 | 99.36% |

**പ്രവേശനോത്സവം**

പുതിയ വിദ്യാഭ്യാസ വർഷം ജൂൺ 02-ാം തീയതി ആരംഭിക്കുകയാണല്ലോ. പുതിയ കുട്ടികളുടെ പ്രവേശനം ഒരു ഉത്സവമാക്കി തീർക്കാൻ എല്ലാവരും ശ്രദ്ധിക്കുക. പ്രധാനാധ്യാപകകരും, അധ്യാപക-അനധ്യാപകരും, പി.ടി.എ. അംഗങ്ങളും കൂട്ടായി സഹകരിച്ച് പ്രവർത്തിക്കണം. മാനേജരച്ചന്മാരുടെ നേതൃത്വത്തിൽ പ്രാർത്ഥനാ ശുശ്രൂഷകളും സ്കൂൾ വെഞ്ചിരിപ്പും കഴിഞ്ഞ വർഷങ്ങളിലേതുപോലെ ഈ വർഷവും നടത്തേണ്ടതാണ്. കോർപ്പറേറ്റ്തല പ്രവേശനോത്സവം മേരിപുരം സെന്റ് മേരീസ് എൽപി സ്കൂളിൽ നടത്തുന്നതാണ്.

അധ്യയനവർഷാരംഭം മുതൽ അധ്യാപകർ സ്കൂളിൽ മുടങ്ങാതെ വരികയും കുട്ടികളുടെ കാര്യത്തിൽ ശ്രദ്ധിക്കുകയും വേണം. അച്ചടക്കത്തിന്റെ കാര്യത്തിലും പഠനത്തിന്റെ കാര്യത്തിലും വളരെയേറെ മികവു പുലർത്താൻ എല്ലാവരും പ്രത്യേകം ശ്രദ്ധിക്കണം. എസ്.എസ്.എൽ.സി., പ്ലസ്.ടു പരീക്ഷകൾക്ക് നല്ല റിസൾട്ട് നമ്മുടെ സ്കൂളുകൾക്ക് ലഭിച്ചിട്ടുണ്ട്. ഉന്നതമായ വിജയത്തിന്റെ ശൈലി നമ്മുടെ എല്ലാ സ്കൂളുകൾക്കും തുടർന്നും നിലനിർത്താൻ കഴിയണം. അതിനു സാധിക്കണമെങ്കിൽ അധ്യാപക അനധ്യാപകർ എല്ലാവരും പ്രധാനാധ്യാപകനോട് ചേർന്നുകൊണ്ട് സ്കൂളിന്റെയും വിദ്യാർത്ഥികളുടെയും നന്മയ്ക്കുവേണ്ടി അക്ഷീണം പ്രവർത്തിക്കണം. തുടക്കം മുതലേ കഠിനാദ്ധ്വാനം ചെയ്താൽ മാത്രമേ നല്ല റിസൾട്ട് ലഭിക്കുകയുള്ളൂ.

പഠനത്തോടൊപ്പം തന്നെ പാഠ്യേതര പ്രവർത്തനങ്ങളിലും വിദ്യാർത്ഥികളെ പങ്കെടുപ്പിക്കണം. കലാകായിക രംഗങ്ങളിൽ വിദ്യാർത്ഥികൾ പങ്കെടുത്താൽ മാത്രമേ അവരുടെ വ്യക്തിത്വം വളർന്നുവരികയുള്ളൂ. വിദ്യാർത്ഥികളെ അച്ചടക്കമുള്ളവരായി വളരാൻ സഹായിക്കുന്ന എൻ.സി.സി. സ്റ്റുഡൻസ് പോലീസ്, സ്കൗട്ട് ആന്റ് ഗൈഡ്, എൻ.എസ്.എസ്, ജെ.ആർ.സി, കബ്ബ്, ബുൾബുൾ മുതലായവയിൽ കുട്ടികളെ ചേരുവാൻ പ്രേരിപ്പിക്കുകയും അവർക്ക് അവസരങ്ങൾ ഉണ്ടാക്കികൊടുക്കുകയും വേണം. ഇതിനാവശ്യമായ ട്രെയിനിംഗ് എല്ലാ അധ്യാപകരും നേടേണ്ടതാണ്. പ്രധാനാധ്യാപകർ ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധപുലർത്തേണ്ടതാണ്.

പാഠ്യപാഠ്യേതര പ്രവർത്തനങ്ങളിൽ കുട്ടികൾക്ക് വളർന്നുവരാൻ അവസരങ്ങളുണ്ടാകുന്നതോടു കൂടി അവരുടെ സ്വഭാവരൂപീകരണത്തിലും അധ്യാപകർക്ക് ഗണ്യമായ പങ്ക് ഉണ്ട് എന്ന കാര്യം ഓർമ്മിപ്പിക്കുന്നു. കുട്ടികൾ പല കാര്യങ്ങളും തങ്ങളുടെ അധ്യാപകരിൽ നിന്നുമാണ് കണ്ടുപഠിക്കുന്നത്. അതിനാൽ അധ്യാപകർ എല്ലാ കാര്യത്തിലും കുട്ടികൾക്ക് മാതൃകയാകാൻ ശ്രദ്ധിക്കണം. മൂല്യബോധമുള്ള ഒരുതലമുറയെ വളർത്തിയെടുക്കുവാൻ നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

**ഫാ. സ്കറിയ വടശ്ശേരിൽ**

*കോർപ്പറേറ്റ് മാനേജർ*

# വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജ്
## ചെമ്പേരി

**PLACEMENT NEWS - MAY 2025**

കൊച്ചി ആസ്ഥാനമായി പ്രവർത്തിക്കുന്ന ARIES GROUP OF COMPANIES, വിമൽ ജ്യോതിയിൽ അവസാനവർഷം പഠിക്കുന്ന Mechanical, Electrical, and Civil വിദ്യാർത്ഥികൾക്കായി ഏപ്രിൽ 1-ാം തീയതി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുകയും 3 പേരെ തിരഞ്ഞെടുക്കുകയും ചെയ്തു. തിരഞ്ഞെടുക്കപ്പെട്ടവർ training നായി ഓഗസ്റ്റ് മാസത്തിൽ ജോയിൻ ചെയ്യണം.

ഇന്റീരിയർ ഡിസൈനിംഗ് രംഗത്ത് പ്രവർത്തിക്കുന്ന പ്രശസ്ത കമ്പനിയായ LIVA KITCHEN & INTERIORS, അവസാന വർഷ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തി. 8 വിദ്യാർത്ഥികൾക്ക് ജോലി ലഭിച്ചു. തിരഞ്ഞെടുക്കപ്പെട്ടവർ ജൂലൈ ആദ്യവാരത്തിൽ പാലക്കാടുള്ള ഹെഡ്ഓഫീസിൽ ജോലിയിൽ പ്രവേശിക്കണം.

2026 അധ്യയന വർഷത്തിൽ എഞ്ചിനീയറിംഗ് പഠനം പൂർത്തിയാക്കുന്ന വിദ്യാർതഥികളുടെ ജോലി സാധ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തിൽ, placement platform ആയ SUPERSET ന്റെ അംഗത്വം മൂന്നാം വർഷ വിദ്യാർത്ഥികൾക്കായി വാങ്ങിച്ചു. പ്രമുഖ കമ്പനികളും, കോളേജുകളും റിക്രൂട്ട്മെന്റിനായി ഉപയോഗിക്കുന്ന platform ആണിത്.

Computer science-ൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി SURVEY SPAROW എന്ന കമ്പനിയും, electrical, electronic എന്നീ ബ്രാഞ്ചുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്കായി QUEST INNOVATIVE SOLUTIONS എന്ന കമ്പനിയും മെയ്മാസത്തിൽ റിക്രൂട്ട്മെന്റ് നടത്തുകയും പ്രാരംഭ പരീക്ഷകൾ പൂർത്തിയാവുകയും ചെയ്തു. മെയ് അവസാനത്തോടെ selection process പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

Structural Engineering & Designing രംഗത്ത് പ്രവർത്തിക്കുന്ന പ്രമുഖ കമ്പനിയായ ORBIT ENGINEERING, പഠനം പൂർത്തിയാക്കിയ സിവിൽ എഞ്ചിനീയറിംഗ് വിദ്യാർത്ഥികൾക്കായി ക്യാമ്പസ് റിക്രൂട്ട്മെന്റ് നടത്തുന്നു.

**ഫാ. ജെയിംസ് ചെല്ലങ്കോട്ട്**
*മാനേജർ*

# നിർമലഗിരി കോളേജ്

## കൂത്തുപറമ്പ്

കണ്ണൂർ, കാസർഗോഡ്, വയനാട് ജില്ലകളിലെ ആദ്യത്തെ സ്വയം ഭരണാധികാര സ്ഥാപനമായ നിർമലഗിരി കോളേജിൽ 2025-26 അധ്യയന വർഷത്തേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. തലശ്ശേരി അതിരൂപതയുടെ കീഴിലുള്ള ഈ ഉന്നത വിദ്യാഭ്യാസസ്ഥാപനം ഉത്തരമലബാറിലെ മികവിന്റെ കേന്ദ്രമാണ്. പഠനവും പാഠ്യേതര പ്രവർത്തനങ്ങളും NSS, NCC, സ്പോർട്സ്, തുടങ്ങിയവയിലുള്ള അംഗത്വവും, കലാസാഹിത്യരംഗത്തെ പങ്കാളിത്തവുംവഴി വിദ്യാർത്ഥികളുടെ സമഗ്രമായ വളർച്ചയെ ലക്ഷ്യം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന കോളേജ് ഈ വർഷവും മികച്ച പ്രവർത്തനങ്ങളുമായി കണ്ണൂർ യൂണിവേഴ്സിറ്റിയിൽ മുൻനിരയിലാണ്. ഈ വർഷം മുതൽ ഓട്ടോണമസ് പദവിയിലുള്ള നിർമലഗിരി കോളേജിൽ അഡ്മിഷൻ ലഭിക്കുന്നത് കോളേജ് വെബ്സൈറ്റ് വഴി മാത്രമാണ്. നിലവിൽ ഗവണ്മെന്റ് നൽകുന്ന എല്ലാ സ്കോളർഷിപ്പുകളും, ആനുകൂല്യങ്ങളും, റിസർവേഷനും നിർമലഗിരി കോളേജിൽ തുടർന്നും ലഭ്യമാണ്. 11 ഡിഗ്രി പ്രോഗ്രാമുകളിലേക്ക് യോഗ്യരായ വിദ്യാർത്ഥികൾക്ക് നിർമലഗിരി കോളേജ് വെബ്സൈറ്റിൽ അപേക്ഷിക്കാവുന്നതാണ്.

അഡ്മിഷൻ പോർട്ടൽ കോളേജ് വെബ്സൈറ്റിൽ ലഭ്യമാണ്.

Website : www.nirmalagiricollege.ac.in
Phone : 7902200068, 7902200069
Email : admission@nirmalagiricollege.ac.in

മൂന്നാം വർഷ ഡിഗ്രി പരീക്ഷയിൽ മിന്നുന്ന വിജയവുമായി നിർമലഗിരി കോളേജ് വീണ്ടും കണ്ണൂർ യൂണിവേഴ്സിറ്റിയിൽ മുൻനിരയിൽ. ഫിസിക്സ്, ഹോം സയൻസ്, ഹിസ്റ്ററി തുടങ്ങിയ വിഷയങ്ങളിൽ യൂണിവേഴ്സിറ്റി റാങ്കുകളും, മറ്റു വിഷയങ്ങളിൽ വിജയ ശതമാനത്തിൽ ഒന്നാം സ്ഥാനവും കരസ്ഥമാക്കിക്കൊണ്ട് ഉന്നത വിദ്യാഭ്യാസരംഗത്ത് മുന്നേറ്റം തുടരുന്ന നിർമലഗിരി കോളേജ് മലബാർ മേഖലയുടെ കരുത്താണ്.

ഈ വർഷം മുതൽ ഓട്ടോണമസ് പദവി ലഭിച്ചിട്ടുള്ള കോളേജിൽ ബിരുദ - ബിരുദാനന്തര പ്രോഗ്രാമുകളിൽ അഡ്മിഷൻ ആരംഭിച്ചു.

**പി ആർ ഒ**
നിർമലഗിരി കോളേജ്

TRACE

THALASSERY ARCHDIOCESE FOR RAISING AWARENESS AND COMMUNITY ENRICHMENT

**ഹെൽപ്പ് ഡെസ്ക്**

മെയ് 6 ന് മേരിഗിരി ഫൊറോനയിൽ ഹെൽപ്പ് ഡെസ്ക് പ്രവർത്തനങ്ങൾ സജീവമാക്കുന്നതിന്റെ ഭാഗമായി ഓരോ വാർഡിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾക്കുവേണ്ടിയുള്ള പരിശീലന പരിപാടിയും ബോധവൽക്കരണവും മേരിഗിരി ഫൊറോന പാരിഷ് ഹാളിൽ വച്ച് നടത്തപ്പെട്ടു. ഡയറക്ടർ പരിശീലനത്തിന് നേതൃത്വം നൽകി.

**എജ്യൂസ്പാർക്ക്**

പാലാ സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടുമായി സഹകരിച്ചുകൊണ്ട് 5-ാം ക്ലാസ് മുതൽ 8-ാം ക്ലാസ് വരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് വേണ്ടി ബ്ലൂമിംഗ് മൈൻഡ്സ് എന്ന പേരിലും 9, 10 ക്ലാസിലേക്കുള്ള കുട്ടികൾക്ക് വേണ്ടി ബ്യൂട്ടിഫുൾ മൈൻഡ്സ് എന്ന പേരിലും സിവിൽ സർവീസ് ഓറിയന്റഡ് പരിശീലന പരിപാടിയിലേക്കുള്ള അഡ്മിഷൻ ആരംഭിച്ചു. കോഴ്സിനെക്കുറിച്ച് അറിയുവാനും, രജിസ്ട്രേഷനുമായി ബന്ധപ്പെട്ട വിവരങ്ങൾക്കും വിളിക്കുക. **+91 94475 28200.**

**ഫാ. ജോസഫ് റാത്തപ്പിള്ളിൽ**
*ഡയറക്ടർ*

**ഫാ. ആന്റണി മുതുകുന്നൽ**
*പ്രോട്ടോ സിഞ്ചെല്ലൂസ്*

# ലെയ്റ്റി അപ്പൊസ്റ്റോലേറ്റ്
## എ. കെ. സി. സി.

**അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ്**

13–5–25ന് മേരിഗിരി ലിറ്റിൽ ഫ്ളവർ ഫൊറോനാ പള്ളി പാരിഷ് ഹാളിൽ ചേർന്ന കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് അതിരൂപത പ്രസിഡണ്ട് ഫിലിപ്പ് വെളിയത്തിന്റെ അധ്യക്ഷതയിൽ മേരിഗിരി ഫൊറോന വികാരി വെരി റവ. ഫാ. അബ്രഹാം മഠത്തിമ്യാലിൽ ഉദ്ഘാടനം ചെയ്തു.

കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഡോ. ഫിലിപ്പ് കവിയിൽ മുഖ്യഭാഷണവും മേരിഗിരി ഫൊറോന ഡയറക്ടർ റവ. ഫാ. ജോർജ് തൈക്കുന്നുംപുറം അനുഗ്രഹഭാഷണവും നടത്തി. ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം റിപ്പോർട്ടും ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ വരവ് ചെലവ് കണക്കും അവതരിപ്പിച്ചു.

കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതയുടെ ഫേസ് ബുക്ക്, ഇൻസ്റ്റർഗ്രാം പേജുകൾ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

തോമസ് ഒഴുകയിൽ, ബെന്നിച്ചൻ മഠത്തിനകം, ടോമി കണയങ്കൽ, ഷീബ തെക്കേടത്ത്, ബിജു മണ്ഡപത്തിൽ, ജയ്സൺ അട്ടാറിമാക്കൽ, ബെന്നി തുളുമ്പൻമാക്കൽ, ജോസഫ് കൈതമറ്റം, ബിജു ഒറ്റപ്ലാക്കൽ, ജെയിംസ് പേരുക്കുന്നേൽ, ജോബി കുര്യൻ, മാത്യു വള്ളംകോട്ട്, ജെയിംസ് പാറേൽ, ബാബു ആക്കാട്ട്, ഷാജൻ മാസ്റ്റർ, ജോളി ജോസഫ് എള്ളരഞ്ഞിൽ, ബേബി കോയിക്കൽ എന്നിവർ സംസാരിച്ചു. ജോർജ് പന്തപ്ലാക്കൽ, ജോഷി ആനിത്തോട്ടം എന്നിവർ നേതൃത്വം വഹിച്ചു.

**തീരുമാനങ്ങൾ**

1. അതിരൂപതാതലത്തിൽ കത്തോലിക്ക കോൺഗ്രസ് മീഡിയ സമിതി രൂപീകരിച്ചു. മീഡിയാ സമിതി കോർഡിനേറ്റിംഗ് അംഗങ്ങളായി ജിമ്മി ആയിത്തമറ്റം, പാട്രിക് കുരുവിള, ഷിജിത്ത് കുഴിവേലിൽ, ഷാജിമോൻ കളപ്പുരക്കൽ എന്നിവരെ തെരഞ്ഞെടുത്തു.

2. ഫൊറോനകളിൽ നിന്നും ഒരാളെയെങ്കിലും മീഡിയ പ്രതിനിധിയായി തിരഞ്ഞെടുത്ത് ഫൊറോന പ്രസിഡണ്ടുമാർ മെയ് ഇരുപതാം തീയതിക്ക് മുൻപായി പേര് രൂപത ജനറൽ സെക്രട്ടറിക്ക് നൽകണം.
3. പാലക്കാട് മെയ് 18 ന് നടക്കുന്ന കത്തോലിക്ക കോൺഗ്രസ് ജന്മദിന വാർഷിക റാലിയിലും പൊതുസമ്മേളനത്തിലും തലശ്ശേരി അതിരൂപത യിലെ എല്ലാ ഫൊറോനങ്ങളിൽ നിന്നും ഓരോ ബസ്സിന് ആളുകളെ പങ്കെടുപ്പിക്കുന്നതിന് തീരുമാനിച്ചു.
4. അടുത്ത അതിരൂപത എക്സിക്യൂട്ടീവ് മീറ്റിംഗ് 10-06-25 ന് ചെമ്പന്തൊട്ടി ഫൊറോനയിൽ വെച്ച് നടത്തുവാൻ നിശ്ചയിച്ചു.
5. കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതയുടെ ഗ്രൂപ്പുകളിൽ രൂപത നേതൃത്വം ഇടുന്ന മെസ്സേജുകളും അറിയിപ്പുകളും വാർത്തകളും ഫൊറോന പ്രസിഡന്റുമാർ ഫൊറോനയുടെ ഗ്രൂപ്പുകളിലേക്കും യൂണിറ്റ് വാട്സ്ആപ്പ് ഗ്രൂപ്പുകളിലേക്ക് ഫോർവേഡ് ചെയ്യണം.

**പൊതു പ്രവർത്തനങ്ങൾ**

1. കത്തോലിക്ക കോൺഗ്രസ് യൂത്ത് കൗൺസിലിന്റെ നേതൃത്വത്തിൽ പനത്തടി ഫൊറോനയിലെ 5 യൂണിറ്റുകളിൽ നിർധനരായ കുടുംബങ്ങളിൽ ഈസ്റ്റർ കിറ്റ് നൽകി.
2. പാണത്തൂർ ഇടവകയിൽ നടന്ന ദുഃഖ വെള്ളിയാഴ്ചത്തെ കുരിശിന്റെ വഴിയ്ക്കുശേഷം കത്തോലിക്കാ കോൺഗ്രസ് പാണത്തൂർ യൂണിറ്റ് 700 ഓളം ആളുകൾക്ക് നേർച്ച കഞ്ഞി വിതരണം ചെയ്തു.
3. എറണാകുളം അങ്കമാലി അതിരൂപത ആസ്ഥാനത്ത് അതിക്രമിച്ചു കയറി മേജർ ആർച്ച് ബിഷപ്പിന്റെ വികാരിയും തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പുമായ മാർ ജോസഫ് പാംപ്ലാനി പിതാവിനെ കയ്യേറ്റം ചെയ്തതിൽ അതിരൂപത കമ്മറ്റി ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. അക്രമികളെ എത്രയും പെട്ടെന്ന് നിയമത്തിന്റെ മുൻപിൽ എത്തിച്ച് വേണ്ട നടപടികൾ എടുക്കണമെന്ന് കത്തോലിക്ക കോൺഗ്രസ് അതിരൂപതാ ഭാരവാഹികൾ ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടു.
4. ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനോട് കണ്ണൂരിൽ വച്ച് നടന്ന അഭിമുഖത്തിൽ കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ ഫാ. ഫിലിപ്പ് കവിയിൽ താഴെ പറയുന്ന കാര്യങ്ങൾ ആവശ്യപ്പെട്ടു. കേരള ത്തിലെ റബ്ബർ, നെല്ല്, നാളികേരം ഉൾപ്പെടെ കൃഷി ചെയ്യുന്ന കർഷകർ നേരിടുന്ന വില തകർച്ച, വന്യമൃഗശല്യം, കീടബാധ ഉൾപ്പെടെയുള്ള ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം. മനുഷ്യജീവന് ഭീഷണിയായ വന്യജീവി ആക്രമണങ്ങൾക്കെതിരെ ശക്തമായ നടപടികൾ സ്വീകരി ക്കണം.

ജെ.ബി. കോശി കമ്മീഷൻ റിപ്പോർട്ട് പൂർണ്ണമായി പ്രസിദ്ധീകരിച്ച് സഭാ നേതൃത്വത്തോടും സമുദായ നേതൃത്വത്തോടും ചർച്ചചെയ്ത് നടപ്പിലാക്കണം. ലഹരി മാഫിയയിൽ നിന്നും സംസ്ഥാനത്തെ സംരക്ഷിക്കാനുള്ള പ്രായോഗിക പദ്ധതികൾ നടപ്പിൽ വരുത്തണം.

മുഖ്യമന്ത്രിയുടെ ക്ഷണം സ്വീകരിച്ചുകൊണ്ട് കണ്ണൂർ ദിനേശ് ഓഡിറ്റോറിയത്തിൽ വച്ച് നടന്ന യോഗത്തിൽ അതിരൂപതാ അധ്യക്ഷനും കത്തോലിക്കാ കോൺഗ്രസിനും വേണ്ടി നിവേദനം നൽകി.

5 കാശ്മീരിൽ പഹൽഗാമിൽ ഉണ്ടായ ഭീകര ആക്രമണത്തെ കത്തോലിക്കാ കോൺഗ്രസ് തലശ്ശേരി അതിരൂപത ശക്തമായി അപലപിച്ചു. ആക്രമണത്തിൽ കൊല്ലപ്പെട്ട മുഴുവൻ സഹോദരങ്ങൾക്കും കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപതാ കമ്മിറ്റി ആദരാഞ്ജലികൾ അർപ്പിച്ചു.

**സംഘടനാ പ്രവർത്തനങ്ങൾ**

1. കത്തോലിക്കാ കോൺഗ്രസിന്റെ 107-ാം സ്ഥാപകദിനആഘോഷത്തിന്റെ ഭാഗമായി തലശ്ശേരി അതിരൂപതയിൽ എല്ലാ യൂണിറ്റുകളിലും മെയ് 4 ഞായറാഴ്ച പള്ളി അങ്കണത്തിൽ കത്തോലിക്ക കോൺഗ്രസിന്റെ പതാക ഉയർത്തി മധുര പലഹാരങ്ങൾ വിതരണം ചെയ്തു.

   പതാക ദിനത്തിന്റെ അതിരൂപതാതല ഉദ്ഘാടനം ചെമ്പന്തൊട്ടി ഫൊറോനയിലെ നെടുവാലൂർ ഇടവകയിൽ വച്ച് കത്തോലിക്ക കോൺഗ്രസ് ഗ്ലോബൽ ഡയറക്ടർ റവ. ഡോ. ഫിലിപ്പ് കവിയിൽ ഉദ്ഘാടനം ചെയ്തു.

   കത്തോലിക്ക തലശ്ശേരി അതിരൂപതാ പ്രസിഡണ്ട് ഫിലിപ്പ് വെളിയത്ത് ചെറുപുഴയിലും ഗ്ലോബൽ ട്രഷറർ ടോണി ജോസഫ് പുഞ്ചക്കുന്നേൽ പയ്യന്നൂരും ജനറൽ സെക്രട്ടറി ജിമ്മി ആയിത്തമറ്റം ചെമ്പേരിയിലും ട്രഷറർ സുരേഷ് കാഞ്ഞിരത്തിങ്കൽ ശ്രീകണ്ഠപുരത്തും വൈസ് പ്രസിഡണ്ട്മാരായ ബെന്നിച്ചൻ മഠത്തിനകത്ത് എടൂരും ഐസി മേരി കണ്ണൂരും ഷിനോ പാറക്കൽ ചെമ്പന്തൊട്ടിയിലും ടോമി കണയങ്കൽ ആലക്കോടും പതാക ഉയർത്തി കത്തോലിക്കാ കോൺഗ്രസ് സ്ഥാപകദിന ആഘോഷം ഉദ്ഘാടനം ചെയ്തു.

   ഫൊറോന, യൂണിറ്റ്തല സ്ഥാപകദിന ആഘോഷത്തിന്റെ ചടങ്ങുകൾക്ക് ബഹുമാനപ്പെട്ട ഡയറക്ടർ അച്ചന്മാരും കത്തോലിക്കാ കോൺഗ്രസ് ഫൊറോന യൂണിറ്റ് ഭാരവാഹികളും നേതൃത്വം നൽകി.

2. ആഗോള കത്തോലിക്കാ സഭയുടെ പുതിയ പാപ്പയായി തിരഞ്ഞെടുക്കപ്പെട്ട പോപ്പ് ലിയോ പതിനാലാമൻ പപ്പായെ സ്വാഗതം ചെയ്തുകൊണ്ട് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി രൂപത കമ്മിറ്റി ആഹ്ലാദം പ്രകടിപ്പിച്ചു.

3. കത്തോലിക്കാ കോൺഗ്രസ് 107-ാം സ്ഥാപകദിന ആഘോഷത്തിലും അവകാശ പ്രഖ്യാപന റാലിയിലും പൊതുസമ്മേളനത്തിലും തലശ്ശേരി

അതിരൂപതയിലെ എല്ലാ ഫൊറോനകളിൽ നിന്നുമായി 1000 ഓളം കത്തോലിക്ക കോൺഗ്രസ് പ്രവർത്തകർ പുരുഷ, വനിത, യുവജന പങ്കാളിത്തത്തോടെ പങ്കെടുത്തു. പാലക്കാട് സമ്മേളനത്തിൽ പങ്കെടുത്തു കൊണ്ട് സ്ഥാപകദിന ആഘോഷം വൻവിജയമാക്കി തീർക്കുന്നതിന് പ്രയത്നിച്ച തലശ്ശേരി അതിരൂപതയിലെ എല്ലാ ഡയറക്ടർ അച്ചന്മാർക്കും കത്തോലിക്കാ കോൺഗ്രസിന്റെ ഫൊറോന യൂണിറ്റ്തല നേതാക്കൾക്കും പ്രവർത്തകർക്കും കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത കമ്മറ്റി പ്രത്യേകം അഭിനന്ദനങ്ങൾ അറിയിച്ചു.

4. മെയ് 18ന് പാലക്കാട് മുണ്ടൂർ യുവക്ഷേത്ര എൻജിനീയറിങ് ഹാളിൽ വച്ച് നടന്ന കത്തോലിക്ക കോൺഗ്രസ് പ്രതിനിധി സമ്മേളനത്തിൽ വച്ച് 108-ാം സ്ഥാപകദിന ആഘോഷങ്ങളും സമുദായ സമ്മേളനവും തലശ്ശേരി അതിരൂപതയിൽ വച്ച് നടത്തുവാൻ നിശ്ചയിക്കുകയും അതിൻപ്രകാരം പാലക്കാട് വച്ച് നടന്ന പൊതുസമ്മേളനത്തിൽ വച്ച് സമ്മേളനം ഉദ്ഘാടനം ചെയ്ത തലശ്ശേരി അതിരൂപത ആർച്ച് ബിഷപ്പ് മാർ ജോസഫ് പാംപ്ലാനി പിതാവ് കത്തോലിക്ക കോൺഗ്രസ് തലശ്ശേരി അതിരൂപത ഭാരവാഹികൾക്ക് പതാക കൈമാറി.
5. കത്തോലിക്ക കോൺഗ്രസ് പച്ചാണി യൂണിറ്റ്, ഇടവകയിലെ പൊതു മീറ്റിങ്ങുകൾക്ക് ഉപയോഗിക്കുന്നതിനായി പ്രസംഗപീഠം സംഭാവന നൽകി.

**ജീവകാരുണ്യ പ്രവർത്തനങ്ങൾ**

1. വിവിധ ആശുപത്രികൾ ചികിത്സയിലായി അത്യാവശ്യമായി രക്തം വേണ്ടി വന്ന രോഗികൾക്ക് കത്തോലിക്കാ കോൺഗ്രസ് ചെമ്പേരി, ചെമ്പന്തൊട്ടി, ചെറുപുഴ മേഖലകളിൽ നിന്നുള്ള പ്രവർത്തകർ രക്തം നൽകി.
2. ചെമ്പേരി മേഖലയിൽ ആകെയുള്ള 8 സെന്റ് സ്ഥലവും വീടും ജപ്തി നടപടി നേരിട്ട കുടുംബത്തിന് സഹായഹസ്തവുമായി കത്തോലിക്ക കോൺഗ്രസ് ഹാർട്ട്ലിംഗ്സ് ജീവകാരുണ്യ സംഘടന 3 ലക്ഷം രൂപ അടച്ച് ജപ്തി നടപടികൾ അവസാനിപ്പിച്ചു.
3. സാമ്പത്തികമായി പിന്നോക്കാവസ്ഥയിലായതിനാൽ തുടർ വിദ്യാഭ്യാസ ത്തിന് സാധിക്കാതിരുന്ന 8 കുട്ടികൾക്ക് 2025 വർഷത്തിൽ നഴ്സിംഗ് പഠനത്തിനുള്ള സൗകര്യം കത്തോലിക്ക കോൺഗ്രസിന്റെ ജീവകാരുണ്യ പ്രവർത്തന മേഖലയായ ഹാർട്ട്ലിംഗ്സ് വഴി കർണാടകയിൽ GNM പഠനത്തിനുള്ള സൗകര്യം ഒരുക്കി കൊടുത്തു.

**ഫിലിപ്പ് വെളിയത്ത്**
*പ്രസിഡണ്ട്*

**ഫാ. ഫിലിപ്പ് കവിയിൽ**
*ഡയറക്ടർ*



# കുടുംബ കൂട്ടായ്മ

**FAMILY RENEWAL UNITS IN THALASSERY (FRUITS)**

**1. അഭിനന്ദനം ! നന്ദി !!**

എല്ലാ ഇടവകകളിലും കുടുംബക്കൂട്ടായ്മകൾ വളരെ സജീവമായി നടത്തുവാൻ നേതൃത്വം കൊടുക്കുന്ന ബഹു. വികാരിയച്ചന്മാർ, സിസ്റ്റേഴ്സ്, ഇടവക കോഡിനേറ്റേഴ്സ്, ഭാരവാഹികൾ എന്നിവർക്ക് ഹൃദയം നിറഞ്ഞ നന്ദിയും അഭിനന്ദനങ്ങളും അറിയിക്കുന്നു.

**2. പ്രത്യേക ശ്രദ്ധക്ക്**

a) നേതൃശക്തീകരണ സംഗമത്തിൽ നമ്മൾ കൈക്കൊണ്ട തീരുമാനങ്ങൾ കൃത്യതയോടെ കൂട്ടായ്മകളിലൂടെ നടപ്പിലാക്കുക.

b) ഏതെങ്കിലും ഇൻഷുറൻസ് പദ്ധതിയിൽ നമ്മുടെ എല്ലാ കുടുംബങ്ങളും ഉണ്ടെന്ന് ഉറപ്പ് വരുത്തണം.

c) അർഹിക്കുന്ന എല്ലാ വ്യക്തികൾക്കും ഈ ജൂൺ മാസംതന്നെ EWS സർട്ടിഫിക്കറ്റ് ലഭ്യമായെന്ന് ഭാരവാഹികൾ ഉറപ്പ് വരുത്തണം.

d) ബയോ മൗണ്ടൻ ഉല്പന്നങ്ങൾ എല്ലാ കുടുംബങ്ങളിലും ലഭ്യമാക്കാനാവശ്യമായ നേതൃത്വം ഭാരവാഹികൾ നൽകണം.

e) ഉന്നതവിജയം കരസ്ഥമാക്കിയ വിദ്യാർത്ഥികളെ കൂട്ടായ്മയിൽ ആദരിച്ച് അഭിനന്ദിക്കണം.

f) മഴക്കാലത്തിന് ഒരുക്കമായി തങ്ങളുടെ പ്രദേശത്തെ ഓടകളും പരിസരവും വൃത്തിയാക്കുക.

g) ഓരോ മാസവും ചർച്ചക്കായി നൽകുന്ന വീഡിയോകൾ ശ്രദ്ധാപൂർവ്വം ശ്രവിച്ച് ചർച്ച ചെയ്ത് റിപ്പോർട്ടിൽ രേഖപ്പെടുത്തണം.

h) പ്രാർത്ഥനാ പുസ്തകവും റിപ്പോർട്ട് ബുക്കും പതാകയും ഓഫീസിൽ ലഭ്യമാണ്.

i) എല്ലാ മാസവും റിപ്പോർട്ട് നൽകുന്ന രീതി തുടരുക. സാധിക്കാതെ വന്നാൽ മൂന്ന് മാസത്തിലൊരിക്കൽ റിപ്പോർട്ട് ഓഫീസിൽ നൽകുക.

j) ജൂൺ മാസം ഈശോയുടെ തിരുഹൃദയത്തിന് പ്രതിഷ്ഠിതമാകയാൽ, കൂട്ടായ്മകളിലും സ്വഭവനങ്ങളിലും തിരുഹൃദയപ്രതിഷ്ഠ നടത്തുക.

**3. ഒരു സന്തോഷ വാർത്ത**

2025 ജൂൺ മാസം മുതൽ തലശ്ശേരി അതിരൂപതാ കുടുംബക്കൂട്ടായ്മയുടെ പ്രവർത്തനങ്ങൾ കുടുംബപ്രേഷിത വിഭാഗത്തിന്റെ മേല്നോട്ടത്തിലായിരിക്കും നടക്കുക. നമ്മുടെ കുടുംബക്കൂട്ടായ്മകൾ കൂടുതൽ സജീവമാകാൻ പുതിയ ക്രമീകരണം സഹായകമാകും.

**4. ഓർമയിൽ സൂക്ഷിക്കുവാൻ**

a) ഈ ജൂൺ മാസം മുതൽ കുടുംബക്കൂട്ടായ്മയുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങൾക്കും കുടുംബപ്രേഷിത ഓഫീസുമായിട്ടാണ് ബന്ധപ്പെടേണ്ടത്.

b) ബഹു. ജോർജ് കോവാട്ട് അച്ചൻ കുടുംബക്കൂട്ടായ്മ ഡയറക്ടറായും ബഹു. സി. ലിന്റ CHF ആനിമേറ്റർ ആയും തുടർന്ന് പ്രവർത്തിക്കും. എല്ലാവരും കൂടുതൽ സഹകരിക്കുമല്ലോ.

c) ബന്ധപ്പെടേണ്ട നമ്പർ

റവ. ഫാ. ജോർജ് കോവാട്ട് : ഡയറക്ടർ – 9383449001

റവ. സി. ലിന്റ CHF : ആനിമേറ്റർ – 7510764417

എല്ലാവരുടെയും സഹകരണത്തിന് ഹൃദയം നിറഞ്ഞ നന്ദിയോടെ,

**മോൺ. സെബാസ്റ്റ്യൻ പാലാക്കുഴി**
*വികാരി ജനറാൾ*

# കരിസ്മാറ്റിക് മൂവ്മെന്റ്

**ഐഡന്റിറ്റി കാർഡ്**

24-3-2025 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ വൈകുന്നേരം 4 മണി വരെ ഉദയഗിരിയിൽ വച്ച് അതിരൂപത ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുരക്കൽ അച്ചന്റെ നേതൃത്വത്തിൽ അതിരൂപതയിലെ 30 സബ് സോണുകളുടെയും കോർഡിനേറ്റർമാരും മൂന്ന് സോണൽ കോർഡിനേറ്റർ മാരും, സബ് റീജിയൻ കൺവീനറും, ഒരുമിച്ചു ചേർന്നു. തലശ്ശേരി സന്ദേശ ഭവനിൽ വച്ച് നടന്ന പ്രീച്ചേഴ്സ്, സ്പിരിചൽ ഷെയറേഴ്സ് സർട്ടിഫിക്കറ്റ് വിതരണത്തിന്റെ കാര്യങ്ങൾ ചർച്ച ചെയ്യുകയും ഇനിയും സർട്ടിഫിക്കറ്റ് ലഭിക്കാത്തവർക്ക് സോണൽ ആനിമേറ്റർ അച്ചന്റെ കയ്യിൽ നിന്ന് സർട്ടിഫിക്കറ്റ് സ്വീകരിക്കേണ്ടതാണെന്ന് അറിയിച്ചു. റിപ്പോർട്ട് അവതരിപ്പിച്ചു. വാർഷിക പ്ലാനിംഗ് നടന്നു. എല്ലാ ഇടവകകളിലും 2026 ലെ കരിസ്മാറ്റിക് ജൂബിലിക്ക് മുൻപേ ഇടവക വികാരിയച്ചന്മാരുടെ അനുമതി യോടെ പ്രാർത്ഥനാ കൂട്ടായ്മ ആരംഭിക്കണമെന്ന് അതിരൂപതാ ഡയറക്ടർ നിർദ്ദേശിച്ചു. കെ.സി.എസ്.സി. ജോയിന്റ് കോർഡിനേറ്റർ ചർച്ചകൾ നയിച്ചു.

**വരദാന പരിശീലനം**

സി. ടെസിൻ എം.എസ്.എം.ഐ, സിസ്റ്റർ ജോമേരി എം.എസ്.എം.ഐ., സി. ഷൈനി എം.എസ്.എം.ഐ., റവ. ഫാ. പീറ്റർ കിഴക്കേൽ, സി. മരിയറ്റ് എം.എസ്.എം.ഐ. എന്നിവർ നേതൃത്വം നൽകി 60 പേർ വിവിധ സോണു കളിൽ നിന്ന് പങ്കെടുത്തു. പങ്കെടുത്തവർക്ക് നെല്ലിക്കുറ്റി ധ്യാനകേന്ദ്രം സർട്ടിഫിക്കറ്റ് നൽകി

**പരിഹാര പ്രദക്ഷിണം**

കണ്ണൂർ സോണിൽ 5-4-2025 രാവിലെ 7:30 ന് വായാട്ടുപറമ്പ് സെന്റ് ജോസഫ് ദൈവാലയത്തിൽ വച്ച് വെരി റവ. ഫാ. തോമസ് തെങ്ങുംപള്ളി പ്രാരംഭ പ്രാർത്ഥനയോടെ ആരംഭിച്ച പരിഹാരപ്രദക്ഷിണം മേരിഗിരി ലിറ്റിൽ ഫ്ളവർ ദൈവാലയത്തിലൂടെ ആലക്കോട് ഫൊറോനാ ദൈവാലയത്തിൽ എത്തി. മേരിഗിരി ലിറ്റിൽ ഫ്ളവർ ഫൊറോനാ ദേവാലയത്തിൽ വച്ച് വെരി റവ. ഫാ. ജോയി മഠത്തുമ്യാലിൽ സമാപന ആശീർവാദം നൽകി. തലശ്ശേരി അതിരൂപത ഡയറക്ടർ റവ. ഫാ. സേവ്യർ പുത്തൻപുര കണ്ണൂർ സോൺ ആനിമേറ്റർ റവ. ഫാ. സെബാസ്റ്റ്യൻ മുട്ടത്തുപാറ, റവ. ഫാ. കുര്യാക്കോസ് പന്തല്ലൂപ്പറമ്പിൽ, വെരി റവ. ഫാ. ആന്റണി പുന്നൂർ, റവ. ഫാ. ജോസഫ് അഴകത്ത്, ജോജോ മഞ്ഞളാംകുന്നിൽ, ജോർജ് കരിക്കാട്, ചാണ്ടി കൊടകനാൽ, ചാർലി തുണ്ടത്തിൽ എന്നിവർ നേതൃത്വം നൽകി.

28-3-25ന് വെള്ളിയാഴ്ച രാവിലെ 8 മണി മുതൽ ഇരിട്ടി ഇലക്ട്രിസിറ്റി ഓഫീസ് പരിസരത്തുനിന്നും ആരംഭിച്ച കുരിശിന്റെ വഴി മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിലേക്ക് ഉച്ചയോടെ എത്തിചേർന്നു. കുന്നോത്ത് ഗുഡ് ഷെപ്പേർഡ് മേജർ സെമിനാരി റെക്ടർ വെരി റവ. ഫാ. മാത്യു പട്ടമന വി. കുർബ്ബാന അർപ്പിച്ച് വചനസന്ദേശം നൽകി.

**ഈസ്റ്റർദിന ഭക്ഷണ ശുശ്രൂഷ**

ഏപ്രിൽ 20ന് ഈസ്റ്റർ ദിനത്തിൽ തലശ്ശേരി സോണിന്റെ നേതൃത്വത്തിൽ മാടത്തിൽ സെന്റ് സെബാസ്റ്റ്യൻസ് ദൈവാലയത്തിൽ വച്ച് തെരുവിലെ പാവപ്പെട്ടവർക്കും അനാഥർക്കുമായി 3000 ഭക്ഷണപ്പൊതികൾ തയ്യാറാക്കി. 19-4-25 ഉച്ചയ്ക്ക് രണ്ടു മണി മുതൽ തലശ്ശേരി സോണിലെ പ്രാർത്ഥനാ കൂട്ടായ്മ നേതൃത്വസമിതി അംഗങ്ങളുടെ നേതൃത്വത്തിൽ ഭക്ഷണം തയ്യാറാക്കി. സോണൽ സിസ്റ്റർ ആനിമേറ്റർ സി. മേരി മാത്യുവിന്റെ നേതൃത്വത്തിൽ അനേകം സിസ്റ്റേഴ്സും ഈ കൂട്ടായ്മയിൽ പങ്കെടുത്തു സോണൽ ആനിമേറ്റർ റവ. ഫാ. കുര്യാക്കോസ് കോലക്കുന്നേൽ അച്ചൻ നേതൃത്വം നൽകി. തലശ്ശേരി സോണിന്റെ നേതൃത്വത്തിൽ എല്ലാ ദിവസവും ഇരിട്ടി ഗവൺമെന്റ് താലൂക്ക് ആശുപത്രിയിൽ ഭക്ഷണം കൊടുക്കുന്നു.

**കാസർഗോഡ് സോൺ ഏകദിന ശുശ്രൂഷ**

കാസർഗോഡ് സോണിലെ എല്ലാ പ്രാർത്ഥന കൂട്ടായ്മയിലെയും നേതൃത്വങ്ങൾക്കായി 25-4-2025 നു തോമാപുരം സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് ഏകദിന ശുശ്രൂഷ നടന്നു. അതിരൂപത ചാൻസലർ റവ. ഫാ. ജോസഫ് മുട്ടത്തൂകുന്നേൽ വചനസന്ദേശം നൽകി

20-03-2025 നു തോമാപുരം സെന്റ് തോമസ് ദൈവാലയത്തിൽ വച്ച് നടന്ന കാസർഗോഡ് സോൺ ഏകദിനത്തിൽ റവ. ഫാ. ഓസ്റ്റിൻ ചക്കാംകുന്നേൽ ചട്ടമല, തോമസ് പടിഞ്ഞാറ്റുമാലി, ബിനോയ് പുതിയമംഗലം നേതൃത്വം നൽകി.

**ജൂബിലി ഉദ്ഘാടനം**

2026 ൽ നടക്കുന്ന കേരള ജൂബിലിക്കായി 2025 ജൂൺ 14 ന് ത്രിശ്ശൂർ ജറുസലേം ധ്യാനകേന്ദ്രത്തിൽ വച്ച് നടക്കുന്ന ജുബിലി ഉദ്ഘാടനത്തിന് തലശ്ശേരി സോണിൽ നിന്നും കണ്ണൂർ സോണിൽ നിന്നും 50 പേരെ പങ്കെടുപ്പിക്കാൻ തീരുമാനിക്കുകയും ബസ്സുകൾ ബുക്ക് ചെയ്യുകയും ചെയ്തു.

**ഫാ. സേവ്യർ പുത്തൻപുരയയ്ക്കൽ**
ഡയറക്ടർ, കരിസ്മാറ്റിക് മൂവ്മെന്റ്

# ACCOMPANYING DIFFERENTLY – ABLED AND AWAKENING MISSION (ADAM)

## പ്രത്യാശയുടെ തീർത്ഥാടനം റോം

കത്തോലിക്ക സഭയുടെ 2025 ജൂബിലി വർഷത്തോട് അനുബന്ധിച്ച് വത്തിക്കാൻ സെന്റ് പീറ്റേഴ്സ് ചത്വരത്തിൽ ഏപ്രിൽ 28, 29,30 തീയതികളിൽ നടത്തപ്പെട്ട ലോകഭിന്നശേഷി സമ്മേളനത്തിലും പ്രോഗ്രാമിലും ഇന്ത്യയിലെ ബധിര വിശ്വാസസമൂഹത്തിന്റെ പ്രതിനിധികളായി കാത്തലിക് ഡഫ് അസോസിയേഷൻ അംഗങ്ങളായ ഐവാൻ ഹിലരി, സുസൈൻ അൽമെയ്ഡ, ലിഡിയ അൽഫോൻസൊ, മെൻഡസ് ഗ്ലോറിയ മരിയ, സണ്ണി വറീത്, ലൂസി ദേവസി, ഫാ. പ്രിയേഷ് കളരിമുറിയിൽ എന്നിവർ പങ്കുചേർന്നു. 136 രാജ്യങ്ങളിൽ നിന്നുള്ള ഭിന്നശേഷിക്കാരും അവരുടെ മാതാപിതാക്കൾ, ശുശ്രൂഷകർ എന്നിവർ ത്രിദിന സമ്മേളനത്തിൽ പങ്കുചേർന്നു. ഫ്രാൻസിസ് മാർപാപ്പയുടെ അഭാവത്തിൽ മോൺ. റിനോ ഫിസി ചെല്ലാ വിശുദ്ധ ബലിക്കും സമ്മേളനങ്ങൾക്കും നേതൃത്വം നൽകി. പ്രസ്തുത സമ്മേളനത്തിൽ ഭിന്നശേഷി സൗഹൃദ അന്തരീക്ഷവും ജീവിതമൂല്യവും ഉയർത്തിപ്പിടിക്കുന്ന കാഞ്ഞിരപ്പള്ളി രൂപതയുടെ ആശാഹോം പ്രോജക്ട് അവതരിപ്പിക്കുകയും ഡയറക്ടർ ഫാ. റോയി വിശദീകരണങ്ങൾ നൽകുകയും ചെയ്തു.

വിവിധ രാജ്യങ്ങളിൽ നിന്നുള്ള ഭിന്നശേഷിക്കാരുടെ കലാവിരുന്നുകൾ പ്രോഗ്രാമിന് മനോഹാരിത നൽകി. ജൂബിലിവർഷത്തോടനുബന്ധിച്ച് വിശ്വാസസമൂഹത്തിനായി തുറന്നിരിക്കുന്ന പ്രത്യാശയുടെ വാതിലിലൂടെ ഭിന്നശേഷി സമൂഹം വി. പത്രോസിന്റെ ബസിലിക്കയിൽ പ്രവേശിച്ച് അനുഗ്രഹങ്ങൾ സ്വീകരിച്ചു. മുപ്പതാം തീയതി ബധിര സമൂഹത്തിനായി മാത്രം നടത്തപ്പെട്ട വിശുദ്ധ ബലിയിൽ സഹകാർമികനാകുവാനും, രാജ്യത്തെ പ്രതിനിധീകരിച്ച് സംസാരിക്കുവാൻ അവസരം ലഭിക്കുകയും ചെയ്തു. സമ്മേളന

ത്തിൽ റോമിലെ വിവിധ ബസിലിക്കകൾ, ചരിത്ര പ്രാധാന്യമുള്ള സ്ഥല ങ്ങൾ ഇവ ഭിന്നശേഷി സമൂഹം സന്ദർശിച്ചു.

പ്രത്യാശയുടെ തീർത്ഥാടകരുടെ കൂടെ ജൂബിലി വർഷത്തിൽ നിത്യ സമ്മാനത്തിനായി വിളിക്കപ്പെട്ട ഫ്രാൻസിസ് മാർപാപ്പ ഒരുക്കിയ ലോക ഭിന്നശേഷി സമ്മേളനത്തിൽ പങ്കുചേരുവാൻ അവസരം നൽകിയ അഭിവന്ദ്യ ജോസഫ് പാംപ്ലാനി പിതാവിനോട് കാത്തലിക് ഡഫ് അസോസിയേഷൻ ഓഫ് ഇന്ത്യയുടെയും, ആദം മിനിസ്ട്രിയുടെയും ഹൃദയം നിറഞ്ഞ നന്ദി രേഖപ്പെടുത്തുന്നു.

**ആലക്കോട് ബധിര ബൈബിൾ കൂട്ടായ്മ**

മെയ് 4,18 തീയതികളിൽ പ്രസിഡണ്ട് സനീഷ്, ആന്റണി വേട്ടിക്കാട്ട് എന്നിവരുടെ നേതൃത്വത്തിൽ ക്ലാസുകളിലും പ്രാർത്ഥനയിലും കൂട്ടായ്മ യിലെ അംഗങ്ങൾ പങ്കുചേർന്നു.

**ബാംഗ്ലൂർ മിഷൻ**

ബാംഗ്ലൂർ ബൈബിൾ കൂട്ടായ്മയിലെ അംഗങ്ങൾ പതിനെട്ടാം തീയതി ഞായറാഴ്ച അകാലത്തിൽ നിര്യാതനായ പ്രസിഡന്റ് ലിയോയുടെ അനുസ്മരണാർത്ഥം ഒന്നിച്ച് ചേർന്ന് ബലിയർപ്പിച്ച് ആത്മശാന്തിക്കായി പ്രാർത്ഥിച്ചു. ഫാ. ജോസഫ് തേർമഠം പ്രാർത്ഥനാ ശുശ്രൂഷകൾക്കും ബലി യർപ്പണത്തിനും നേതൃത്വം നൽകി.

**എഫ്ഫാത്താ വാർഷിക ധ്യാനം**

കാത്തലിക് അസോസിയേഷൻ ഓഫ് ഇന്ത്യയുടെ ആഭിമുഖ്യത്തിൽ ഡിവൈൻ ധ്യാനസെന്ററിൽ ബധിരസമൂഹത്തിനായി മെയ് 23, 24, 25 തീയതികളിൽ ഒരുക്കിയ ധ്യാനത്തിൽ തലശ്ശേരി അതിരൂപതയിൽ നിന്ന് 35 ഓളം ആളുകൾ പങ്കുചേർന്നു. ആദം മിനിസ്ട്രിയുടെ ആഭിമുഖ്യത്തിൽ മദർ ഹോം ധ്യാനകേന്ദ്രത്തിൽ 2017 ആരംഭിച്ച വാർഷിക ധ്യാന പദ്ധതി 2019 മുതലാണ് ആളുകളുടെ യാത്ര സൗകര്യപ്രദമായി ഡിവൈൻ നഗറി ലേക്ക് മാറ്റിയത്. ഹോളി ക്രോസ് സഭാംഗങ്ങളായ ഫാ. ബിജു, ഫാ. ജോസഫ്, സി. അഭയ എഫ്.സി.സി, സി. സ്മിത സി.എസ്.എൻ എന്നിവർ ധ്യാന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി.

**ഫാ. ജോർജ് കളരിമുറിയിൽ**
*ഡയറക്ടർ*

# കെ. സി. ബി. സി. മദ്യവിരുദ്ധസമിതി

## മുക്തിശ്രീ, എ. ഡി. എസ്. യു, പ്രതീക്ഷാ മദ്യപാനരോഗ ചികിത്സാകേന്ദ്രം

**കെ.സി.ബി.സി മദ്യ വിരുദ്ധ സമിതി, മുക്തി ശ്രീ. പ്രതീക്ഷ**

കേരളത്തെ ലഹരിയുടെ നീരാളിക്കൈകൾ പിടികൂടിയതിന്റെ ഞെട്ടലിലാണ് നമ്മൾ. അനുദിനം കേൾക്കുന്ന വാർത്തകൾ ലഹരി എന്ന മാരക വിപത്തിന് സമൂഹം അടിമപ്പെട്ടതിന്റെ പരിണിത ഫലങ്ങളാണ്. ലഹരിക്കെതിരെയുള്ള സന്ധിയില്ലാ പോരാട്ടത്തിൽ നമ്മൾ ഒരുമിച്ച് ഇറങ്ങേണ്ട കാലം അതിക്രമിച്ചു. നമുക്ക് ജാഗ്രതയോടെ വർത്തിക്കാം.

**1. മദ്യത്തെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നിലപാട് തിരുത്തണം**

കേരളത്തിൽ ടൂറിസത്തിന്റെ ഭാഗമായി വൻതോതിൽ മദ്യം വിളമ്പുവാനുള്ള നീക്കത്തിൽ നിന്ന് സർക്കാർ പിൻമാറണമെന്ന് ഇരിട്ടിയിൽ ചേർന്ന കെ.സി.ബി.സി. മദ്യവിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും സംയക്ത അതിരൂപത കമ്മറ്റി ആവശ്യപ്പെട്ടു. സാധാരണക്കാരൻ ചെറുകിട വ്യവസായ യൂണിറ്റുകൾ ആരംഭിക്കാൻ മാസങ്ങൾ ഓഫീസുകൾ കയറിയിറങ്ങി നിരാശയിൽ ജീവിതം മുന്നോട്ട് നയിക്കുമ്പോൾ വീഞ്ഞ് നിർമ്മാണത്തിന് 30 ദിവസത്തിനകം ലൈസൻസ് നൽകും വിധം നടപടിക്രമം ലഘൂകരിക്കാനുള്ള സർക്കാർ നീക്കത്തെ യോഗം അപലപിച്ചു.

ജനജീവിതം ദുഃസ്സഹമാക്കി സർക്കാർ ഖജനാവ് കൊഴുപ്പിക്കാനുള്ള വൈൻ പാർക്കുകളുടെ ആരംഭത്തിനുള്ള ശ്രമങ്ങളിൽ നിന്ന് സർക്കാർ പിൻമാറണം.

ടൂറിസ്റ്റുകളെയും യുവജനങ്ങളെയും ലഹരി കെണിയിലേക്ക് തള്ളിയിടാനുള്ള ഗൂഢനീക്കവും കർഷകരുടെ അദ്ധ്വാനഫലങ്ങൾ പോക്കറ്റടിക്കാനുമുള്ള കുത്സിതശ്രമവും ആണ് സർക്കാർ നടത്തുന്നത്. ഇത് അങ്ങേയറ്റം ജനദ്രോഹവും വഞ്ചനാപരവുമായ നടപടിയാണ്. എത്ര ലഹരി കേസുകൾ പിടിക്കപ്പെട്ടുവെന്നും എത്ര കേസുകൾ ചാർജ് ചെയ്തുവെന്നും എത്ര പേരെ ശിക്ഷിച്ചു വെന്നുമുള്ള ധവളപത്രം സർക്കാർ ഇറക്കണം. യോഗത്തിൽ അതിരൂപതാ പ്രസിഡണ്ട് ടോമി വെട്ടിക്കാട്ട് സാർ അദ്ധ്യക്ഷത വഹിച്ചു. അതിരൂപതാ ഡയറക്ടർ റവ. ഫാ. ജോസഫ് പൂവ്വത്തോലിൽ ഉദ്ഘാടനം ചെയ്തു.

മുക്തിശ്രി പ്രസിഡണ്ട് ഷിനോ പാറയ്ക്കൽ, സി. ജോസ് മരിയ സി.എം.സി. എന്നിവർ പ്രസംഗിച്ചു. ഇരുസംഘടനകളുടെയും അതിരൂപതാ നേതാക്കൾ പങ്കെടുത്തു.

പ്രസ്തുത സംഘടനകളുടെ അതിരൂപതാ ഡയറക്ടർ ആയിരുന്ന ബഹു. ജോസഫ് പൂവ്വത്തോലിൽ അച്ചന് യോഗം യാത്രയയപ്പ് നൽകി.

**2. വാർദ്ധക്യത്തിലും തളരാത്ത പോരാട്ട വീര്യത്തോടെ മാത്യു എം കണ്ടത്തിൽ സാർ**

അതിരൂപതയുടെ ലഹരി വിരുദ്ധ പ്രസ്ഥാനത്തിന്റെ ആരംഭം മുതൽ നേതൃനിരയിലുള്ള മാത്യു എം. കണ്ടത്തിൽ സാർ മേയ് 17 ന് തൊണ്ണൂറാം വയസ്സിലേക്ക് പ്രവേശിച്ചു. നവതി ദിനത്തിൽ കണ്ണൂർ മഹാത്മാ മന്ദിരത്തിലെ ഗാന്ധിപ്രതിമക്ക് മുമ്പിൽ ഏകദിന ഉപവാസ മൗനവ്രതം അനുഷ്ഠിച്ച് അദ്ദേഹം ലഹരിക്കെതിരെ സമൂഹമനസാക്ഷി ഉണർത്താൻ പോരാട്ട വീര്യത്തോടെ മുന്നിട്ടിറങ്ങി. സാറിന് അഭിനന്ദനങ്ങൾ. പ്രതീക്ഷയുടെ മാനേജിങ്ങ് കമ്മിറ്റി അംഗങ്ങൾ മാത്യു സാറിനെ സന്ദർശിച്ച് അഭിവാദ്യം അർപ്പിച്ചു.

**3. നന്ദിയോടെ പ്രാർത്ഥനാപൂർവ്വം**

ഒരു വർഷ കാലത്തെ സ്തുത്യർഹസേവനത്തിനുശേഷം പനത്തടി ഫൊറോനാ പള്ളി വികാരിയായി ചുമതലയേറ്റ പ്രതീക്ഷയുടെയും കെ.സി. ബി.സി. മദ്യവിരുദ്ധ സമിതി, മുക്തിശ്രീ എന്നി സംഘടനകളുടെയും ഡയറക്ടർ ആയിരുന്ന ബഹു. ജോസഫ് പൂവ്വത്തോലിൽ അച്ചന് ഹൃദയം നിറഞ്ഞ നന്ദിയും പ്രാർത്ഥനാപൂർവ്വകമായ ആശംസകളും. പ്രതീക്ഷയുടെ മാനേജിംഗ് കമ്മറ്റി അംഗങ്ങളും പ്രതീക്ഷയുടെ സ്റ്റാഫംഗങ്ങളും അന്തേവാസികളും ചേർന്ന് അച്ചന് ഉചിതമായ യാത്രയയപ്പ് നൽകി. മെയ് 17 ശനിയാഴ്ച അച്ചന് പനത്തടി സെന്റ് ജോസഫ് ഫൊറോന പള്ളി വികാരിയായി ചുമതലയേറ്റ സന്ദർഭത്തിൽ പ്രതീക്ഷയുടെ സ്റ്റാഫംഗങ്ങൾ പുതിയ ഡയറക്ടറച്ചന്റെ നേതൃത്വത്തിൽ അനുഗമിച്ചു.

**4. പ്രതീക്ഷയോടെ പ്രതീക്ഷയിലേക്ക്**

പ്രതീക്ഷയുടെയും കെ.സി.ബി.സി. മദ്യ വിരുദ്ധ സമിതിയുടെയും മുക്തിശ്രീയുടെയും അതിരൂപതാ ഡയറക്ടറായി ബഹു. കുര്യാക്കോസ് കോലക്കുന്നേൽ അച്ചൻ ഉത്തരവാദിത്തമേറ്റെടുത്തു. സമൂഹത്തെ കാർന്നു തിന്നുന്ന മഹാവിപത്തായി ലഹരി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ലഹരിക്കെതിരായുള്ള ഒന്നിച്ചുള്ള പോരാട്ടത്തിന് എല്ലാവരുടെയും സഹകരണവും പിന്തുണയും അഭ്യർത്ഥിക്കുന്നു. ലഹരിക്കടിമപ്പെട്ട സഹോദരങ്ങളെ നമ്മുടെ സ്വന്തം പ്രതീക്ഷയിലേക്ക് പറഞ്ഞയക്കുവാൻ ശ്രദ്ധിക്കണേ. ജൂൺ 26 ലഹരി വിരുദ്ധ ദിനമായി ആചരിക്കാൻ ഉചിതമായ ക്രമീകരണങ്ങൾ ചെയ്യുമല്ലോ.

**ടോമി വെട്ടിക്കാട്ട്**
*പ്രസിഡണ്ട്*

**ഫാ. കുര്യാക്കോസ് കോലക്കുന്നേൽ**
*ഡയറക്ടർ*

**ഷിനോ പാറക്കൽ**
*മുക്തിശ്രീ പ്രസിഡന്റ്*

# സോഷ്യൽ സർവ്വീസ് അപ്പൊസ്റ്റോലേറ്റ്

**ടി.എസ്.എസ്.എസ്.**

**നന്ദിയും അഭിനന്ദനങ്ങളും**

കഴിഞ്ഞ പത്ത് മാസക്കാലം തലശ്ശേരി സോഷ്യൽ സർവീസ്സ് സൊസൈറ്റിയുടെ അസ്സോസിയേറ്റ് ഡയറക്ടറും, ഫിനാൻസ് ഓഫീസറുമായി സ്തുത്യർഹമായ സേവനത്തിനുശേഷം, കൂത്തുപറമ്പ് നിർമ്മലഗിരി സ്വാശ്രയ കോളേജിന്റെ ഡയറക്ടറായി പുതിയ ഉത്തരവാദിത്വത്തിലേക്ക് പ്രവേശിച്ച ബഹു. ലൂക്കോസ് മാടശ്ശേരിയച്ചന് തലശ്ശേരി സോഷ്യൽ സർവീസ്സ് സൊസൈറ്റിയുടെ നന്ദിയും അഭിനന്ദനങ്ങളും.

TSSS നിയമാവലിയുടെ ഭേദഗതി, പുതിയ ഭാരവാഹികളുടെ തെരഞ്ഞെടുപ്പ്, ലോൺ വിതരണങ്ങൾ, ഇന്റേണൽ ഓഡിറ്റിന്റെ ക്രമീകരണം, വിവിധ ഹോസ്പിറ്റലുകളുമായി ചേർന്ന് മെഡിക്കൽ ക്യാമ്പുകൾ, ഓസ്തി നിർമ്മാണ യൂണിറ്റിന്റെ നവീകരണം, അരികെ പദ്ധതി, നിഴൽ പദ്ധതി, സ്വാഭിമാൻ ഉത്പന്നങ്ങളുടെ മേൽനോട്ടം, മാതാ സെന്ററിന്റെ അനുദിന പ്രവർത്തനങ്ങളുടെ ചുമതല എന്നീ വിധത്തിലെല്ലാം അച്ചന്റെ നിർലോഭമായ സഹകരണവും നേതൃത്വവും TSSS-ന് ലഭിച്ചിരുന്നു. പുതിയ കർമ്മപഥത്തിൽ വിജയാശംസകൾ നേരുന്നു.

**സ്നേഹപൂർവ്വം സ്വാഗതം**

തലശ്ശേരി സോഷ്യൽ സർവീസ്സ് സൊസൈറ്റിയുടെ പുതിയ അസ്സോസിയേറ്റ് ഡയറക്ടറായി ചുമതലയേറ്റെടുത്ത ബഹുമാനപ്പെട്ട ഫാ. ആൽബിൻ തെങ്ങുംപള്ളിയിലച്ചന് തലശ്ശേരി സോഷ്യൽ സർവീസ്സ് സൊസൈറ്റിയുടെ എല്ലാവിധ അഭിനന്ദനങ്ങളും സ്നേഹപൂർവ്വം ആശംസിക്കുന്നു. TSSS-ന്റെ പ്രവർത്തനമേഖലകളിലേക്ക് അച്ചനെ സ്നേഹപൂർവ്വം സ്വാഗതം ചെയ്യുകയും, പുതിയ ഉത്തരവാദിത്വത്തിന് എല്ലാവിധ ആശംസകളും പ്രാർത്ഥനകളും നേരുകയും ചെയ്യുന്നു.

**സ്വാഗതവും നന്ദിയും**

തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ആലക്കോട് മേഖലാ ഡയറക്ടറായി നിയമിതനായ ബഹു. ജോസഫ് ആനചാരിൽ അച്ചനും, പനത്തടി മേഖലാ ഡയറക്ടറായി നിയമിതനായ ബഹു. ജോൺസൺ വേങ്ങപ്പറമ്പിൽ അച്ചനും, കാഞ്ഞങ്ങാട് മേഖലാ

ഡയറക്ടറായി നിയമിതനായ ബഹു. തോമസ് കളത്തിൽ അച്ചനും, ചെറുപുഴ മേഖലാ ഡയറക്ടറായി നിയമിതനായ ബഹു. തോമസ് പൂകമല അച്ചനും TSSS കൂട്ടായ്മയിലേക്ക് ഹൃദ്യമായ സ്വാഗതം ആശംസിക്കുന്നു.

ആലക്കോട്, മേരിഗിരി മേഖലകളുടെ ഡയറക്ടറായും, റേഡിയോ ഫോർ യു കമ്മ്യൂണിറ്റി റേഡിയോയുടെ എക്സിക്യൂട്ടീവ് ഡയറക്ടറായും സ്തുത്യർഹമായ സേവനത്തിനുശേഷം വിമൽജ്യോതി എഞ്ചിനീയറിംഗ് കോളേജിൽ അസി. മാനേജരായി നിയമിതനായ ബഹു. ജോമിഷ് നൂറമ്മാക്കൽ അച്ചനും, വെള്ളരിക്കുണ്ട്, പനത്തടി മേഖലകളുടെ ഡയറക്ടറായി സ്തുത്യർഹമായ സേവനം ചെയ്ത ബഹു. ജോർജ് പഴേപറമ്പിൽ അച്ചനും ഹൃദയപൂർവ്വം നന്ദി അറിയിക്കുന്നു.

**അഭിനന്ദനങ്ങൾ**

2025 മെയ് 7 ബുധനാഴ്ച തലശ്ശേരി മാതാ ട്രെയിനിംഗ് സെന്ററിൽവച്ച് നടന്ന സെൻട്രൽ കമ്മിറ്റി മീറ്റിംഗിൽവച്ച് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ ജനകീയസംഘങ്ങളുടെ അതിരൂപത പ്രസിഡണ്ടായി ശ്രീ. ജോഷി കുന്നത്തിനെയും (അരീക്കമല യൂണിറ്റ്, ചെമ്പേരി മേഖല), അതിരൂപത ജനറൽ സെക്രട്ടറിയായി ശ്രീമതി ബിന്ദു ജേക്കബ് കരിമ്പനക്കുഴിയിലിനെയും (പുഞ്ച യൂണിറ്റ്, വെള്ളരിക്കുണ്ട് മേഖല) തെരഞ്ഞെടുത്തു. പുതിയ ജനകീയസംഘ നേതാക്കൾക്ക് തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ അഭിനന്ദനങ്ങൾ.

**കാവൽപ്ലസ് പ്രൊജക്ട് - കാസർഗോഡ് ജില്ലയിൽ പ്രവർത്തനമാരംഭിച്ചു**

ചൈൽഡ് വെൽഫെയർ കമ്മിറ്റി (CWC) ഡിസ്ട്രിക്ട് ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റ് എന്നിവരുടെ മേൽനോട്ടത്തിൽ കാസർഗോഡ് ജില്ലയിൽ തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ സഹകരണത്തോടെ നടപ്പിലാക്കുന്ന കാവൽപ്ലസ് പദ്ധതിയുടെ പ്രവർത്തനങ്ങൾ ജില്ലയിൽ ആരംഭിച്ചു. 2025 മെയ് 2 വെള്ളിയാഴ്ച കാസർഗോഡ് ജീവസ്സ് ഓഡിറ്റോറിയത്തിൽവച്ച് സംഘടിപ്പിച്ച ഇന്റർവ്യൂ വഴി കോർഡിനേറ്ററായി ശ്രീ. അരുൺ കുര്യാക്കോസിനെയും, കേസ് വർക്കറായി കുമാരി ഹിമ ബിജുവിനെയും നിയമിച്ചു. TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, CWC ചെയർപേഴ്സൺ അഡ്വ. രേണുക ദേവി, ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർ ശ്രീമതി ഷൈനി ഐസക്, ജില്ലാ വനിതാ-ശിശുവികസന ഓഫീസർ ശ്രീമതി ഷീബ എന്നിവരുടെ സാന്നിധ്യത്തിലാണ് പ്രസ്തുത ഇന്റർവ്യൂ സംഘടിപ്പിച്ചത്.

**ഗ്രാമിയ നോട്ടുബുക്കുകളുടെയും, സൺഡേ സ്കൂൾ നോട്ടുബുക്കുകളുടെയും വിതരണം**

TSSS-ന്റെ നേതൃത്വത്തിൽ വിപണിയിൽ ലഭ്യമാക്കിവരുന്ന ഗ്രാമിയ നോട്ടുബുക്കുകളുടെയും, പൊതുവിജ്ഞാനങ്ങൾ, കുമ്പസാരത്തിനുള്ള ഒരുക്ക സഹായി, കൂദാശകളെ സംബന്ധിച്ചുള്ള ചോദ്യങ്ങൾ തുടങ്ങിയവ

ഉൾക്കൊള്ളിച്ച വഴികാട്ടി - സൺഡേ സ്കൂൾ നോട്ടുബുക്കുകളുടെയും വിതരണം നടന്നുകൊണ്ടിരിക്കുന്നു. കുറഞ്ഞ നിരക്കിൽ നോട്ടുബുക്കുകളും സൺഡേ സ്കൂൾ നോട്ടുബുക്കുകളും ആവശ്യമുള്ളവർ മുൻകൂട്ടി ഓർഡർ നൽകേണ്ടതാണ്. കൂടുതൽ ഓർഡറുകൾ നൽകുന്ന ഇടവകകളിലും യൂണിറ്റുകളിലും നോട്ടുബുക്കുകൾ എത്തിച്ചു നൽകുന്നതായിരിക്കും. ആകർഷകമായ നിരക്കിലും മികവോടെയും ഈ വർഷം 96, 168 പേജുകളിലായി കോളേജ്, സ്കൂൾ നോട്ടുബുക്കുകളും, 20 പേജ് പൊതുവിജ്ഞാനങ്ങൾ ഉൾപ്പെടെ 144 പേജുകളിലായി വഴികാട്ടി സൺഡേ സ്കൂൾ നോട്ടുബുക്കുകളും തയ്യാറാക്കിയിരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് +91 9496684784 എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.

### TSSS സെൻട്രൽ കമ്മിറ്റി

2025 മെയ് 8 വ്യാഴാഴ്ച തലശ്ശേരിയിൽ സെൻട്രൽ കമ്മിറ്റി മീറ്റിംഗ് സംഘടിപ്പിച്ചു. തലശ്ശേരി അതിരൂപത വികാരി ജനറാളും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ പ്രസിഡണ്ടുമായ മോൺ. ആന്റണി മുതുകുന്നേൽ അച്ചന്റെ മഹനീയ സാന്നിധ്യത്തിൽ സംഘടിപ്പിച്ച മീറ്റിംഗിൽ TSSS അസ്സോസിയേറ്റ് ഡയറക്ടർ ലൂക്കോസ് മാടശ്ശേരി അച്ചനും, 2022-25 വർഷത്തെ കേന്ദ്രഭരണസമിതി അംഗങ്ങൾക്കും യാത്രയയപ്പും, 2025-28 വർഷത്തെ അംഗങ്ങളുടെ സത്യപ്രതിജ്ഞയും സംഘടിപ്പിച്ചു. പ്രസ്തുത മീറ്റിംഗിൽ TSSS ഡയറക്ടർ ഫാ. ബിബിൻ വരമ്പകത്ത്, അതിരൂപതാ പ്രസിഡണ്ട് ശ്രീ. ജോഷി കുന്നത്ത്, അതിരൂപതാ സെക്രട്ടറി ശ്രീമതി ബിന്ദു ജേക്കബ് എന്നിവർ സംബന്ധിച്ചു.

### ഉപന്യാസ മത്സരം - വിജയികളെ പ്രഖ്യാപിച്ചു

ഫെബ്രുവരി 21 അന്താരാഷ്ട്ര മാതൃഭാഷാദിനത്തോടനുബന്ധിച്ച് TSSS സംഘടിപ്പിച്ച ഉപന്യാസ മത്സര വിജയികളെ പ്രഖ്യാപിച്ചു. **വിജയികൾ:- ഒന്നാം സ്ഥാനം:** ശ്രീമതി ഏലിയാമ്മ അറയ്ക്കൽ *(കരുവഞ്ചാൽ ഗ്രാമിക, ആലക്കോട് മേഖല)*, **രണ്ടാം സ്ഥാനം:** ശ്രീമതി ശ്രീക്കുട്ടി പി.എസ്. *(പുളിങ്ങോം ദീപം എം.എസ്.എസ്., ചെറുപുഴ മേഖല)*, **മൂന്നാം സ്ഥാനം:** ശ്രീമതി റ്റിറ്റി ജോസ് *(നടുവിൽ ക്രെഡിറ്റ് യൂണിയൻ, ചെമ്പേരി മേഖല)*. വിജയികളെ 2024-25 വാർഷിക പൊതുയോഗത്തിൽവച്ച് ആദരിക്കുന്നതായിരിക്കും. വിജയികൾക്കും മത്സരത്തിൽ പങ്കാളികളായവർക്കും പ്രത്യേകം അഭിനന്ദനങ്ങൾ.

### SHG & JLG ലോണുകളുടെ വിതരണം

TSSS-ന്റെ നേതൃത്വത്തിൽ SHG & JLG ഗ്രൂപ്പുകൾക്കായുള്ള ലോൺ വിതരണം 2025 ജൂൺ, ജൂലായ് മാസങ്ങളിലായി സംഘടിപ്പിക്കുന്നു. ധനലക്ഷ്മി ബാങ്കുമായി സഹകരിച്ചുകൊണ്ട് SHG ലോണുകളും, കനറാ ബാങ്കുമായി സഹകരിച്ചുകൊണ്ട് JLG ലോണുകളും പ്രത്യേകമായി ആരംഭിക്കുന്ന SHG & JLG ഗ്രൂപ്പുകൾക്ക് ലഭ്യമാക്കുന്നു. ലോൺ ആവശ്യമുള്ളവർ

അതാത് മേഖലകളിലെ TSSS പ്രോഗ്രാം ഓഫീസർമാരുമായി ബന്ധപ്പെടേണ്ടതാണ്.

**പ്രതിമാസ പ്രവർത്തനങ്ങൾ**

2025 ജൂൺ മാസത്തിൽ നടത്തേണ്ട പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു.

**1). ജൂൺ 05**

**ലോക പരിസ്ഥിതി ദിനം (World Environment Day)**

**പ്രവർത്തനം:**

- **വൃക്ഷത്തൈ നട്ടുപരിപാലിക്കൽ**
  ഒരു മെമ്പർ ഒരു മരം എന്ന വിധത്തിൽ യൂണിറ്റുകളിൽ വൃക്ഷത്തൈകൾ നട്ടു പരിപാലിക്കുക. എല്ലാ മെമ്പർമാരും നിർബന്ധമായും ഈ യജ്ഞത്തിൽ പങ്കാളികളാകുവാൻ ശ്രദ്ധിക്കുമല്ലോ.
- **വിത്ത് - ഫലവൃക്ഷത്തൈ വിതരണം**
  കർഷകർക്കും, കൃഷി ചെയ്യാൻ താത്പര്യമുള്ളവർക്കും ബയോ മൗണ്ടൻ പോലുള്ള മറ്റു സംഘടനകളുമായി ചേർന്ന് ഗുണമേന്മയുള്ള വിത്തുകൾ ഫലവൃക്ഷത്തൈകൾ എന്നിവ വിതരണം ചെയ്യുക.

**2). ജൂൺ 14**

**ലോക രക്തദാതാക്കളുടെ ദിനം (International Nurses Day)**

**പ്രവർത്തനം:**

- യൂണിറ്റ് പരിധിക്കുള്ളിൽ രക്തദാനം നടത്തുന്നവരെ കണ്ടെത്തി ആദരിക്കുക.
- സമീപപ്രദേശത്തെ ആശുപത്രികളുമായി സഹകരിച്ച് മേഖലകളുടെ സഹകരണത്തോടെ യൂണിറ്റുകളിൽ രക്തദാനക്യാമ്പുകൾ സംഘടിപ്പിക്കുക.

**കാൻസർ പരിശോധനാക്യാമ്പ്**

കാൻസർ രോഗത്തെ നേരത്തേ കണ്ടെത്തി നിയന്ത്രണ വിധേയമാക്കാനും, നമ്മുടെ കുടുംബത്തേയും നാടിനേയും കാൻസർ വിമുക്തമാക്കി മാറ്റാനും തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ നേതൃത്വത്തിൽ മലബാർ കാൻസർ സെന്ററിന്റെ സഹകരണത്തോടെ കണ്ണൂർ, കാസർഗോഡ് ജില്ലകളിലായി നടത്തി വരുന്ന സൗജന്യ കാൻസർ പരിശോധനാക്യാമ്പ് 2025 മെയ് മാസം 24-ാം തീയതി ശനിയാഴ്ച ആലക്കോട് മേഖലാ ഓഫീസിൽ വച്ച് നടത്തി. അടുത്ത മാസത്തെ ക്യാമ്പ് **2025 ജൂൺ 02 തിങ്കളാഴ്ച രാവിലെ 10 മണി മുതൽ 12 മണിവരെ നെല്ലിക്കാംപൊയിൽ മേഖലാ ഓഫീസിൽ** വച്ച് നടത്തപ്പെടുന്നു. ക്യാമ്പിൽ പങ്കെടുക്കുന്നതിനായി ആലക്കോട് മേഖലയിലെ TSSS സ്റ്റാഫ് അംഗങ്ങളെ ബന്ധപ്പെടാവുന്നതാണ്.

**RADIO 4U 89.6 FM - കമ്മ്യൂണിറ്റി റേഡിയോ സ്റ്റേഷൻ**

കാസർഗോഡ് ജില്ലയിലെ ആദ്യത്തെ റേഡിയോ ശബ്ദമായ റേഡിയോ ഫോർ യു 89.6 എഫ്.എമ്മിന്റെ പ്രവർത്തനം വളരെ വിജയകരമായി തുട

രുന്നു. സാമൂഹിക സാംസ്കാരിക പൈതൃകപരമായ വിവരങ്ങളും ആശയ ങ്ങളും കോർത്തിണക്കി വ്യത്യസ്തങ്ങളായ പരിപാടികൾ റേഡിയോയിൽ പ്രക്ഷേപണം ചെയ്തുവരുന്നു. വിവിധ തരത്തിലുള്ള സൗണ്ട് റെക്കോർഡി ങ്ങിനും, സ്റ്റുഡിയോ സംവിധാനം ഉപയോഗിച്ച് ഗാനങ്ങളും മറ്റു പ്രോഗ്രാ മുകളും റെക്കോർഡ് ചെയ്യുന്നതിനും പരസ്യങ്ങൾ നൽകുന്നതിനുമായി +917067625028, 9400608896 എന്നീ നമ്പറുകളിൽ ബന്ധപ്പെടാവുന്നതാണ്.

**മാർക്കറ്റിംഗ് പരിപാടികൾ**

വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കച്ചവട സ്ഥാപനങ്ങളു ടെയും പരസ്യങ്ങൾ റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്തു വരുന്നു. അതോടൊപ്പം റേഡിയോയുടെ പ്രചരണത്തിന്റെ ഭാഗമായി ഇന്റേൺഷിപ്പ് ചെയ്യുന്ന വിദ്യാർത്ഥികൾ മുഖേന ബ്രോഷർ വിതരണം നടത്തുകയും, ജനങ്ങൾക്കിടയിൽ സർവ്വേ നടത്തി അഭിപ്രായം ശേഖരിക്കുകയും ചെയ്തു.

**റെക്കോർഡിംഗ്**

കനകക്കുന്ന് പള്ളിയിലെ തിരുന്നാളിനോട് അനുബന്ധിച്ച് വികാരി ഫാ. കുര്യാക്കോസ് പന്തല്ലൂപ്പറമ്പിലിന്റെ നേതൃത്വത്തിൽ ഇടവകാംഗങ്ങൾ ചേർന്നൊരുക്കിയ നാടകം റേഡിയോ ഫോർ യു സ്റ്റുഡിയോയിൽവച്ച് റെക്കോർഡിംഗ് പൂർത്തിയാക്കി.

## TSSS യൂണിറ്റുകളിലെ പ്രവർത്തനങ്ങൾ

**അന്താരാഷ്ട്ര നഴ്സസ് ദിനം**

കനീലടുക്കം, പരപ്പ, നെല്ലിക്കുറ്റി, ചെമ്പന്തൊട്ടി MSS & CU, ലിസിഗിരി, മണ്ഡപം, പുളിങ്ങോം, കരുവഞ്ചാൽ, വിളക്കന്നൂർ, വായാട്ടുപറമ്പ്, രയറോം, അറബി, നെടുംപുറംചാൽ, പൊട്ടംപ്ലാവ്, മുണ്ടാനൂർ, നെല്ലിക്കാംപൊയിൽ, മണിക്കടവ്, നടുവിൽ എന്നീ യൂണിറ്റുകൾ അന്താരാഷ്ട്ര നഴ്സസ് ദിന ത്തോടനുബന്ധിച്ച് സമീപപ്രദേശത്തെ നഴ്സുമാരെ ആദരിക്കൽ, നേഴ്സിംഗ് വിദ്യാർത്ഥികൾക്ക് സഹായം തുടങ്ങിയ വിവിധ പ്രവർത്തനങ്ങളിൽ പങ്കാളി കളായി.

**രോഗീസന്ദർശനം & ചികിത്സാസഹായം**

പടുപ്പ്, കനീലടുക്കം, മണ്ടളം, അറബി, ബദിയടുക്ക എന്നീ യൂണിറ്റു കളുടെ നേതൃത്വത്തിൽ നിർധനരോഗികളെ സന്ദർശിക്കുകയും സാമ്പത്തിക സഹായങ്ങളും, മറ്റു ആവശ്യസാധനങ്ങളും ലഭ്യമാക്കുകയും ചെയ്തു.

**അഗതിമന്ദിരം & അനാഥാലയം സന്ദർശനം**

പുല്ലടി, പുന്നക്കുന്ന് എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ അഗതി മന്ദിരങ്ങളും അനാഥാലയങ്ങളും സന്ദർശിക്കുകയും, ഭക്ഷണവിതരണം, സാമ്പത്തികസഹായം, മറ്റു ആവശ്യസാധനങ്ങൾ എന്നിവ ലഭ്യമാക്കുകയും ചെയ്തു.

**മെഡിക്കൽക്യാമ്പ്**

വെള്ളരിക്കുണ്ട്, കരിക്കോട്ടക്കരി, പെരുമ്പടവ്, മുണ്ടാനൂർ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വിവിധ രോഗനിർണയ മെഡിക്കൽ ക്യാമ്പുകൾ, ആയുർവേദ മെഡിക്കൽക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുകയും, മരുന്ന് വിതരണം നടത്തുകയും ചെയ്തു. ജോസ്ഗിരി ഹോസ്പിറ്റൽ - തലശ്ശേരി, ആസ്റ്റർ മിംസ് ഹോസ്പിറ്റൽ - കണ്ണൂർ, ബേബി മെമ്മോറിയൽ ഹോസ്പിറ്റൽ - കണ്ണൂർ, മേരി ബാപ്റ്റിസ്റ്റ് ആയുർവേദ ഹോസ്പിറ്റൽ - പാണത്തൂർ എന്നീ ഹോസ്പിറ്റലുകളുമായി സഹകരിച്ചാണ് മെഡിക്കൽക്യാമ്പുകൾ സംഘടിപ്പിച്ചത്.

**മറ്റു പ്രവർത്തനങ്ങൾ**

* ബദിയടുക്ക, രയറോം എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ഭവന നിർമ്മാണത്തിനായി സാമ്പത്തിക സഹായം നൽകി.
* ആലക്കോട്, അറബി യൂണിറ്റുകളുടെ നേതൃത്വത്തിൽ തെരഞ്ഞെടുത്ത വിദ്യാർത്ഥികൾക്ക് പഠനസഹായങ്ങൾ ലഭ്യമാക്കി.
* കാഞ്ഞിരക്കൊല്ലി, മുണ്ടാനൂർ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ ലോക പൈതൃകദിനം ആചരിച്ചു.
* നടുവിൽ, പാണത്തൂർ, പടുപ്പ് യൂണിറ്റുകൾ മാതൃദിനം ആചരിച്ചു.
* പുഞ്ച യൂണിറ്റിന്റെ നേതൃത്വത്തിൽ ജൈവവളനിർമ്മാണവും വിൽപ്പനയും നടത്തി.
* പടുപ്പ് യൂണിറ്റിന്റെ നേതൃത്വത്തിൽ ബയോ മൗണ്ടൻ ഉത്പ്പന്നങ്ങൾ സമീപപ്രദേശങ്ങളിലെ ഭവനങ്ങളിൽ എത്തിച്ചു നൽകുവാൻ ആരംഭിച്ചു.
* മുൻ യൂണിറ്റ് പ്രസിഡണ്ട് ശ്രീ. ജോർജ് അർത്തനാക്കുന്നേൽ അനുസ്മരണത്തോടനുബന്ധിച്ച് വായാട്ടുപറമ്പ യൂണിറ്റിന്റെ നേതൃത്വത്തിൽ ജോർജ് അർത്തനാക്കുന്നേൽ എൻഡോവ്മെന്റിൽ നിന്നും ചികിത്സാ സഹായം ലഭ്യമാക്കി.
* ലോക ഭൗമദിനത്തോടനുബന്ധിച്ച് ലിസിഗിരി, അറബി, മുണ്ടാനൂർ, നടുവിൽ എന്നീ യൂണിറ്റുകളുടെ നേതൃത്വത്തിൽ വൃക്ഷത്തൈ വിതരണങ്ങൾ സംഘടിപ്പിച്ചു.
* ചെമ്പന്തൊട്ടി MSS & CU കർഷകരെ ആദരിക്കുകയും ധനസഹായം നൽകുകയും ചെയ്തു.
* പുളിങ്ങോം MSS യൂണിറ്റിന്റെ 25-ാം വാർഷികാഘോഷവും കുടുംബ സംഗമവും സംഘടിപ്പിച്ചു.

**ഫാ. ആൽബിൻ തെങ്ങുംപള്ളിൽ**
അസ്സോസിയേറ്റ് ഡയറക്ടർ, TSSS

**ഫാ. ബിബിൻ വരമ്പകത്ത്**
ഡയറക്ടർ, TSSS

**ഫാ. ജിതിൻ കളത്തിൽ**
സ്റ്റേഷൻ ഡയറക്ടർ, റേഡിയോ ഫോർ യു

# ബയോമൗണ്ടൻ ഫാർമേഴ്സ് പ്രൊഡ്യൂസർ കമ്പനി

**അഭിമാനത്തോടെ**

ഹിമാചൽ പ്രദേശിലെ ICAR- Directorate of Mushroom Research സന്ദർശിക്കുന്നതിനും കൂൺ കൃഷിയെക്കുറിച്ചു പഠിക്കുന്നതിനായി ഗവൺമെന്റ് തിരഞ്ഞെടുത്ത കൃഷിവകുപ്പ് ഉദ്യോഗസ്ഥരടങ്ങുന്ന നാല് അംഗങ്ങളിൽ ഒരാളായി തിരഞ്ഞെടുക്കപ്പെട്ട ബയോമൗണ്ടൻ കമ്പനി മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേലിന് കമ്പനിയുടെ ആശംസ കളും അഭിനന്ദനങ്ങളും നേരുന്നു.

**ഡയറക്ടർ ബോർഡ് മീറ്റിംഗ്**

ബയോമൗണ്ടൻ ഫാർമേഴ്സ പ്രൊഡ്യൂസർ കമ്പനിയുടെ ഡയറക്ടർ ബോർഡ് മീറ്റിംഗ് മെയ് 17 തളിപ്പറമ്പ് സെന്റ് മേരീസ് ദൈവാലയത്തിൽ വച്ച് ചേർന്നു. തലശ്ശേരി അതിരൂപതാ മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ജോസഫ് പാംപ്ലാനി പിതാവിന്റെ സാന്നിധ്യത്തിൽ ചേർന്ന യോഗത്തിൽ കമ്പനി ചെയർമാൻ മോൺ. സെബാസ്റ്റ്യൻ പാലക്കുഴിയിൽ, മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ, ഡയറക്ടർ ബോർഡ് അംഗങ്ങളായ ഫാ. ജോജി കാക്കരമറ്റത്തിൽ, പി.ടി. ജോസ്, ജോളി അലക്സ്, ഡോ. ജോസഫ് ബെനവൻ, ബിനോയ് അഗസ്റ്റിൻ എന്നിവർ പങ്കെടുക്കുകയും കമ്പനിയുടെ 2024-2025 സാമ്പത്തിക വർഷത്തിലെ പ്രവർത്തന റിപ്പോർട്ട് അവതരിപ്പിക്കുകയും കമ്പനിയുടെ തുടർപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുകയും ചെയ്തു.

**മുഖ്യമന്ത്രിയുമായുള്ള കൂടിക്കാഴ്ച**

കണ്ണൂർ ജില്ലയിലെ വ്യത്യസ്ത മേഖലകളിൽ പ്രവൃത്തിക്കുന്നവരെ പങ്കെടിപ്പിച്ചു കൊണ്ടു ബഹുമാനപ്പെട്ട മുഖ്യമന്ത്രി പിണറായി വിജയൻ വിളിച്ചു ചേർത്ത യോഗത്തിൽ ബയോമൗണ്ടൻ കമ്പനി എം.ഡി ഫാ. ബെന്നി നിരപ്പേലിന് പ്രത്യേക ക്ഷണം ലഭിച്ചു. കമ്പനിയെ പ്രതിനി ധാനം ചെയ്തുകൊണ്ട് യോഗത്തിൽ പങ്കെടുക്കുകയും കാർഷിക ഉന്നമനത്തിനുവേണ്ടിയും വന്യജീവി ആക്രമണത്തിന് എതിരായിയുള്ള നിർദേശങ്ങൾ സമർപ്പിക്കുകയും ചെയ്തു.

**മേഘാലയ രൂപതാസന്ദർശനം**

ബയോമൗണ്ടൻ കമ്പനിയെ ഇന്ത്യയിലെമ്പാടുമുള്ള ജനങ്ങൾക്ക് പരിചയപ്പെടുത്തുന്നതിന്റെ ഭാഗമായും കമ്പനി ഉത്പ്പന്നങ്ങൾ അവരിലേക്ക് എത്തിക്കുന്നതിനും വേണ്ടി കമ്പനിയുടെ മാനേജിംഗ് ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ മേഘാലയ രൂപതയിൽ സന്ദർശനം നടത്തി. മേഘാലയിലെ ഷില്ലോങ് അതിരൂപതാ അധ്യക്ഷൻ വിക്ടർ ലിങ്ഹോഡ് പിതാവിനെ കാണുകയും ചർച്ച നടത്തുകയും ഒപ്പം ബയോമൗണ്ടൻ കമ്പനിയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതുമുള്ള നിർദ്ദേശങ്ങൾ സ്വീകരിക്കുകയും ചെയ്തു.

**കർഷകർക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ**

കർഷകരുടെ ഉത്പ്പന്നങ്ങളെ മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി മാറ്റുന്നതിനും അവരുടെ കാർഷികവിളകൾക്ക് ഓർഗാനിക് സർട്ടിഫിക്കേഷൻ നികുന്നതിനുമായി കണ്ണൂർ ജില്ലാ കൃഷി വകുപ്പ് ഉദ്യോഗസ്ഥരുമായി ചേർന്ന് ബയോ മൗണ്ടൻ കമ്പനി ഡയറക്ടർ ഫാ. ബെന്നി നിരപ്പേൽ ചർച്ച നടത്തി. കുന്നോത്ത് ബയോമൗണ്ടൻ കമ്പനിയിൽ വെച്ച് ചേർന്ന യോഗത്തിൽ കർഷകരുടെ ഉത്പ്പന്നങ്ങൾ മൂല്യവർധിതങ്ങളാക്കി മാറ്റുന്നതിനും ഗുണനിലവാരം ഉറപ്പാക്കി ഓർഗാനിക് സർട്ടിഫിക്കേഷൻ നൽകുന്നതിനും വിപണി കണ്ടെത്തുന്നതിനും തീരുമാനമായി.

**എന്റെ കേരളം മേള :** കണ്ണൂരിൽ മെയ് 8 മുതൽ ഒരാഴ്ചക്കാലം നീണ്ടുനിന്ന 'എന്റെ കേരളം' മേളയിലേക്ക് ബയോ മൗണ്ടൻ കമ്പനിക്ക് പ്രത്യേകം ക്ഷണം ലഭിച്ചു. പോലീസ് മൈതാനത്തിൽ വെച്ച് നടന്ന മേളയിൽ ബയോമൗണ്ടൻ കമ്പനിയുടെ സ്റ്റാൾ ഏറെ ശ്രദ്ധ ആകർഷിക്കുകയും മേളയിൽ പങ്കെടുത്തതിലൂടെ നിരവധി ആളുകളിലേക്ക് ബയോമൗണ്ടൻ കമ്പനിയെ പരിചയപെടുത്തുവാനും ഉത്പ്പന്നങ്ങൾ പ്രദർശിപ്പിക്കാനും വിൽക്കുവാനും സാധിച്ചു.

**കൊക്കോ തൈകളുടെ ഓർഡറുകൾ സ്വീകരിച്ചു**

കേരളാ അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ പോളി ക്ലോണൽ ഗാർഡനുമായി സഹകരിച്ചുകൊണ്ട് കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ കർഷകരിൽനിന്നും കൊക്കോതൈകളുടെ ഓർഡറുകൾ സ്വീകരിച്ചു. കാർഷിക മേഖലയുടെ വളർച്ച, ഒപ്പം ഗുണനിലവാരം ഉള്ള വിളകൾ ഉത്പ്പാദിപ്പിക്കുക എന്നിവ ലക്ഷ്യമാക്കിക്കൊണ്ടാണ് കൊക്കോ തൈകളുടെ ഓർഡറുകൾ സ്വീകരിക്കുന്നത്.

**പുതിയ സംരംഭം :** ബയോമൗണ്ടൻ കമ്പനിയുടെ പുതിയ സംരംഭമായ പുട്ടുപൊടി യൂണിറ്റിന്റെ പ്രവർത്തനങ്ങൾ മികച്ച രീതിയിൽ പുരോഗമിക്കുന്നു. പുതിയ സംരംഭത്തിന്റെ വിജയത്തിനായി നിങ്ങളുടെ എല്ലാവരുടെയും പ്രാർത്ഥനയും സഹകരണവും അപേക്ഷിക്കുന്നു.

**ഇടവകയിൽ ബയോമൗണ്ടൻ സ്റ്റാൾ**

ബയോമൗണ്ടൻ ഉത്പ്പന്നങ്ങൾ കൂടുതൽ ആളുകളിലേക്ക് എത്തിക്കു

ന്നതിന്റെ ഭാഗമായി കടുമേനി ഇടവകയിൽ ബയോമൗണ്ടൻ ഉത്പ്പന്നങ്ങളുടെ സ്റ്റാൾ ആരംഭിച്ചു. സ്റ്റാൾ ആരംഭിക്കുന്നതിനായി നേതൃത്വം നൽകിയ ബഹു. കടുമേനി ഇടവക വികാരിയച്ചനും ഇടവക അംഗങ്ങൾക്കും നന്ദി.

**ഇടവകകളിലെ ഷെയർ**

കടുമേനി, പുളിങ്ങോം എന്നീ ഇടവകകളിൽ ബയോമൗണ്ടൻ കമ്പനിയുടെ ഷെയർ എടുത്തു. ഷെയർ എടുത്ത എല്ലാ ഇടവകയ്ക്കും ബഹു. വികാരി അച്ചന്മാർക്കും അംഗങ്ങൾക്കും അഭിനന്ദനങ്ങൾ.

**നമ്മുടെ സംരംഭങ്ങൾ**

നമ്മുടെ ഈ സംരംഭം വിജയിപ്പിക്കാൻ എല്ലാ വൈദികരുടെയും എല്ലാ സന്യാസഭവനങ്ങളുടെയും സ്ഥാപനങ്ങളുടെയും അല്മായ നേതാക്കളുടെയും ഭക്തസംഘടനകളുടെയും സഹായം അപേക്ഷിക്കുന്നു. നമ്മുടെ ഉൽപ്പന്നങ്ങൾ എല്ലാ ഇടവകകളിലും സ്ഥാപനങ്ങളിലും വാങ്ങി ഉപയോഗിച്ചുകൊണ്ട് കമ്പനിയുടെ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കണം. മായമില്ലാത്ത ഉൽപ്പന്നങ്ങളാണ് നമ്മൾ വിതരണം ചെയ്യുന്നത്. മാർക്കറ്റിനേക്കാളും വിലക്കുറവും നമ്മുടെ ഉൽപ്പന്നങ്ങൾക്കുണ്ട്. ഗുണമേന്മയിൽ ഏറ്റവും മികച്ചതുമാണ്.

**കമ്പനി ഓഫീസ്**

കമ്പനി ഓഫീസ് കുന്നോത്ത് പ്രവർത്തനം ആരംഭിച്ചു. ഫുൾടൈം പ്രവർത്തിക്കുന്ന ഓഫീസും സ്റ്റാഫും വാഹനങ്ങളും കുന്നോത്ത് ഉണ്ട്. നമ്മൾ ആരംഭിച്ച പതിനൊന്നോളം വരുന്ന മസാല പൗഡറുകളുടെ ഉല്പാദനവും വിൽപ്പനയുമെല്ലാം നടന്നു വരുന്നു. ഓർഡറുകൾ നൽകുമ്പോൾ താഴെ തന്നിരിക്കുന്ന നമ്പറിലേക്ക് ഓർഡറുകൾ അയച്ചാൽ സാധനങ്ങൾ അതാത് സ്ഥലങ്ങളിൽ എത്തിക്കുന്നതായിരിക്കും.

Mob: 9656054322, Mail.id: tsssbiomountain@gmail.com

ജൂൺ മാസത്തിൽ എല്ലാ ഫോറോനകളിലേക്കും ഇടവകകളിലേക്കും നേരിട്ടു വരുവാനും ബഹു. വൈദികരുടെ നിർദേശങ്ങളും അഭിപ്രായങ്ങളും സ്വീകരിക്കാനും ആഗ്രഹിക്കുന്നുണ്ട്.

ഈ അവസരത്തിൽ ഇടവക ഷെയറുകൾ എടുത്ത് സഹകരിച്ചുകൊണ്ട് നമ്മുടെ ഈ സംരംഭത്തെ മലബാറിന്റെ തന്നെ മാതൃകയാക്കി മാറ്റുവാൻ നിങ്ങളുടെ എല്ലാവരുടെയും സ്നേഹവും പ്രോത്സാഹനവും അപേക്ഷിക്കുന്നു.

**മോൺ. സെബാസ്റ്റ്യൻപാലാക്കുഴി**
*ചെയർമാൻ*

**ഫാ. ബെന്നി നിരപ്പേൽ**
*മാനേജിംഗ് ഡയറക്ടർ*

**ഫാ. അരുൺ മുണ്ടപ്ലാക്കൽ**
*എക്സിക്യൂട്ടീവ് ഡയറക്ടർ*

# ഇൻഫാം

*പ്രിയമുള്ളവരെ,*

*നമ്മുടെ നാട്ടിൽ കർഷകരും ചെറുകിട വ്യാപാരികളും സാധാരണക്കാരും വരുന്ന മഹാഭൂരിപക്ഷം ജനത വലിയ പ്രതിസന്ധിയിൽ കൂടി കടന്നുപോവുകയാണ്. വന്യമൃഗശല്യം, ഉത്പ്പന്നങ്ങളുടെ വിലയിടിവ്, ഭൂമിയുടെ മേലുള്ള അനാവശ്യ നിയന്ത്രണങ്ങൾ തുടങ്ങി നിരവധിയായ കാരണങ്ങളാൽ കർഷകർ തകർച്ചയുടെ പടുകുഴിയിലാണ്. അതിനുപുറമേ കടബാധ്യതകളും ജപ്തി നടപടികളും ജനങ്ങളെ ബാങ്കുകളുടെ അടിമകളാക്കുന്നു...*

*ഭൂരിപക്ഷം വരുന്ന ജനത പാർശ്വവൽക്കരിക്കപ്പെടുകയും നിശബ്ദരാക്കപ്പെടുകയും ചെയ്യുന്നു. ഇതിനെതിരെ കർഷകരുടെ ജനവികാരം ഉയരേണ്ടതുണ്ട്. കക്ഷിരാഷ്ട്രീയത്തിനും ജാതിമത ചിന്താഗതികൾക്കുമതീതമായി ഇൻഫാമിലൂടെ കർഷക അവകാശങ്ങൾ നേടിയെടുക്കാൻ നമുക്ക് പരിശ്രമിക്കാം...*

**നന്ദിയോടെ...**

കഴിഞ്ഞ പത്ത് മാസക്കാലം ഇൻഫാമിന്റെ തലശ്ശേരി അതിരൂപത ഡയറക്ടറായി സ്തുത്യർഹമായ സേവനത്തിനുശേഷം, കൂത്തുപറമ്പ് നിർമ്മലഗിരി സ്വാശ്രയ കോളേജിന്റെ ഡയറക്ടറായി പുതിയ ഉത്തരവാദിത്വത്തിലേക്ക് പ്രവേശിച്ച ബഹു. ലൂക്കോസ് മാടശ്ശേരിയച്ചന് ഇൻഫാം തലശ്ശേരി കർഷക കൂട്ടായ്മയുടെ നന്ദി സ്നേഹപൂർവ്വം നേരുന്നു. ബഹു. ലൂക്കോസ് അച്ചന്റെ നേതൃത്വം കർഷക മക്കൾക്ക് ഉണർവ്വും ആവേശവും നൽകിയിരുന്നു. വന്യമൃഗശല്യത്തിനെതിരെയും കർഷകരുടെ നിലനിൽപ്പിനുവേണ്ടിയും അച്ചൻ നൽകിയിരുന്ന ശക്തമായ നേതൃത്വത്തിന് നന്ദി അറിയിക്കുന്നതോടൊപ്പം പുതിയ കർമ്മമേഖലയിൽ എല്ലാ വിജയാശംസകളും നേരുന്നു.

**ഇൻഫാം ജില്ലാതല മീറ്റിംഗ്**

ഇൻഫാം തലശ്ശേരി അതിരൂപതയുടെ ജില്ലാതല മീറ്റിംഗ് 2025 മെയ് 23 വെള്ളിയാഴ്ച നെല്ലിക്കാംപൊയിലിൽവച്ച് സംഘടിപ്പിച്ചു. ഇൻഫാം ദേശീയ ജനറൽ സെക്രട്ടറി വെരി. റവ. ഫാ. ജോസഫ് കാവനാടി

ഉദ്ഘാടനകർമ്മം നിർവ്വഹിച്ച പ്രസ്തുത മീറ്റിംഗിൽ ഇൻഫാം തലശ്ശേരി കാർഷിക ജില്ലയുടെ പുതിയ ഡയറക്ടറായി നിയമിക്കപ്പെട്ട ഫാ. ബിബിൻ വരമ്പകത്തിനെ സ്വീകരിച്ചു. ഇൻഫാം തലശ്ശേരി അതിരൂപത പ്രസിഡണ്ട് ശ്രീ. സ്കറിയ നെല്ലംകുഴി, ഇൻഫാമിന്റെ മറ്റു ജില്ലാ നേതാക്കൾ എന്നിവർ ചടങ്ങിൽ സംബന്ധിച്ചു.

**മെമ്പർഷിപ്പ് ക്യാമ്പയിൻ**

2025 മെയ് 23 വെള്ളിയാഴ്ച നെല്ലിക്കാംപൊയിലിൽ വച്ച് സംഘടിപ്പിച്ച ഇൻഫാം ജില്ലാതല മീറ്റിംഗിൽവച്ച് ഇൻഫാമിന്റെ മെമ്പർഷിപ്പ് ക്യാമ്പയിൻ തുടരുന്നതിനും, തലശ്ശേരി സോഷ്യൽ സർവ്വീസ് സൊസൈറ്റിയെപ്പോലെ സമാനസ്വഭാവമുള്ള മറ്റു സംഘടനകളുമായി ചേർന്ന് പ്രവർത്തിക്കുന്ന തിനും തീരുമാനിച്ചു. അടുത്ത പ്രവർത്തനവർഷത്തെ കർമ്മപദ്ധതികളും പ്രസ്തുത മീറ്റിംഗിൽ ആസൂത്രണം ചെയ്തു.

**അഗ്രി സ്റ്റാക്ക് രജിസ്ട്രേഷൻ ആരംഭിച്ചു**

പി.എം. കിസാൻ ആനുകൂല്യങ്ങൾ വാങ്ങുന്നതിനും, മറ്റു ആവശ്യങ്ങൾക്കുമായി കർഷകരുടെ ഡാറ്റയും, കൃഷിയുമായി ബന്ധപ്പെട്ട സേവനങ്ങളും ഏകീകരിക്കാൻ ലക്ഷ്യമിട്ട് രൂപകല്പന ചെയ്തിട്ടുള്ള അഗ്രി സ്റ്റാക്ക് ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് രജിസ്ട്രേഷൻ പ്രക്രിയകൾ ആരംഭിച്ചു.

- നിലവിൽ ഭൂമിയുള്ള കർഷകർക്ക് മുൻഗണന നൽകിയാണ് ആദ്യഘട്ട രജിസ്ട്രേഷൻ നടപ്പിലാക്കുന്നത്.
- കൃഷിഭവൻ മുഖേനയാണ് രജിസ്ട്രേഷൻ പ്രക്രിയ നടത്തപ്പെടുന്നത്.

**രജിസ്ട്രേഷനുവേണ്ടി താഴെപ്പറയുന്ന രേഖകൾ കർഷകർ കൊണ്ടുവരേണ്ടതാണ്**

1. ആധാറുമായി ലിങ്ക് ചെയ്ത മൊബൈൽ ഫോൺ
2. ആധാർ കാർഡ്
3. ഭൂനികുതി രസീതുകൾ

*കൂടുതൽ വിവരങ്ങൾക്ക് കൃഷിഭവനുമായി ബന്ധപ്പെടേണ്ടതാണ്.*

അഗ്രി സ്റ്റാക്ക് രജിസ്ട്രേഷൻ നടത്തുന്നതിലൂടെ കർഷകർക്ക് സബ്സിഡിയുള്ള ഇൻപുട്ടുകൾ, ക്രെഡിറ്റ്, ഇൻഷുറൻസ് എന്നിവയുൾപ്പെടെ നിരവധി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നു. പ്രാദേശിക തലത്തിലുള്ള നിർദ്ദേശങ്ങൾ, സർക്കാർ പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ, വിപണികൾ എന്നീ സേവനങ്ങളിലേക്ക് പ്രവേശനം നേടാനും ഇത് കർഷകരെ സഹായിക്കുന്നു. ഇതുവഴി കർഷകർക്ക് പ്രവർത്തനത്തിനായുള്ള മൂലധന വായ്പകളും, ദീർഘകാല വായ്പാ ആനുകൂല്യങ്ങളും ലഭിക്കുന്നതിനായി അഗ്രി സ്റ്റാക്ക് രജിസ്ട്രേഷൻ സഹായിക്കുന്നു.

**ശ്രീ. സ്കറിയ നെല്ലംകുഴി**
പ്രസിഡണ്ട്, തലശ്ശേരി അതിരൂപത

**ഫാ. ബിബിൻ വരമ്പകത്ത്**
ഡയറക്ടർ, തലശ്ശേരി അതിരൂപത

# ധ്യാനകേന്ദ്രങ്ങളിലൂടെ
## 2025 മെയ്

**1. മദർഹോം, പരിയാരം; ഫോൺ: 9446567101, 8606603101**

| | | | |
|---|---|---|---|
| ജൂൺ | 01-05 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 05-08 | : | ഇംഗ്ലീഷ് ധ്യാനം (05 (5pm) - 08 (1pm) |
| | 07 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 08-11 | : | കന്നഡ ധ്യാനം |
| | 14 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 16 -20 | : | വൈദികർക്കുവേണ്ടിയുള്ള ധ്യാനം (16(7pm) - 08(8am) |
| | 21 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |
| | 22-26 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 26 (5 pm) -29 (1 pm) | : | RHEMA (A) കണ്ണൂർ രൂപത വിശ്വാസ പരിശീലകരുടെ ധ്യാനം |
| | 28 | : | വചനാഗ്നി ബൈബിൾ കൺവെൻഷൻ |

**2. വിമലഗിരി ധ്യാനകേന്ദ്രം, പട്ടാരം - ഇരിട്ടി, ഫോൺ: 6282732852**

| | | | |
|---|---|---|---|
| ജൂൺ | 07 | : | ഏകദിന ധ്യാനം |
| | 07-10 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 20 | : | പ്രേഷിതക്കൂട്ടായ്മ |
| | 21 | : | ഏകദിന ധ്യാനം |
| | 21-24 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 27 | : | ജാഗരണ പ്രാർത്ഥന |
| | 28 | : | ഏകദിന ധ്യാനം |
| | 28-ജൂലൈ 02 | : | ആന്തരീക സൗഖ്യ ധ്യാനം |

**3. ഐഎംഎസ് ധ്യാനകേന്ദ്രം, കൂട്ടുപുഴ (പേരട്ട), ഫോൺ: 8281272873**

| | | | |
|---|---|---|---|
| ജൂൺ | 07 | : | ഏകദിന ധ്യാനം (9 am - 2 pm) |
| | 08-10 | : | ആന്തരിക സൗഖ്യാനുഭവ ധ്യാനം |
| | 13 | : | ജാഗരണ പ്രാർത്ഥന (06 pm - 09 pm) |
| | 21 | : | മദ്ധ്യസ്ഥ പ്രാർത്ഥന (02 pm - 04 pm) |

**4. സീയോൺ ധ്യാനകേന്ദ്രം, നെല്ലിക്കുറ്റി, ഫോൺ : 7306859339**

| | | | |
|---|---|---|---|
| ജൂൺ | 07 | : | ഏകദിന ശുശ്രൂഷ (Spiritual Sharing ) |
| | 08-12 | : | ആന്തരീക സൗഖ്യ ധ്യാനം |
| | 13 | : | ജാഗരണ പ്രാർത്ഥന |
| | 15 | : | ശുശ്രൂഷകരുടെ കൂട്ടായ്മ |
| | 22-26 | : | ആന്തരീക സൗഖ്യ ധ്യാനം |

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോസഫ് പാംപ്ലാനി

**ഏപ്രിൽ 2025**

21 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു. ഉച്ചയ്ക്കുശേഷം വെള്ളരിക്കുണ്ടിൽവച്ച് മേജർ സെമിനാരി വർക്ക് ക്യാമ്പിനെത്തിയ ബ്രദേഴ്സിനെ സന്ദർശിച്ചു.

22 രാവിലെ പുറവയൽ ദൈവാലയത്തിൽവച്ച് മുടക്കാലിൽ മനോജ്-മെർളിൻ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയായ ഇവാനോറയ്ക്ക് മാമ്മോദീസാ നൽകി. തുടർന്ന് മാടത്തിൽ ഇടവകാ ദൈവാലയത്തിൽവച്ച് ബഹു. ഡീക്കൻ മാത്യു മണലേലിന്റെ പൗരോഹിത്യ സ്വീകരണ ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിച്ചു. ഉച്ചയ്ക്കുശേഷം ഇരിട്ടിയിൽ പുതുതായി ആരംഭിച്ച TREICS ശാഖയുടെ ഉദ്ഘാടനം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

23 പേരാവൂരിൽവച്ച് തിരുഹൃദയ സന്ന്യാസ സഭാംഗങ്ങളുടെ ജൂബിലി, നിത്യവ്രതസ്വീകരണ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പേരാവൂർ ഇടവകയിൽ മരണമടഞ്ഞ ശ്രീ. ജേക്കബ് ചാണ്ടി ഉറുമ്പക്കലിന്റെ ഭവനത്തിലെത്തി ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു. ഉച്ചയ്ക്കു ശേഷം ചന്ദനക്കാംപാറ ദൈവാലയത്തിൽവച്ച് മുണ്ടമറ്റത്തിൽ ആൽബിന്റെയും അരശ്ശേരിൽ അമലയുടെയും വിവാഹം ആശീർവ്വദിച്ചു.

24 കിളിയന്തറയിൽവച്ച് എസ്.എ.ബി.എസ് സന്ന്യാസ സഭാംഗങ്ങളുടെ ജൂബിലി, പ്രഥമ വ്രതസ്വീകരണ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് അഭിവന്ദ്യ ജോർജ് ഞറളക്കാട്ട് പിതാവിനെ സന്ദർശിച്ചു.

25 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

26 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

27 സാന്തോം തീർത്ഥാടനത്തിന്റെ ഭാഗമായി പേരാവൂരിൽനിന്നും കൊളക്കാട് കുരിശുമലയിലേക്ക് തീർത്ഥാടനയാത്ര നടത്തുകയും കുരിശുമല പള്ളിയിൽ ദിവ്യബലിയർപ്പിക്കുകയും ചെയ്തു.

28 മരുതോങ്കര ദൈവാലയത്തിൽവച്ച് വടക്കിനേടത്ത് അഖിലിന്റെയും വാണിയപ്പുരക്കൽ ഡിസ്നയുടെയും വിവാഹം ആശീർവ്വദിക്കുകയും പാറക്കൽ ജെറിയുടെയും വടക്കിനേടത്ത് ആർദ്രയുടെയും മനസമ്മതം നടത്തുകയും ചെയ്തു.

29 നെല്ലിക്കാംപൊയിൽ വച്ച് സി.എം.സി. സന്ന്യാസ സഭാംഗങ്ങളുടെ ജൂബിലി, പ്രഥമവ്രതസ്വീകരണ കർമ്മങ്ങൾക്ക് മുഖ്യകാർമ്മികത്വം വഹിച്ചു. തുടർന്ന് പുതിയ ദൈവാലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്ന വട്ടിയറ ഇടവക സന്ദർശിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

30 പട്ടാരത്തുവച്ച് കപ്പൂച്ചിൻ സഭയുടെ സിനാക്സിസ് മീറ്റിംഗിനെത്തിയ അംഗങ്ങൾക്കായി ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

## മെയ് 2025

01 തലശ്ശേരി അതിരൂപതയ്ക്കുവേണ്ടി റീജൻസി പൂർത്തിയാക്കിയ ബ്രദേഴ്സിന് കത്തീഡ്രൽ ദൈവാലയത്തിൽവച്ച് വൈദിക വസ്ത്രം നൽകി. വൈകുന്നേരം ജോസ്ഗിരി ഹോസ്പിറ്റലിന്റെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

02 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

03 മണ്ടളത്തുവച്ച് എം.എസ്.ജെ. സന്ന്യാസ സഭാംഗങ്ങളുടെ സിൽവർ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

04 പൊയിനാച്ചി ഇടവകയിൽ പുതുതായി നിർമ്മിച്ച വൈദിക മന്ദിരത്തിന്റെ വെഞ്ചരിപ്പുകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം കുന്നോത്ത് സെന്റ് ജൂഡ്സ് തീർത്ഥാടന ദൈവാലയ തിരുനാളിനോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

5-6 എറണാകുളം അങ്കമാലി അതിരൂപതാ കേന്ദ്രത്തിലെ വിവിധ ചുമതലകൾ നിർവ്വഹിച്ചു.

07 തോമാപുരത്ത് വച്ച് സംഘടിപ്പിച്ച നടുവിലേക്കുറ്റ് കുടുംബസംഗമം ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം തലശ്ശേരിയിൽനിന്നും സ്ഥലം മാറ്റമുള്ള വൈദികരുടെ യാത്രയയപ്പ് സമ്മേളനത്തിൽ അധ്യക്ഷത വഹിച്ചു.

08 പനത്തടിയിൽ പുതുതായി നിർമ്മിച്ച കുരിശുപള്ളിയുടെ കൂദാശാകർമ്മം നിർവ്വഹിച്ചു. വൈകുന്നേരം അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

09 തലശ്ശേരി അതിരൂപതാ കേന്ദ്രത്തിൽ വിവിധ സന്ദർശകരെ സ്വീകരിച്ചു.

10 ചെമ്പേരി ദൈവാലയത്തിൽവച്ച് സി. ലില്ലി ജോസ് വെട്ടിക്കലിന്റെ സുവർണ്ണജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ചു.

11 ഇരിട്ടി ദൈവാലയത്തിൽവച്ച് കൂറ്റനാൽ വിനീതിന്റെയും തറക്കുന്നേൽ ടെസ്മോളുടെയും വിവാഹം ആശീർവ്വദിച്ചു. വൈകുന്നേരം നിർമ്മലഗിരി ഇടവകയുടെ ജൂബിലിയോടനുബന്ധിച്ച് ദിവ്യബലിയർപ്പിച്ച് വചനസന്ദേശം നൽകി.

12 എറണാകുളം-അങ്കമാലി അതിരൂപതാംഗങ്ങളായ വൈദിക വിദ്യാർത്ഥികളുടെ കാറോയ, ഹെവുപ്പതിയാക്കോന പട്ടങ്ങളുടെ സ്വീകരണകർമ്മത്തിനും റീജൻസി പൂർത്തീകരിച്ച ബ്രദേഴ്സിന്റെ വൈദികവസ്ത്ര സ്വീകരണത്തിനും മുഖ്യകാർമ്മികത്വം വഹിച്ചു.

13 എറണാകുളം-അങ്കമാലി അതിരൂപതാ കേന്ദ്രത്തിൽവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

14 എറണാകുളം-അങ്കമാലി അതിരൂപതാ മൈനർ സെമിനാരിയിലേക്കുള്ള സെലക്ഷൻ ക്യാമ്പിനെത്തിയ കുട്ടികളുമായി അഭിമുഖം നടത്തി.

15 ബാംഗ്ലൂർ രാജീവ് ഗാന്ധി യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസ് വൈസ് ചാൻസലറുമായി കൂടിക്കാഴ്ച നടത്തി. വൈകുന്നേരത്തോടെ ഗുണ്ടൽപ്പേട്ടിലെത്തി പുതിയ നഴ്സിംഗ് കോളേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തി.

16 രാവിലെ അട്ടേങ്ങാനം ദൈവാലയത്തിൽവച്ച് തടത്തിൽ ലിജോ – ജിജിമോൾ ദമ്പതികളുടെ അഞ്ചാമത്തെ കുട്ടിയായ എസെക്കിയേലിന് മാമ്മോദീസാ നൽകി. പാലാവയൽ ഇടവകയിൽവച്ച് ഫാ. ജോൺസൺ അന്ത്യാംകുളം അച്ചന്റെ പിതാവ് ഉലഹന്നാൻ അന്ത്യാംകുളത്തിന്റെ മൃതസംസ്കാര ശുശ്രൂഷാകർമ്മം നിർവ്വഹിച്ചു. തുടർന്ന് തോമാപുരത്തുവച്ച് വിവിധ സന്ദർശകരെ സ്വീകരിച്ചു.

17 തളിപ്പറമ്പിൽവച്ച് ചേർന്ന മിഷൻലീഗ് മാനേജിംഗ് കമ്മറ്റി മീറ്റിംഗ് ഉദ്ഘാടനം ചെയ്തു. ഉച്ചയ്ക്കുശേഷം ബയോമൗണ്ടൻ ഡയറക്ടർ ബോർഡ് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. തുടർന്ന് വിളക്കന്നൂർ ദൈവാലയത്തിലെത്തി ദിവ്യകാരുണ്യ അത്ഭുതം – സഭാതല പ്രഖ്യാപന ദിനത്തിന്റെ ഒരുക്കത്തോടനുബന്ധിച്ചുള്ള വിവിധ ചർച്ചകൾ നടത്തി. തുടർന്ന് ഓൺലൈനായി ചേർന്ന ഹാപ്പി വില്ലേജ് പ്രൊജക്ട് മീറ്റിംഗിന് അധ്യക്ഷത വഹിച്ചു. രാത്രി 9 മണിയോടെ ഓൺലൈനായി ചേർന്ന എറണാകുളം-അങ്കമാലി അതിരൂപതാ കൂരിയാ മീറ്റിംഗിൽ പങ്കെടുത്തു.

18 കത്തോലിക്കാ കോൺഗ്രസ് 107-ാം ജന്മവാർഷികത്തോടനുബന്ധിച്ച് പാലക്കാട് കോട്ട മൈതാനത്ത് സംഘടിപ്പിച്ച സമുദായ സമ്മേളനം ഉദ്ഘാടനം ചെയ്തു.

19 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന ഫിനാൻസ് കൗൺസിൽ യോഗത്തിന് അധ്യക്ഷത വഹിച്ചു. ഉച്ചയ്ക്കുശേഷം കോർപ്പറേറ്റ് സ്കൂൾ മാനേജർമാരുടെ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

20 അതിരൂപതാ കേന്ദ്രത്തിൽവച്ച് ചേർന്ന കൂരിയാ മീറ്റിംഗിന് അധ്യക്ഷത വഹിച്ചു.

JUNE 2025

# ENGAGEMENTS

## ARCHBISHOP JOSEPH PAMPLANY

| | | | |
|---|---|---|---|
| 01 | 08:00 am | - | Pathenpara: Church Blessing |
| 02 | 09:30 am | - | Aluva - Little Flower Seminary |
| 03-05 | | - | KCBC |
| 06 | 08:30 am | - | GSMS Kunnoth |
| 07 | 10:00 am | - | Thalassery: Pastoral Council |
| 08 | | - | Parappa: Pastoral Visit |
| 09-10 | | - | Ernakulam |
| 10 | 10:00 am | - | Presbyteral Council |
| 11 | 09-12 pm | - | Thalassery: Visitors Day |
| 12 | | - | Engaged |
| 13 | 08:30 am | - | GSMS Kunnoth |
| 14 | 10:00 am | - | Catechism HM Conference |
| 15 | 09:00 am | - | Cheemeni |
| 16-20 | | - | Junior Priest Retreat |
| 21 | 10:00 am | - | Thalipparamba: Mathruvedi General Body Meeting |
| 22 | | - | Pulingome: Pastoral Visit |
| 23 | 06:30 am | - | Cathedral |
| 24-25 | | - | Ernakulam |
| 26 | 09-12 pm | - | Thalassery: Visitors Day |
| 27 | 08:30 am | - | GSMS Kunnoth |
| 28 | 10:00 am | - | Presbytarium |
| 29 | | - | Chandanackampara: Pastoral Visit |
| 30 | | - | Ernakulam |

**Secretary to the Archbishop**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് ഞറളക്കാട്ട്

**മെയ് 2025**

01 രാവിലെ തൊണ്ടിയിൽ നിര്യാതയായ സി. ജോർജ് മരിയ എസ്.എച്ച്-ന്റെ മൃതസംസ്കാര ശുശ്രൂഷയ്ക്ക് കാർമികത്വം വഹിച്ചു. വൈകുന്നേരം എടൂർ കാരാപ്പറമ്പ് വി. അന്തോണീസിന്റെ തിരുനാളിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

02 വൈകുന്നേരം ആനപ്പന്തി കപ്പേളയിൽ വി. യൂദാ ശ്ലീഹായുടെ തിരുനാളിൽ വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി.

03 ഉച്ചയ്ക്ക് നടവയൽ ഇടവകയിൽവച്ച് നടന്ന ബൈബിൾ കൺവെൻഷനിൽ വി. കുർബാന അർപ്പിച്ച് കൺവെൻഷൻ ഉദ്ഘാടനം ചെയ്തു.

04 രാവിലെ കാർത്തികപുരം ഇടവകയിലെ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യസ്വീകരണത്തിന് കാർമികത്വം വഹിച്ചു.

05 രാവിലെ തലശ്ശേരിയിൽ ബഹു. ജോൺ മുല്ലക്കര അച്ചന്റെ മൃതസംസ്കാര ശുശ്രൂഷയിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം വിളമന ഇടവകയിലെ കുറുമുട്ടം തോമസ്-മേരി ദമ്പതികളുടെ വിവാഹ സുവർണ്ണ ജൂബിലിക്ക് വി. കുർബാന അർപ്പിച്ച് വചനസന്ദേശം നൽകി, ഭവനത്തിൽ വച്ച് നടന്ന ചടങ്ങിൽ പങ്കെടുക്കുകയും ചെയ്തു.

06 രാവിലെ പേരട്ട ഇടവകയിൽ നടന്ന കുന്നോത്ത് ഫൊറോനായിലെ എയ്ഞ്ചൽസ് മീറ്റിലും ഉച്ചകഴിഞ്ഞ് മണിക്കടവിൽ നടന്ന എയ്ഞ്ചൽസ് മീറ്റിലും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

07 രാവിലെ രാജമുടി ഇടവകയിലെ മംഗലത്തിൽ ജോസഫ്-മേരി ദമ്പതികളുടെ വിവാഹത്തിന്റെ 70-ാം വാർഷികത്തിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നല്കുകയും മീറ്റിംഗിൽ സംബന്ധിക്കുകയും ചെയ്തു. വൈകുന്നേരം പെരിങ്കരി ഇടവകയിൽ കല്ലുങ്കൽ മെൽവിന്റെയും കുറുമുട്ടം ഐശ്വര്യയുടെയും വിവാഹം ആശിർവദിച്ചു.

08 രാവിലെ കോഴിക്കോട് പാറോപ്പടിയിൽ വച്ച് നടന്ന എം.എസ്.എം.ഐ. കോഴിക്കോട് പ്രൊവിൻസിലെ സിസ്റ്റേഴ്സിന്റെ രജത-സുവർണ്ണ ജൂബിലി ആഘോഷത്തിൽ കാർമികത്വം വഹിച്ചു.

09 രാവിലെ ചെമ്പേരിയിൽ നടന്ന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

10 രാവിലെ നെല്ലിക്കുറ്റിയിൽ വച്ച് നടന്ന തലശ്ശേരി എം.എസ്.എം.ഐ. പ്രൊവിൻസിലെ സിസ്റ്റേഴ്സിന്റെ രജത ജൂബിലി ആഘോഷത്തിൽ കാർമികത്വം വഹിച്ചു. വൈകുന്നേരം നിർമ്മലഗിരി ഇടവകയിലെ കുട്ടികളുടെ

ആഘോഷമായ ദിവ്യാകാരുണ്യ സ്വീകരണത്തിന് മുഖ്യകാർമികത്വം വഹിച്ചു.

11 രാവിലെ എടൂരിൽ നടന്ന ഏഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. വൈകുന്നേരം അങ്ങാടിക്കടവ് വി. അന്തോണീസിന്റെ കപ്പേളയിൽ തിരുനാളിൽ വി. കുർബാന അർപ്പിച്ച് വചന സന്ദേശം നൽകി.

14 രാവിലെ ചെറുപാറ ഇടവകയിൽ വച്ച് നടന്ന മേരിഗിരി ഫൊറോനായിലെ എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചയ്ക്ക് മേരിഗിരി ഇടവകയിൽ ബഹു. ബോബി വട്ടമല അച്ചന്റെ 41-ാം അനുസ്മരണത്തിന്റെ വി. കുർബാന അർപ്പണത്തിന് നേതൃത്വം നൽകി.

15 ഉച്ചയ്ക്ക് മുൻപ് കാലാങ്കി ഇടവകയിലെ ചക്കിട്ടമുറി നിയോൺ തോമസ് റോബിന് പ്രാരംഭകൂദാശകൾ നൽകി.

17 ഉച്ചയ്ക്ക് മുൻപ് വെള്ളാട് ഇടവകയിൽ സി. ഷീജ ബി.എസ്. പുതുവാക്കരയുടെ രജത ജൂബിലി ആഘോഷത്തിനും പുതുവാക്കര ചാക്കോച്ചൻ-ഏലിയാമ്മ ദമ്പതികളുടെ വിവാഹത്തിന്റെ സുവർണ്ണ ജൂബിലി ആഘോഷത്തിനും വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

18 രാവിലെ പരപ്പ ഇടവകയിൽ നടന്ന വെള്ളരിക്കുണ്ട് ഫൊറോനയിലെ ഏഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

19 രാവിലെ തൊക്കിലങ്ങാടി എസ്.എച്ച്. ഹോസ്പിറ്റലിന്റെ ചാപ്പലിൽ വി. കുർബാന അർപ്പിച്ചു. വൈകുന്നേരം മാനന്തവാടി രൂപത ഒണ്ടയങ്ങാടി ഇടവകയിലെ മഠത്തിപ്പറമ്പിൽ മൃദു സെബാസ്റ്റ്യന്റയും കൈയിരിക്കുമ്പടവിൽ ലിയ മാത്യുവിന്റെയും വിവാഹം ആശീർവദിച്ചു.

20 ഉച്ചയ്ക്ക് മുൻപ് ചായ്യോത്ത് ഇടവകയിലെ വടക്കേത്തൊട്ടിയിൽ കുര്യൻ-ബ്രിജിത്ത ദമ്പതികളുടെ മകൻ കുര്യന് പ്രാരംഭകൂദാശകൾ നൽകി.

21 രാവിലെ കുന്നോത്ത് റീജണൽ ബിഷപ്പ് ഹൗസിൽ സേവനമനുഷ്ഠിച്ചിരുന്ന സി. മെർലിൻ എൻ.എസ്-നെ പുതിയ സേവനരംഗമായ വെണ്ണക്കല്ലിൽ കൊണ്ടുചെന്നാക്കി. വൈകുന്നേരം കിളിയന്തറ എസ്.എ.ബി.എസ്. പ്രൊവിൻഷ്യൽ ഹൗസിൽ സി. ജെനവീവ് പെരുമ്പ്രായിൽ എസ്.എ.ബി.എസ്.-ന്റെ മൃതസംസ്കാര ശുശ്രൂഷയിൽ നേതൃത്വം വഹിച്ചു.

22 ഉച്ചയ്ക്ക് മുൻപ് മാനന്തവാടി രൂപതയിൽ നിര്യാതനായ ബഹു. അനൂപ് കൊല്ലംകുന്നേൽ അച്ചനുവേണ്ടി ദ്വാരകയിൽ ചെന്നു പ്രാർത്ഥിച്ചു. തുടർന്ന് നടവയലിൽ വെച്ച് കുന്നത്ത് സിവിൻ ജോസും പറപ്പള്ളി ടിങ്കിൾ മാത്യുവും തമ്മിലുള്ള വിവാഹ വാഗ്ദാനത്തിന് കാർമികത്വം വഹിച്ചു.

23 രാവിലെ ചെമ്പന്തൊട്ടിയിൽ നടന്ന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

24 രാവിലെ നെല്ലിക്കാംപൊയിലിൽ നടന്ന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. ഉച്ചയ്ക്ക് മാങ്ങോട് ഇടവകയിലെ ഗസേര

മഗ്ദലിന് പ്രാരംഭകൂദാശകൾ നൽകി. വൈകുന്നേരം മണിക്കടവിൽ വച്ച് മി. പി.എം. ജോൺ രചിച്ച 'മണിക്കടവും സപ്തസഹോദരിമാരും' എന്ന പുസ്തകത്തിന്റെ പ്രകാശനകർമ്മം നിർവഹിച്ചു.

25 ഉച്ചകഴിഞ്ഞ് കോഴിക്കോട് രൂപതയെ അതിരൂപതയായി ഉയർത്തുന്ന കർമ്മത്തിലും അഭിവന്ദ്യ ചക്കാലക്കൽ മെത്രാപ്പോലീത്തയുടെ സ്ഥാനാരോഹണ കർമ്മത്തിലും പങ്കെടുത്തു.

26 രാവിലെ കുന്നോത്ത് ഗുഡ് ഷെപ്പേർഡ് സെമിനാരിയിൽ നവീകരിച്ച അടുക്കളയുടെ വെഞ്ചിരിപ്പ് നിർവഹിച്ചു. ഉച്ചയ്ക്ക് മുൻപ് മാനന്തവാടി സിഎംസി പ്രൊവിൻസിലെ സിസ്റ്റേഴ്സിന്റെ നടവയലിൽ വച്ച് നടന്ന രജത ജൂബിലി ആഘോഷത്തിൽ കാർമികത്വം വഹിച്ചു.

27 രാവിലെ പേരാവൂരിൽ നടന്ന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

28 രാവിലെ പൈസക്കരിയിൽ നടന്ന എയ്ഞ്ചൽസ് മീറ്റിൽ വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി.

29 രാവിലെ മാനന്തവാടി രൂപതയിലെ വെള്ളാട് ഇടവകയിലെ കുട്ടികളുടെ ആഘോഷമായ ദിവ്യകാരുണ്യ സ്വീകരണത്തിന് കാർമികത്വം വഹിച്ചു. വൈകുന്നേരം മാനന്തവാടി രൂപതയിലെ ആറാട്ടുതറ ഇടവകയിലെ ഇളപ്പുപ്പാറ അപ്പച്ചന്റെ ഭവനം വെഞ്ചരിച്ചു.

31. ഉച്ചകഴിഞ്ഞ് വിളക്കന്നൂരിൽ വച്ച് നടന്ന വി. കുർബാനയുടെ അത്ഭുത പ്രഖ്യാപന കർമ്മത്തിൽ സംബന്ധിച്ചു

---

**JUNE 2025**

# ENGAGEMENTS

## ARCHBISHOP EMERITUS GEORGE NJARALAKATT

| | | | |
|---|---|---|---|
| 01 | 04:00 pm | - | First Communion, Kottiyoor |
| 05 | 10:30 am | - | Academic year inauguration, Mattannoor |
| 08 | 06:00 am | - | Baptism, Chempanthotty |
| 09 | 09:45 am | - | Academic year inauguration, Benhill, Kunnoth |
| 14 | 11:00 am | - | Baptism, Vembua |
| 21 | 11:30 am | - | Betrothal, Kallar |
| 28 | 11:00 am | - | Festal Mass, Dwaraka |

**Secretary to the Archbishop Emeritus**

വന്ദ്യപിതാവിന്റെ ഡയറിയിൽനിന്ന്

## മാർ ജോർജ് വലിയമറ്റം

**ഏപ്രിൽ 2025**

23 രാവിലെ തലശ്ശേരി കത്തീഡ്രൽ പള്ളിയിൽ കുർബാന അർപ്പിച്ചു.

30 ചെറുപാറയിൽ വച്ച് സി. സുമ എം.എസ്.എം.ഐ.-യുടെ ബന്ധുവിന്റെ മൃതസംസ്ക്കാര ശുശ്രൂഷയിൽ പങ്കെടുത്തു.

**മെയ് 2025**

01 രാവിലെ ചുങ്കക്കുന്ന് വെച്ച് നടന്ന കല്യാണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു. വൈകിട്ട് ജോസ്ഗിരിയിൽ വച്ച് നടന്ന ജൂബിലിയിൽ പങ്കെടുത്തു.

04 രാവിലെ നിർമ്മലഗിരിയിൽ വച്ച് നടന്ന മാമോദിസയിൽ പങ്കെടുത്തു.

05 രാവിലെ പോത്തുകുഴിയിൽ വച്ച് നടന്ന കല്യാണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

08 രാവിലെ എരൂതിൽ നടന്ന ഫാ. മാത്യു പുള്ളോലിക്കലിന്റെ മൃതസംസ്ക്കാരശുശ്രൂഷയിൽ പങ്കെടുത്തു.

വൈകുന്നേരം സന്ദേശഭവനിൽ വച്ച് നടന്ന അച്ചന്മാരുടെ യാത്രയയപ്പ് സമ്മേളനത്തിൽ പങ്കെടുത്തു.

09 നിർമലഗിരിയിൽ വച്ച് നടന്ന ജൂബിലി കുർബാനയിൽ പങ്കെടുക്കുകയും അവിടുത്തെ സെമിത്തേരി സന്ദർശിക്കുകയും ചെയ്തു.

10 രാവിലെ വേനപ്പാറയിൽ വച്ച് നടന്ന ആദ്യകുർബാന സ്വീകരണത്തിൽ മുഖ്യകാർമികത്വം വഹിച്ചു.

12 രാവിലെ ചെറുപുഴയിൽ വെച്ച് നടന്ന ഏഞ്ചൽസ് മീറ്റിൽ പങ്ക് എടുക്കുകയും വി. കുർബാന അർപ്പിക്കുകയും ചെയ്തു.

17 രാവിലെ മേരിഗിരിയിൽ വെച്ച് നടന്ന ആദ്യകുർബാന സ്വീകരണത്തിന് മുഖ്യകാർമ്മികത്വം വഹിച്ചു.

18 രാവിലെ ചുണ്ടപ്പറമ്പിൽ വച്ച് നടന്ന മാമ്മോദീസായിൽ മുഖ്യകാർമ്മികത്വം വഹിക്കുകയും പിന്നീട് വീട് വെഞ്ചരിച്ച് പ്രാർത്ഥിക്കുകയും ചെയ്തു.

# നന്ദിയോടെ .....



സ്തുത്യർഹമായ
അജപാലനശുശ്രൂഷയിലൂടെ
തലശ്ശേരി അതിരൂപതയുടെ
വളർച്ചയിൽ വിസ്മരിക്കാനാവാത്ത
സംഭാവനകൾ നൽകി
വിശ്രമജീവിതത്തിനായി
കരുവഞ്ചാൽ ശാന്തിഭവനിൽ എത്തിയ



**ബഹു. തോമസ് നീണ്ടൂരച്ചനും, ബഹു. ജേക്കബ് പുളിക്കകുന്നേലച്ചനും**

**ഹൃദയം നിറഞ്ഞ നന്ദി.**

**അനുഗൃഹീതമായ വിശ്രമകാലം ആശംസിക്കുന്നു.**

## നവ സന്യാസിനിമാർക്ക് അഭിനന്ദനങ്ങൾ



Rev. Sr. Roshni Robert S H



Rev. Sr. Juwel Maria CMC



Rev. Sr. Ann Mary CMC



Rev. Sr. Rejeena Mary CMC



Rev. Sr. Evelin Maria SABS



Rev. Sr. Lina Rose SABS



Rev. Sr. Gloriya SABS

RNI Reg. No. 5910 Date of Publication: 28/05/2025
Registered KL/TLY/20/25-27
Licensed to post without prepayment of postage
No. KL/PMG/NR/WPP/2/TLY/2025-27
വാല്യം : 08 ലക്കം : 06 വില : ₹10

ജൂൺ 13 വി. അന്തോണീസ്



Published & Printed by Fr. Sajan George Thengumpally on
behalf of Fr. Jacob Narikuzhy. Printed at Vimala Offset Press, Thalassery.
Published from Archbishop's House, Hollow Way Road, Thalassery - 670 101.
Editor- Fr. Sajan George Thengumpally.